# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | വിദ്യാഭ്യാസത്തിന്റെ പ്രയോജനം — കെ. ആർ. കൃഷ്ണപിള്ള, ബി. ഏ., ബി. എൽ. | 323 |
| 2. | തഞ്ചാവൂർ ക്ഷേത്രം:—ശ്രീവർദ്ധനത്തു് എൻ. കൃഷ്ണപിള്ള, എം. ഏ. | 333 |
| 3. | കിമപികാവ്യം :—പി. കെ. നാരായണപിള്ള, ബി. ഏ , ബി. എൽ. | 337 |
| 4. | പാണിനി ആചാൎയ്യൻ:—വി. ശങ്കരയ്യർ എം. ഏ., എൽ. ററി. | 346 |
| 5. | പേടികാ സന്ന്യാസി (ഏകാങ്ക സംഗീത നാടകം):—വി. കൃഷ്ണൻതമ്പി, ബി. ഏ. | 352 |
| 6. | യവദ്വീപം:—പി. അനന്തൻപിള്ള, എം. ഏ. | 360 |
| 7. | വീരരാഘവപ്പട്ടയം:— i കെ. എൻ. ഡാനിയൽ; ii എം. ആർ. ബാലകൃഷ്ണവാൎയ്യർ, എം. ഏ. | 362 |
| 8. | ഗ്രന്ഥനിരൂപണം. | 376 |
| 9. | പത്രാധിപക്കുറിപ്പുകൾ. | 378 |
| 10. | ഉപക്രമം:—പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ. | 382 |
| 11. | മുദ്രമോതിരം (ചെറുകഥ) :—ആയാംകുടി. പി. ആർ. ശങ്കരപ്പിള്ള | 387 |
| 12. | പ്രാചീനദേശസംജ്ഞാകോശം:—പി. അനന്തൻപിള്ള, എം. ഏ. | 394 |

# സഹൃദയ

പുസ്തകം ൧. | മകരം ൧൧൧൧. | ലക്കം ൫.


## വിദ്യാഭ്യാസത്തിൻെറ പ്രയോജനം.

കെ. ആർ. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.

കൃതവിദ്യരായ നമ്മുടെ ചെറുപ്പക്കാൎക്കു ഗവർണ്മെൻറുസർവീസിൽ പ്രവേശനം ദുർല്ലഭമായിത്തീൎന്ന കാലംമുതൽ വിദ്യാഭ്യാസത്തിൻെറ പ്രയോജനത്തെക്കുറിച്ചു പ്രസംഗവേദികളിലും പത്രപംക്തികളിലും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന അഭിപ്രായങ്ങൾ കേൾക്കുമ്പോൾ മിഥ്യാബോധത്താൽ ഇത്രമാത്രം ആക്രാന്തമായ വിഷയം മറേറതെങ്കിലും ഉണ്ടോ എന്നു ചിലരെങ്കിലും സംശയിക്കാതിരിക്കയില്ല. “ഉപജീവനത്തിന് ഒരു വിധത്തിലും ഉപയുക്തമല്ലാത്ത ഈ നശിച്ച വിദ്യാഭ്യാസത്തെ— ഈ ശപ്ത വിദ്യാഭ്യാസത്തെ – എത്രനേരത്തേ കുഴിച്ചു മൂടുന്നുവോ അത്രത്തോളം ജനങ്ങൾക്കു ക്ഷേമോദയം ഉണ്ടാകുന്നതാണ്. വിദ്യാഭ്യാസമെന്ന പേരിൽ നടത്തപ്പെടുന്ന ഈ സാഹിത്യാർണ്ണവമഥനം കൊണ്ടു കാളകൂടമല്ലാതെ കല്പവൃക്ഷമോ കാമധേനുവോ നമുക്കു ലഭിക്കുന്നില്ല. പീയൂഷലാഭത്തിൻെറ കാര്യമോ പറയേണ്ടതില്ലല്ലോ. ഇതു നിമിത്തം മാതാപിതാക്കന്മാർ ദാരിദ്ര്യഗർത്തത്തിൽ പതിക്കുന്നു. വകയ്ക്കു കൊള്ളരുതാതെ തീൎന്ന അവരുടെ സന്താനങ്ങൾക്ക് ഈ വിദ്യാഭ്യാസം ഉഴലൂരിലേക്കുള്ള പാസ്പോർട്ടെന്നു വേണം പറയാൻ. നാട്ടിലെ തൊഴിലില്ലായ്മയ്ക്കു മുഖ്യകാരണമായ ഈ വിദ്യാഭ്യാസത്തെ വലിച്ചെറിഞ്ഞു, സാങ്കേതികവിദ്യാലയങ്ങൾ ഏൎപ്പെടുത്തി ചെറുപ്പക്കാരെ തൊഴിലുകളിൽ പരിശീലിപ്പിക്കാതെയിരിക്കുന്നതു ഗവണ്മെൻറിൻെറ പേരിൽ അക്ഷന്തവ്യമായ അപരാധമാകുന്നു” ഇപ്രകാരമോ ഇതിനേക്കാൾ കർക്കശമോ ആണ് ഇന്നത്തെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അധിക്ഷേപം. ചില പണ്ഡിതന്മാരും അവരെ അനുകരിച്ച് അസംഖ്യം പണ്ഡിതമ്മന്യന്മാരും ഉപന്യസിക്കാറുള്ള ഈ അഭിപ്രായങ്ങൾ കേട്ടാൽ വിദ്യാഭ്യാസത്തിൻെറ പ്രഥമവും പ്രധാനവുമെന്നല്ല, ഏകമായ ഉദ്ദേശവും ഉദരപൂരണമാണെന്നു സാധാരണന്മാർ ഗ്രഹിച്ചു പോകുന്നതിൽ അത്ഭുതമില്ല. ഈ ബോധത്തിൻെറ സാധുതയെപ്പററി അല്പം ചിന്തിക്കേണ്ടതല്ലയോ?

കുക്ഷിഗർത്തം ശൂന്യമായിരിക്കുമ്പോൾ ശാകുന്തളം വായിച്ചു രസിക്കാനോ ശാസ്ത്ര

രഹസ്യങ്ങൾ അന്വേഷിക്കാനോ ആൎക്കും സാധിക്കുകയില്ലന്നത്രേ ഇവരുടെ അശ്രാന്തമായ പല്ലവി. സൎവ്വസമ്മതമായ ഈ പ്രസ്താവത്തോടു് ആൎക്കും പരിഭവമോ വിപ്രതിപത്തിയോ ഉണ്ടെന്നു തോന്നുന്നില്ല. പക്ഷേ വയറു നിറച്ചുകഴിഞ്ഞാൽ മനുഷ്യനു ലഭിക്കേണ്ടതെല്ലാം തികഞ്ഞു് അവൻ കൃതാൎത്ഥനാകുമോ? അങ്ങനെ വിചാരിക്കുന്നതു പക്ഷിമൃഗാദികളുടെ സ്വഭാവമല്ലേ? കണ്ടതെല്ലാം ചെലുത്തി വീൎപ്പിച്ച വയറിനെ താങ്ങിക്കൊണ്ടുപോകുവാൻ മാത്രം നമ്മുടെ രണ്ടു കാലിനു പകരം നാലുകാൽ ഉപയോഗിക്കുന്ന നാല്ക്കാലിയെപ്പോലെയല്ലല്ലോ മനുഷ്യന്റെ സ്ഥിതി. ആഹാരംകൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു്—മനുഷ്യൻ മനുഷ്യനായി ജീവിക്കുന്നതു്, എന്നു രണ്ടായിരംവൎഷംമുമ്പു് ഒരു തത്വജ്ഞൻ പറഞ്ഞിട്ടുള്ളതു് ഇന്നും പരമാൎത്ഥമത്രേ.

മനുഷ്യനിലുള്ള സദ്ഗുണങ്ങളെ പോഷിപ്പിച്ചും ദുൎഗ്ഗുണങ്ങളെ നശിപ്പിച്ചും അവനെ പരിപൂൎണ്ണമനുഷ്യനാക്കിത്തീൎക്കുകയാണു് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. "സ്വാൎത്ഥമായും പരാൎത്ഥമായും ഉള്ള എല്ലാ ലൗകികകൃത്യങ്ങളേയും ന്യായത്തോടും സാമൎത്ഥ്യത്തോടും ധീരോദാത്തതയോടും കൂടി നിൎവ്വഹിക്കാൻ യാതൊന്നാണോ മനുഷ്യനെ ശക്തനാക്കിത്തീൎക്കുന്നതു്, അതിനെയാണു് ഞാൻ പൂൎണ്ണമായ വിദ്യാഭ്യാസമെന്നു പറയുന്നതു്" എന്നിങ്ങനെ ഒരു മഹാൻ വിദ്യാഭ്യാസത്തെ നിൎവ്വചിക്കുന്നു. അങ്ങനെയുള്ള കൃത്യനിൎവ്വഹണത്തിനു് അവശ്യസാധനങ്ങളായ ബുദ്ധിവികാസത്തെയും സ്വഭാവസംസ്കാരത്തെയും സമാൎജ്ജിക്കയത്രേ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. സത്യം, സമദൃഷ്ടി, ആൎജ്ജവം, ഭൂതദയ മുതലായി എത്രയെത്ര സദ്ഗുണങ്ങളെ വശപ്പെടുത്തി ദൃഢീകരിച്ചാലാണു്, സ്വാൎത്ഥവും പരാൎത്ഥവുമായ കൃത്യങ്ങളെ യഥാവിധി നിൎവ്വഹിച്ചു്, ഗൃഹത്തിലും സമുദായത്തിലും രാഷ്ട്രത്തിലും രമ്യമായ ജീവിതം നയിക്കാൻ ഒരു മനുഷ്യൻ ശക്തനായിത്തീരുക! സാങ്കേതിക വിദ്യാഭ്യാസംകൊണ്ടോ തൊഴിലുകൾ പഠിച്ചതുകൊണ്ടോ ഈ ഗുണങ്ങളൊന്നും ഒരുവനുണ്ടാകയില്ലെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം വിദ്യാൎത്ഥികളെ ജീവിതത്തിനു തയ്യാറാക്കുകയാണെന്നുള്ളതും ആൎക്കും വിസംവദിക്കാൻ അവകാശമില്ലാത്ത ഒരു പരമാൎത്ഥം തന്നെ എങ്കിലും ഈ സാമാന്യ വചനത്തിന്റെ അൎത്ഥം ഒന്നുകൂടി വിശദമാക്കേണ്ടിയിരിക്കുന്നു. എന്തെങ്കിലും തൊഴിലിൽ പ്രവേശിച്ചു ജീവിതം നയിക്കാൻ വിദ്യാൎത്ഥികൾക്കു കഴിവുണ്ടാകണമെന്നുള്ള അൎത്ഥമാണു വിവക്ഷിതമെങ്കിൽ സാങ്കേതിക വിദ്യാഭ്യാസം തന്നെയാണു് അതിനു് അധികം ഉപയുക്തമായുള്ളതു്. എന്നാൽ "പണ്ഡിത"ന്റെ ലക്ഷണങ്ങളെ വിദുരൻ വിവരിക്കുന്നതായി (മഹാഭാരതം കിളിപ്പാട്ടു്) ഉദ്യോഗപൎവ്വത്തിലുള്ള വരികളെ അനുസ്മരിക്കണമെന്നു് ഈ പ്രകൃതത്തിൽ വായനക്കാരോടപേക്ഷിച്ചുകൊള്ളട്ടെ. അതിനെക്കാൾ ഭംഗിയായി എനിക്കു പറക വയ്യാ. അപ്രകാരം പ്രശാന്തഗംഭീരവും നിതാന്തസുന്ദരവുമായ ജീവിതത്തിനു വിദ്യാൎത്ഥികളെ ഒരുക്കണമെന്നാണു് വിവക്ഷിതാൎത്ഥമെന്നത്രേ ഞാൻ ഗ്രഹിച്ചിട്ടുള്ളതു്. ഈ ആദൎശസാധകമായ മനഃസംസ്കാരമാണു് എതുകാലത്തും യഥാൎത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായിരുന്നിട്ടുള്ളതും, കണ്ടതിനും കേട്ടതിനും

സകല കാര്യങ്ങൾക്കും മാത്രമല്ല സകലകളികൾക്കും—പുസ്തകങ്ങൾ അവതരിച്ചുതുടങ്ങിയതു് ഈ അടുത്തകാലത്താണല്ലോ. മനുഷ്യവർഗത്തിന്റെ പുരോഗതിക്കു് ഉപയുക്തങ്ങളായ നാനാവിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനം അത്ഭുതപൂർവ്വമായി വർദ്ധിക്കയും അതെല്ലാം പൂർവ്വകാലങ്ങളിലെപ്പോലെ ധാരണയിൽ സാംഗ്രഹിച്ചുവയ്ക്കാൻ അശക്യമായിത്തീരുകയും ചെയ്തതത്രേ ഈ ഗ്രന്ഥബഹുലതയുടെ മുഖ്യകാരണം. ഇക്കൂട്ടത്തിൽ അത്ഥാർജ്ജനത്തിനായി മനുഷ്യൻ കൈക്കൊള്ളാറുള്ള ഒട്ടെല്ലാ തൊഴിലുകളേയും അധികരിച്ചു പുസ്തകങ്ങൾ ആവിർഭവിക്കയാൽ അങ്ങനെയുള്ള തൊഴിലുകൾ സാങ്കേതികവിദ്യാലയങ്ങളിൽ അധ്യയനവിഷയമായിത്തീൎന്നു. ഇതു് അത്യന്തം കാമ്യമായ അവസ്ഥയാണെന്നുള്ളതിനു സംശയമില്ല. ജഡത്തെ പോഷിപ്പിച്ചും ആത്മാവിനെ ശോഷിപ്പിച്ചും—വ്യക്തികളും സമുദായങ്ങളും രാഷ്ട്രങ്ങളും പരസ്പരം ഹിംസിച്ചുപോലും—പ്രാപഞ്ചിക സുഖങ്ങളെ അനുഭവിക്കാനുള്ള തൃഷ്ണ അനുദിനം വദ്ധിച്ചുവരുന്ന ഇക്കാലത്തു് ഇങ്ങനെയുള്ള വിദ്യാഭ്യാസം തന്നെ സർവ്വോത്തരമെന്നു തോന്നിയാൽ അതു അത്ഭുതമെന്നു വിചാരിക്കാനില്ല. എങ്കിലും ആ നവീനാശയത്തിന്റെ ആവിർഭാവത്തിനു വളരെ മുമ്പും വിദ്യാഭ്യാസം ഉണ്ടായിരുന്നു എന്നും കൃതവിദ്യരുടെ വൃത്തിലാഭത്തിനു് അവരുടെ വിജ്ഞാനം ഏറെക്കുറെ പ്രയോജകമായിരുന്നിരിക്കാമെങ്കിലും ആഹാരസമ്പാദനം വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശമായി ഗണിക്കപ്പെട്ടിരുന്നില്ലെന്നും നമുക്കൂഹിക്കാമല്ലോ.

ബുദ്ധിവികാസവും സ്വഭാവസംസ്കരണവും തന്നെ ആയിരുന്നു അക്കാലത്തു വിദ്യാഭ്യാസത്തിന്റെ പ്രഥമവും പരമവുമായ ഉദ്ദേശം. ലോകത്തെക്കുറിച്ചും സാമുദായിക ജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കാവുന്ന വിവിധപ്രശ്നങ്ങളെക്കുറിച്ചും യുക്തിപൂർവം വിചിന്തനം ചെയ്തു് യഥായോഗ്യം പ്രവർത്തിക്കാൻ തക്കവണ്ണം ബുദ്ധിശക്തിയെ പോഷിപ്പിക്കുക, സമുദായത്തിൽ മധുരമായും രമ്യമായും പെരുമാറാൻ തക്കവണ്ണം സ്വഭാവത്തെ പരിഷ്കരിക്കുക, ലോകത്തിലെ നന്മയേയും സൗന്ദര്യത്തേയും അഭിനന്ദിക്കാനും തിന്മയേയും വൈകൃതത്തേയും പരിവജ്ജിക്കാനും ശീലിക്കുക—ഇങ്ങനെ പലതാണു് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. ഈ വക ഗുണങ്ങൾ സമ്പാദിച്ചിട്ടുള്ളവരെയാണു സംസ്കൃതചിത്തന്മാരെന്നു പറയുന്നതു്. ഈ സംസ്കാരം തന്നെയാണു് ഇന്നുവരെയും വിദ്യാഭ്യാസത്തിന്റെ പരമപ്രയോജനമായിരുന്നിട്ടുള്ളതു്. മേലാൽ അങ്ങനെതന്നെ ഇരിക്കയും വേണം. പാഠശാലയിൽ പഠിച്ചതെല്ലാം മറന്നതിന്റെ ശേഷം—അതെല്ലാം മനസ്സിന്റെ പിൻവശത്തു് ഒതുങ്ങിയതിന്റെ ശേഷം—മുൻവശത്തു തെളിഞ്ഞു പ്രകാശിക്കുന്നതാണു വിദ്യാഭ്യാസം അഥവാ സംസ്കാരമെന്നു മറെറാരു മഹാൻ നിർവചിച്ചിട്ടുള്ളതു് എത്രയോ അത്ഥഗർഭമായിരിക്കുന്നു!

ഒന്നുനോക്കുക. അധഃകൃതരെന്നും ഹരിജനങ്ങളെന്നും വിദ്യാവിഷയത്തിൽ പിൻപന്തിക്കാരെന്നും മററും ഗണിക്കപ്പെട്ടുന്ന സമുദായങ്ങൾക്കു വിദ്യാഭ്യാസം നല്കാൻ നിരന്തരശ്രമം ഇപ്പോൾ നടക്കുന്നുണ്ടല്ലോ. ഇവരിൽ മിക്ക വർഗ്ഗക്കാരും ജന്മസിദ്ധമെന്നപോലെ ഓരോ തൊഴിലുകൾ

ഉള്ളവരാണ്. ആ തൊഴിലുകൾ ഇന്നത്തെക്കാൾ സമർത്ഥമായും വെടിപ്പായും ചെയ്യാൻ, വേണമെങ്കിൽ പുസ്തകത്തിന്റെ സഹായത്തോടുകൂടി, അവരെ ശീലിപ്പിച്ചാൽ മതിയാകുമോ? വിദ്യാവിഹീനരും അപഥചാരികളും കലഹപ്രിയരുമായ മററു ചില വർഗ്ഗക്കാരെ സന്മാർഗ്ഗത്തിൽ നയിക്കാൻ അവർക്കു വിദ്യാഭ്യാസം നല്കണമെന്നു പറയുന്നവർ സാങ്കേതിക വിദ്യാഭ്യാസത്തെയാണോ ഉദ്ദേശിക്കുന്നതു്? ബുദ്ധിവികാസത്തിനും സ്വഭാവസംസ്കാരത്തിനും സാങ്കേതിക വിദ്യാഭ്യാസമല്ല, സാമാന്യവിദ്യാഭ്യാസം തന്നെയാണു വേണ്ടതെന്നും സാമാന്യവിദ്യാഭ്യാസത്തിന്റെ പ്രയോജനം ഇവരണ്ടും തന്നെയെന്നുമത്രേ ഇതിന്റെയെല്ലാം അർത്ഥം. ഒരുരാജ്യത്തെ ജനങ്ങളെല്ലാം സാങ്കേതികജ്ഞാനം സമ്പാദിച്ചു വ്യവസായവാണിജ്യാദികളിൽ മാത്രം നിപുണന്മാരായി വർത്തിച്ചാൽ അവരുടെ പരിഷ്കാരനില എന്തായിത്തീരുമെന്നു് ആലോചിച്ചുനോക്കുക.

സാമാന്യവിദ്യാഭ്യാസം വിശിഷ്ടം തന്നെ എന്നു സമ്മതിച്ചേക്കാം; എങ്കിലും ഇന്നു് അതിന്റെ ആഹാരപ്രയോജനം തുച്ഛമായിത്തീർന്നിരിക്കുന്നു; അതിനാൽ സാമന്യവിദ്യാഭ്യാസം കുറച്ചെല്ലാം കഴിച്ചിട്ടു ചെറുപ്പക്കാർ സാംകേതികാഭ്യാസത്തിൽ പ്രവേശിക്കട്ടെ എന്നാണോ? അങ്ങനെ പറയണമെന്നില്ല. സാമാന്യവിദ്യാഭ്യാസം നല്ലതാണെങ്കിൽ അതു് എത്രതന്നെ ലഭിച്ചാലുംഅധികമായിപ്പോകയില്ല. കഴിവുള്ളവരെല്ലാം സമ്പൂർണ്ണമായ സ്കൂൾ വിദ്യാഭ്യാസവും അനന്തരം യൂണിവർസിററിയിൽ ചേർന്നു് ഉൽകൃഷ്ടവിദ്യാഭ്യാസവും സമ്പാദിക്കണമെന്നാണ് എന്റെ പക്ഷം. ശ്രമവും വ്യയവും അതിമാത്രം വേണ്ടതായ ആ മാർഗ്ഗം അനുവർത്തിക്കാൻ ബുദ്ധിശക്തിയും ധനശക്തിയും ഇല്ലാത്തവർ മിതമായ സാമാന്യവിദ്യാഭ്യസത്തിനുശേഷം സാംകേതികവിജ്ഞാനം സമ്പാദിച്ചു് എന്തെങ്കിലും തൊഴിലുകളിൽ പ്രവേശിക്കേണ്ടതും അതുപോലെ തന്നെ അവശ്യകർത്തവ്യമത്രേ. അതിനു വേണ്ട സൗകര്യങ്ങളെല്ലാം ജനങ്ങളും ഗവണ്മെൻറും ചേർന്നു് ഉണ്ടാക്കിക്കൊടുക്കണമെന്നല്ലാതെ ഉൽകൃഷ്ടവിദ്യാഭ്യാസത്തെശപിക്കാനോ അതിന്റെ ഉദ്ദേശത്തെ വികൃതമായി വ്യാഖ്യാനിക്കാനോ കാരണം കാണുന്നില്ല.

വിദ്യാഭ്യാസത്തിന്റെ പ്രയോജനം ഉദ്യോഗലാഭമാണെന്നൊരു ഭ്രമം ജനങ്ങളുടെ മനസ്സിൽ ഉറച്ചുപോയിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. ഇതിന്റെ ഉത്ഭവം എങ്ങനെയെന്നു് അല്പം ആലോചിച്ചാൽ അറിയാവുന്നതാണ്. വിദ്യാഭ്യാസംകൊണ്ടു ബുദ്ധിസംസ്കാരം ലഭിച്ചവർക്കല്ലാതെ രാജ്യകാര്യങ്ങൾ നിപുണമായി നിർവ്വഹിക്കാൻ സാധിക്കുന്നതല്ല. ഏതു കാലത്തും ഏതു രാജ്യത്തിലും അന്നന്നത്തേ നിലയ്ക്കു വിദ്യാവിശാരദന്മാരായിരുന്നവരാണു ജനങ്ങളെ ഭരിച്ചിട്ടുള്ളതും. ഇങ്ങനെയല്ലാതെ അപൂർവ്വം ചില പുരുഷകേസരികൾ ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവർ ഉത്സർഗ്ഗത്തെ ബലപ്പെടുത്തുന്ന അപവാദങ്ങൾ മാത്രമേ ആകുന്നുള്ളു. യൂണിവർസിററിയിൽ നിന്നു് ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചവർ ഗവണ്മെൻറു സർവീസിന്റെ നാനാശാഖകളിൽ പ്രവേശിച്ചതിനുശേഷം തിരുവിതാംകൂറിൽ തന്നെ ഭരണരീതി എങ്ങനെ— എത്രശ്ലാഘ്യമായ വിധത്തിൽ—പരിവർത്തനം ചെയ്തു എന്നു

സാക്ഷ്യപ്പെടുത്താൻ കഴിയുന്ന ചിലർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടാവാം. പരേതരായ ചില മഹാന്മാർ അതിനെ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇപ്രകാരം മുൻകാലത്തു വിദ്യാഭ്യാസം കഴിഞ്ഞുവന്നവൎക്ക് അവരവരുടെ യോഗ്യതാനുസാരം ഉദ്യോഗശ്രേണിയുടെ ഓരോ പടികളിൽ ഉടനുടൻ സ്ഥാനങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ഏകദേശം അൻപതുവൎഷത്തോളമാണു കൃതവിദ്യരായയുവാക്കന്മാരെ സൗഭാഗ്യദേവത ഈ വിധം അനുഗ്രഹിച്ചിരുന്നതു്. പകൽ രാത്രിയെ എന്നപോലെ ഉദ്യോഗം വിദ്യാഭ്യാസത്തെ അനുഗമിക്കുന്നതായി ഈ കാലമെല്ലാം ജനങ്ങൾക്കു് അനുഭവപ്പെട്ടിരുന്നു. വിദ്യാൎജ്ജനത്തിന്റെ പ്രയോജനം ഉദ്യോഗലാഭമാണെന്നു നിൎണ്ണയിക്കാൻ സാമാന്യജനതയ്ക്കു് ഇതിൽ കവിഞ്ഞ് എന്തു ലക്ഷ്യമാണു വേണ്ടതു്? ഇതുയല്ലാതെ ഇങ്ങനെയൊരഭിപ്രായം ഗവൺമെൻറിനാകട്ടെ, വിദ്യാഭ്യാസവിദഗ്ദ്ധന്മാർക്കാട്ടെ ചിന്താശീലരായ അഭിജ്ഞന്മാൎക്കാകട്ടെ ഒരുകാലത്തും ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആഗന്തുകഫലമാണെങ്കിലും സൎക്കാരുദ്യോഗം ഏറെക്കുറെ കാമ്യമായ കാലക്ഷേപമാൎഗ്ഗമാണല്ലോ. എന്നാൽ ഇപ്പോൾ അതു ദുർല്ലഭമായിരിക്കുന്നതിനാലും സാരതരങ്ങളായ മററു കാരണങ്ങളാലും ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ച യുവാക്കന്മാർകൂടിയും സാങ്കേതികവിജ്ഞാനം സമ്പാദിച്ചു വ്യവസായ വാണിജ്യാദികളിൽ ഏൎപ്പെടുന്നതു് ഏററവും അഭിലഷണീയം തന്നെ. ഈ കാരണത്താൽ സംസ്കാരപരമായ വിദ്യാഭ്യാസം അനാവശ്യമെന്നും അതിന്റെ സ്ഥാനത്തിൽ സാങ്കേതികവിദ്യാഭ്യാസത്തെ പ്രതിഷ്ഠിക്കണമെന്നും വാദിക്കുന്നതു യുക്തിയുക്തമായിരിക്കയില്ല. അങ്ങനെ ഒരുകാലം വരുന്നതായാൽ അതു നമ്മുടെ സംസ്കാരത്തിന്റെ ശനിദശാരംഭമായിരിക്കും.

ഈസ്റ്റിൻഡ്യാ കമ്പനിക്കു ഗുമസ്തന്മാരെ സൃഷ്ടിക്കാൻ തുടങ്ങിയ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്നും പ്രതിവൎഷം കുറെ ഗുമസ്തന്മാരെ പ്രസവിക്കുന്നതല്ലാതെ ആ വിദ്യാഭ്യാസം കൊണ്ടു യാതൊരു ഗുണവുംസിദ്ധിക്കുന്നില്ലെന്നുചിലർ ക്ലാസിൽ കൂടാതെ പ്രസംഗവേദികളിൽ ഉൽഘോഷിക്കുന്നതു കേട്ടിട്ടുണ്ട്. ഇതുതന്നെയാണോ സത്യസ്ഥിതി? കമ്പനി കേവലം ഒരു വാണിജ്യസംഘമായിരുന്നപ്പോൾ ഈ ആവശ്യത്തിലേക്ക് അവർ കുറേ നാട്ടുകാരെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നിരിക്കാം. അഥവാ അതൊരു ഉപജീവനമാൎഗ്ഗമായി കണ്ടതിനാൽ കുറേ നാട്ടുകാർ ആ ഭാഷ പഠിച്ചിരുന്നിരിക്കാം. എന്നാൽ ഇൻഡ്യയിൽ കമ്പനിയുടെ രാജത്വം സുസ്ഥാപിതമായതിന്റെ ശേഷമാണ് ജനങ്ങളുടെ വിദ്യാഭ്യാസനിർവഹണത്തെ തങ്ങളുടെ കൎത്തവ്യമായി അവർ അംഗീകരിച്ചതു്. അപ്പോൾ ഇംഗ്ലീഷ്പഠിത്തം പ്രചരിപ്പിക്കാൻ അവർ പെട്ടെന്നു തീരുമാനിക്കയല്ല ഉണ്ടായതു്. ജനങ്ങൾക്കു സർവഥാ ശ്രേയസ്കരമായ വിദ്യാഭ്യാസം എങ്ങനെയുള്ളതെന്നു് ആലോചിച്ചു തീൎച്ചപ്പെടുത്താൻ അവർ ഒരു കമ്മിററിയെ നിയമിച്ചു. ഈ കമ്മിററി തുല്യബലമുള്ള രണ്ടുകക്ഷികളായിത്തിരിഞ്ഞു. സംസ്കൃതം, അറബി, പെർഷ്യൻ ഈ ഭാഷകൾ മുഖാന്തരം ജനങ്ങൾക്കു പൗരസ്ത്യവിദ്യാഭ്യാസം നല്കിയും ആ ഭാഷകളിൽ പുസ്തകങ്ങൾ നിൎമ്മിക്കാൻ പണ്ഡിതന്മാർക്കു്

ഉദാരമായ ധനസംഭാവന ചെയ്തും പൌരസ്ത്യവിജ്ഞാനത്തെ പോഷിപ്പിക്കാമെന്ന് ഒരു പക്ഷക്കാർ വാദിച്ചു. അങ്ങനെയല്ല ഇംഗ്ലീഷ് ഭാഷമുഖാന്തരം പാശ്ചാത്യസംസ്കാരത്തെ ഇൻഡ്യയിലേക്കു സംക്രമിപ്പിക്കണമെന്നു മറുപക്ഷക്കാരും. കക്ശമായ ഈ വാദം തീരുമാനിക്കാനെന്നപോലെ ഈ സന്മുഹൂർത്തത്തിൽ ഗവർണർജനറലിന്റെ മന്ത്രിസഭയിൽ ഒരംഗമായി പ്രസിദ്ധനായ മെക്കാളിപ്രഭു ഇൻഡ്യയിൽ വന്നുചേർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ ദൃഢമായി സ്ഥാപിച്ച് ൧൮൩൫-ൽ അദ്ദേഹം എഴുതിയ മിനിട്സ് പ്രസ്തുതവാദത്തെ അവസാനിപ്പിച്ചു. പാശ്ചാത്യസാഹിത്യം, ചരിത്രം, ശാസ്ത്രങ്ങൾ ഇവ അഭ്യസിപ്പിച്ചു ജനങ്ങൾക്കു ലൌകികജ്ഞാനവും ബുദ്ധിസംസ്കാരവും വർദ്ധിപ്പിക്കയാണ് നവീനവിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്നു വ്യക്തവും ശക്തവുമായ ഭാഷയിൽ അദ്ദേഹം പ്രതിപാദിച്ചിരുന്നു. സംസ്കൃതസാഹിത്യത്തെയും പൌരസ്ത്യസംസ്കാരത്തെയുംപററി അദ്ദേഹം എഴുതിയിട്ടുള്ള അധിക്ഷേപം കേവലം ബാലിശവും അദ്ദേഹത്തിന്റെ അജ്ഞതയുടെ ഫലവും ആയിരുന്നു. എങ്കിലും അദ്ദേഹം നിർദ്ദേശിച്ച പദ്ധതിയെ ശ്ലാഘിക്കതന്നെ വേണം. ഇരുപതു വർഷത്തോളം ഈ വിദ്യാഭ്യാസം സ്കൂൾവിദ്യാഭ്യാസത്തിന്റെ നിലയിൽ നടന്നുപോന്നു. ഹാലിഫാക്സ് പ്രഭുവിന്റെ ഊർജ്ജസ്വലമായ ശിപാർശയനുസരിച്ച് ൧൮൫൪-ൽ ഗവൺമെൻറ് ആദ്യത്തെ യൂണിവർസിററി നിയമം പാസാക്കുകയും അതിൻപ്രകാരം ൧൮൫൭-ൽ മദ്രാസിലും ബോംബേയിലും കൽക്കത്തായിലും യൂണിവർസിററികൾ സ്ഥാപിക്കയും ചെയ്തു. ജനങ്ങളുടെ വിജ്ഞാനാഭിവൃദ്ധിയെന്ന ഉദ്ദേശം ആ നിയമത്തിലും വ്യക്തമായി വിവരിച്ചിരുന്നു. ഈ വസ്തുതകളെ അറിയാതെയോ അവഗണിച്ചിട്ടോ, ഗുമസ്തന്മാരെജനിപ്പിക്കാൻ ഏർപ്പെടുത്തിയതാണ് ഇംഗ്ലീഷ് വിദ്യാഭ്യാസമെന്നു ശഠിക്കുന്ന ചിത്തവൃത്തിക്കു ചികിത്സയില്ലല്ലോ.

ഈ വിദ്യാഭ്യാസത്തിന്റെ പ്രശസ്തിയും സഫലതയും മദ്ധ്യാഹ്നസൂര്യനെപ്പോലെ സ്പഷ്ടമായി നമുക്കനുഭവപ്പെട്ടിരിക്കുന്നു. രാജ്യകാര്യനിർവഹണത്തിൽ ഇതുനിമിത്തം ഉണ്ടായിട്ടുള്ള നിപുണത, നീതിനിഷ്ഠ മുതലായ ലാഭങ്ങളെപ്പററി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. മനുഷ്യസാധാരണമായ ശീലവൈകല്യംനിമിത്തം ചില ധർമ്മവിലോപങ്ങൾ ഇന്നത്തെ ഉദ്യോഗസ്ഥന്മാർക്കും പററുന്നില്ലെന്നില്ല. എങ്കിലും പൂർവചരിത്രം അറിവുള്ളവർ അന്നത്തെയും ഇന്നത്തെയും സ്ഥിതികളെ താരതമ്യേന നിരൂപിക്കുമ്പോൾ ഇന്നത്തേ സ്ഥിതിക്കു വളരെ മെച്ചമുണ്ടെന്നു വിധിക്കാതിരിക്കയില്ല. അതിരിക്കട്ടെ. തൽക്കാലം അന്യഥാ അലഭ്യമായിരുന്നതും അതിവിപുലവുമായ വിജ്ഞാനസമ്പത്താണ് പാശ്ചാത്യവിദ്യാഭ്യാസം ഇൻഡ്യയ്ക്കു നല്കിയിട്ടുള്ള ഗരിഷ്ഠമായ അനുഗ്രഹം. ഇംഗ്ലീഷ് സാഹിത്യം, ലോകചരിത്രം, നവീനശാസ്ത്രങ്ങൾ, ആധുനികരാജ്യതന്ത്രം ഇവയെല്ലാം സമ്മേളിച്ചുള്ള ആ വിദ്യാഭ്യാസം നമുക്ക് അഭിനവമായ ഒരു സംസ്കാരസാമ്രാജ്യത്തെ ഉൽഘാടനംചെയ്തു. ഇന്നത്തെ ലോകസാഹിത്യങ്ങളിൽ അഗ്രഗണ്യമായ ഇംഗ്ലീഷ് സാഹിത്യം നമുക്കു സുഗമമായിത്തീർന്നു

കൂടാതെ അതിൻെറ സമ്പക്ത്താൽ ദേശീയസാഹിത്യങ്ങൾക്കു നാനാമുഖവും അഭൂതപൂവ്വവുമായ ഉൽക്കഷം സിദ്ധിച്ചു്. ലോകജീവിതത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണപരിധി തുലോം വിശാലമായിത്തീന്നു. പ്രാകൃതിക സംഭവങ്ങളെക്കുറിച്ചു നമ്മുടെ മിഥ്യാബോധങ്ങൾ പലതും തിരുത്തപ്പെട്ടു. മനോധമ്മം പോലെ അവയ്ക്കു കാരണങ്ങൾ കല്പിക്കുന്ന ഔദാസീന്യം "എന്തുകൊണ്ടു്"?, "എങ്ങനെ?" എന്നെല്ലാം ചോദിക്കുന്ന ജിജ്ഞാസയ്ക്കു വഴങ്ങിക്കൊടുത്തു. ശ്രേയോഭിമുഖങ്ങളായ ആശയങ്ങളും ആദശ്ങ്ങളും ജനസഞ്ചയത്തിൽ പ്രസരിച്ചു. ഇതിൻെറയെല്ലാം സൽഫലങ്ങൾ നാം കണ്ടും അനുഭവിച്ചും പോരുന്നതിനാൽ കൂടുതലായ വിവരണം കേവലം അനപേക്ഷിതമത്രേ. ഇടക്കാലത്തെ ഇൻഡ്യയെ അപേക്ഷിച്ചു് ഇന്നത്തെ ഇൻഡ്യയുടെ സ്ഥിതി മഹനീയവും വിസ്മയാവഹവുമത്രേ. ഇതിൻെറ പ്രേരകശക്തി ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നുള്ളതു നിസ്തക്കവും തന്നെ.

ഭാരതീയക്കു ലോകോത്തരമായ ഒരു സംസ്കാരം ഉണ്ടായിരുന്നില്ലേ? ശരിതന്നെ. ആ സംസ്കാരത്തിൻെറ മാഹാത്മ്യത്തെ ഉദ്ഘോഷിക്കുന്ന സാക്ഷ്യങ്ങൾ ഇന്നത്തെ ഗവേഷണങ്ങളാൽ വദ്ധിച്ചുവരുന്നുണ്ടു്. എങ്കിലും വിദേശീയാക്രമണങ്ങളാലും മററും നശിച്ചും മറഞ്ഞും കിടന്നിരുന്ന ഭാരതീയ സാഹിത്യത്തേയും ഭാരതീയശാസ്ത്രങ്ങളേയും സമുദ്ധരിച്ചു് അവയുടെ വൈശിഷ്ട്യത്തെ ലോകസമക്ഷം പ്രദശിപ്പിച്ചതു് പാശ്ചാത്യരും പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച ഭാരതീയരുമാണെന്നുള്ള പരമാത്ഥം കാര്യബോധമുള്ള ആക്കെങ്കിലും വിസ്മരിക്കാൻ കഴിയുമോ? നമ്മുടെ വേദശാസ്ത്രങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ മുതലായ അമൂല്യസമ്പത്തുകൾ അവയുടെ രഹസ്യാവസ്ഥയിൽ നിന്നു പരസ്യാവസ്ഥയെ പ്രാപിച്ചതും ആ മഹാഗ്രന്ഥങ്ങൾ ഇന്നു് എല്ലായിടത്തും എല്ലാവക്കും സുലഭങ്ങളായിത്തീന്നതും എങ്ങനെയെന്നു ആലോചിക്കുക. എ. ഡി. അഞ്ചാംശതകത്തിൽ അപരിഷ്കൃതരായ വന്യജാതിക്കാരുടെ ആക്രമണം റോമാ സാമ്രാജ്യത്തെയും യൂറോപ്പിലെ സംസ്കാരസംകേതങ്ങളായ സകലസ്ഥാപനങ്ങളേയും നശിപ്പിച്ചു. ഇപ്രകാരം വിജ്ഞാനദീപം അണഞ്ഞുപോയതിനാൽ അനന്തരമുള്ള ഏകദേശം ആയിരം സംവത്സരക്കാലം യൂറോപ്പിലെ "അന്ധകാരകാല"മെന്നു ചരിത്രത്തിൽ പറയപ്പെടുന്നു. ഇതിൻെറ അവസാനദശയിൽ അറബികൾ മുഖാന്തരം ഇസ്ലാംസംസ്കാരം യൂറോപ്പിൽ പ്രസരിച്ചപ്പോൾ ആ സംസ്കാരത്തിൻെറ ഹസ്താവലംബം കൊണ്ടു് യൂറോപ്യൻ സംസ്കാരത്തിനും പ്രത്യുത്ഥാനം ലഭിച്ചു. ഏകദേശം ഇതു പോലെയാണ് ഇംഗ്ലീഷ് ഭാഷ മുഖാന്തിരം പാശ്ചാത്യസംസ്കാരത്തിൻെറ സമ്പക്ത്താൽ ഭാരതീയസംസ്കാരം സമുദ്ധരിക്കപ്പെട്ടതു്.

ഇന്നത്തെ ഭാരതീയ നേതാക്കന്മാർ ബ്രിട്ടീഷ് ഗവൺമെൻറിനോടു കർക്കശമായി അവകാശവാദം ചെയ്തു പടവെട്ടുന്നുണ്ടല്ലോ. ഈ വാദവുംകൊണ്ടു് ആദ്യമായി രംഗപ്രവേശംചെയ്ത നാഷനൽ കാൺഗ്രസ്സിൻെറ കനകജൂബിലിയും ആഘോഷിച്ചുകഴിഞ്ഞു. എന്നാൽ ഈ വാദത്തിൻെറ രീതിയും അതിൻെറ മൌലികതത്വങ്ങളും ആധുനികവിദ്യാഭ്യാസത്താൽ നമുക്കു ലഭിച്ചിട്ടുള്ളവയാണെ

ന്നോർമ്മിക്കണം. ലോകചരിത്രം, ധനശാസ്ത്രം, രാജ്യതന്ത്രം ഇവയെക്കുറിച്ചു പര്യാപ്തമായ ജ്ഞാനസിദ്ധി ഭാരതീയരെ ഈ വിഷയത്തിൽ ഉന്മിഷിതരാക്കിത്തീർത്തു. അതായതു്, ബ്രിട്ടീഷ്ഗവണ്മെൻറിൻെറ ഉദാരമായ വിദ്യാഭ്യാസനയത്താൽ നമുക്കു ലഭിച്ച ആയുധങ്ങൾ കൊണ്ടു തന്നെയാണു നാം ഇപ്പോൾ അവരുമായിപോരാടുന്നതു്. ഈയിടെ നാഗപ്പൂരിൽ നടന്ന വിദ്യാഭ്യാസസമ്മേളനത്തിൽ അധ്യക്ഷനായിരുന്ന കൽക്കട്ടയൂണിവർസിററി വൈസ്ചാൻസല്ലർ ശ്യാമപ്രസാദമുഖർജി പറഞ്ഞതു നോക്കുക: "ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മെ ആത്മാഭിമാനം പഠിപ്പിച്ചു; സമതാബോധവും അകുതോഭയത്വവും നമുക്കുപദേശിച്ചു; നിഷ്പക്ഷമായ ന്യായം ലഭിക്കണമെന്നു് ആണുങ്ങളെപ്പോലെ നിവിർന്നുനിന്നു് ആവശ്യപ്പെടാൻ നമ്മെ പ്രേരിപ്പിച്ചു." ഇതിൽ അസത്യമോ അതിശയോക്തിയോ ഉണ്ടെന്നു തോന്നുന്നില്ല.

ബ്രിട്ടീഷുകാർ ഇൻഡ്യയിൽ വന്നില്ലായിരുന്നെങ്കിൽ ഈ വിജ്ഞാനവും അതിൻെറ ഫലമായ ആധുനികപരിഷ്കാരവും ഇത്രയും കാലംകൊണ്ടു മററു വിധത്തിൽ നമുക്കു ലഭിക്കയില്ലായിരുന്നെന്നാണോ പറയുന്നതു്? അങ്ങനെ ആരും ശഠിക്കേണ്ടതില്ല. ബ്രിട്ടീഷുകാർ വന്നില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നു് ഇപ്പോൾ ഖണ്ഡിതമായി ഊഹിക്കാനും പ്രയാസംതന്നെ. എങ്കിലും മുൻവിവരിച്ച ഗുണങ്ങളെല്ലാം ബ്രിട്ടൻെറ ആധിപത്യത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടു നമുക്കു ലഭിക്കാനാണു യോഗമുണ്ടായതെന്നുള്ള പരമാർത്ഥം അപ്രതിഷേധ്യമാണല്ലോ.

ഇന്നത്തെ വിദ്യാഭ്യാസം കൊണ്ടു തൊഴിലില്ലായ്മ വർദ്ധിക്കുന്നു എന്നുള്ള ആവലാതിയും യുക്തിയുക്തമല്ല. അങ്ങനെയാണെങ്കിൽ ഈ വിദ്യാഭ്യാസത്തെ പരിത്യജിച്ചു കഴിഞ്ഞാൽ എല്ലാവക്കും തൊഴിലുണ്ടാകുമെന്നല്ലേ വിചാരിക്കേണ്ടതു്? ഇന്നത്തെ വിദ്യാഭ്യാസം എന്തെങ്കിലും ഒരു തൊഴിലിൽ പ്രവേശിക്കാൻ വിദ്യാത്ഥികളെ ഒരുക്കുന്നില്ലെന്നായിരിക്കണം ഇവർ പറയുന്നതിൻെറ താൽപര്യം. അതു മിക്കവാറും സത്യം തന്നെ. ഉപജീവ്യങ്ങളായ തൊഴിലുകളിൽ ബോധനം നല്കുകയല്ല യഥാത്ഥ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. സാങ്കേതിക ജ്ഞാനം തൊഴിലില്ലായ്മയ്ക്കു ഏറെക്കുറെ പരിഹാരമായിരിക്കുമെന്നാശിക്കാവുന്നതിനാൽ നേരത്തേ തൊഴിലുകളിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന വിദ്യാത്ഥികൾക്കു് ആ മാതിരി വിദ്യാഭ്യാസം നല്കേണ്ടതു് അതിലേക്കു ചുമതലപ്പെട്ടവരുടെ കത്തവ്യം തന്നെ. എങ്കിലും സാങ്കേതിക വിദ്യാഭ്യാസം തഴച്ചു വളന്നിട്ടുള്ള യൂറോപ്പിലെയും അമേരിക്കയിലേയും ഗവണ്മെൻറുകൾ ഇന്നും തൊഴിലില്ലായ്മയ്ക്കു പരിഹാരം അന്വേഷിച്ചു തലതല്ലുന്നതിൻെറ രഹസ്യം എന്തെന്നു കൂടി ആലോചിക്കേണ്ടതാണു്. സാങ്കേതികജ്ഞാനത്തിൻെറ അഭാവത്തിനു പുറമേ തൊഴിലില്ലായ്മയ്ക്കു വേറേയും കാരണങ്ങളുണ്ടെന്നും അവയെക്കൂടി ഒഴിക്കാതെ ഉദ്ദേശലാഭം പൂണ്ണമാകയില്ലെന്നും ഇതിൽ നിന്നൂഹിക്കേണ്ടിയിരിക്കുന്നു. അതു തന്നെയാണല്ലോ സത്യാവസ്ഥയും. എങ്കിലും സാങ്കേതികവിദ്യാഭ്യാസം നമ്മുടെ നാട്ടിൽ തൽക്കാലം പ്രയോഗിക്കേണ്ട ഒരൗഷധമാണെന്നുള്ളതിനു സംശയമില്ല.

ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടു ചെറുപ്പക്കാർ ആഹാരം, വസ്ത്രധാരണം മുതലായ നിത്യകാൎയ്യങ്ങളിൽ വ്യയബഹുലമായ ചൎയ്യകൾ ശീലിക്കുന്നതു നിമിത്തം അവരെപ്പോററിക്കൊണ്ടു പോകാൻ മററുള്ളവർ വളരെ കഷ്ടപ്പെടുന്നു എന്നാണു വേറൊരു ആക്ഷേപം. വാചാലരായ ചിലർ പ്രസംഗമണ്ഡപത്തിൽ നിന്ന് ഈ സംഗതി വൎണ്ണിക്കുന്നതു കേൾക്കാൻ ഒരു നേരംപോക്കൊക്കെയുണ്ട്. പക്ഷേ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇക്കാൎയ്യത്തിന് എത്രമാത്രം കാരണമായിട്ടുണ്ടെന്ന് അവർ ആലോചിക്കേണ്ടതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടാതെയും ഇന്നത്തേ സംസ്കാരസമ്പത്തു പ്രകാരാന്തരേണ നമുക്കു ലഭിക്കുമായിരുന്നെന്നു വാദിക്കുന്നതിനെക്കാൾ ആ വിദ്യാഭ്യാസം ഇല്ലായിരുന്നെങ്കിലും അതിവ്യയഹേതുകമായ ഈ ജീവിതരീതി നമ്മുടെ തലയിൽ വന്നു കേറുമായിരുന്നു എന്നു പറയുന്നതാണു യുക്തിയുക്തമായി എനിക്കു തോന്നുന്നത്. ഇംഗ്ലീഷ് പള്ളിക്കൂടം കണ്ടിട്ടുപോലുമില്ലാത്തവരിൽ എത്രപേരുണ്ട് ഇന്നു കാപ്പിയും, തേയിലയും, ഷർട്ടും, ബീഡിയും കൂടാതെ കഴിയുന്നവർ? ഉഷ്ണകാലത്ത് അതികഠോരമായ മധ്യാഹ്നവേളയിൽ ഉടുപ്പിട്ടുകൊണ്ടുനിന്നു കിളയ്ക്കുന്ന വേലക്കാരെയും ഇന്നു കാണ്മാൻ കഴിയും. അൻപതു വഷത്തിനു മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതലായ ഉടുപ്പും കെട്ടും ഇന്നു കാണിക്കാർ മുതലായ വനാന്തവാസികൾക്കും ഉണ്ട്. അക്ഷരവിദ്യയുടെ ഗന്ധം പോലുമില്ലാത്ത പിതൃപരമ്പരയിൽ ജനിച്ചു വളൎന്ന ഗ്രാമീണ യുവാക്കന്മാർ രണ്ടോ നാലോ മൈൽ നടക്കാൻ മടിച്ചു മോട്ടാർ ബസ്സിൽ കേറുന്ന കാഴ്ച ഇപ്പോൾ എവിടേയും സുലഭമല്ലേ? ധനികന്മാരുടെ സുഖോപകരണങ്ങളും ആഡംബരവിഭവങ്ങളും ഈ വീതത്തിനോ അതിലധികമോ വൎദ്ധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കണം. ഇതിനെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസമല്ല ഉത്തരം പറയേണ്ടത്.

സുഖസൗകര്യങ്ങൾക്കും ആഡംബരത്തിനും ഉപയുക്തങ്ങളായ നിരവധി വിദേശീയ പദാൎത്ഥങ്ങൾ അൻപതിലധികം വർഷങ്ങൾക്കു മുമ്പു നമ്മുടെ നാട്ടിൽ വന്നുതുടങ്ങി. അല്പകാലംകൊണ്ട് ഇവയുടെ എണ്ണവും വണ്ണവും പെരുവെള്ളം പോലെ വർദ്ധിച്ചു നമ്മുടെ കമ്പോളങ്ങളിൽ പ്രവഹിച്ചു. ലോകമഹായുദ്ധത്തിനു മുമ്പിലത്തെ അഭൂതപൂർവമായ ഐശ്വൎയ്യദശയിൽ ഈ പദാൎത്ഥങ്ങൾ സാമാന്യേന എല്ലാവൎക്കും സുലഭങ്ങളായിത്തീൎന്നു. കുബേരന്മാരും കുചേലന്മാരും തങ്ങൾക്കാവതുപോലെ അവയുടെ നിത്യോപയോഗം ശീലിച്ചു. ഇപ്രകാരമാണ് വ്യയപ്രചുരമായ ഇന്നത്തെ ജീവിതരീതിയുടെ ആഗമമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ചെറുപ്പക്കാരായ വിദ്യാൎത്ഥികളുടെ വിവേകക്കുറവുനിമിത്തം ഈ പുതുമോടികളിൽ പലതും അവരെ ആകൎഷിക്കയും മാതാപിതാക്കന്മാരുടെ അതിവാത്സല്യം നന്മതിന്മ നോക്കാതെ ചില കാൎയ്യങ്ങളിൽ അവരുടെ ആഗ്രഹസിദ്ധിയെ അനുകൂലിക്കയും ചെയ്തിരിക്കാം. ഇത്രയുമല്ലാതെ, കാലഗതിയിൽ സ്വയം വന്നുകൂടുമായിരുന്ന അവസ്ഥാന്തരങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം തന്നെ കാരണമെന്നു സങ്കല്പിച്ചുകൊള്ളുന്നത് സാഹസമല്ലേ? അതിലഘുവായ ജീവിതരീതികൊണ്ടു തൃപ്തിപ്പെട്ടു കഴിഞ്ഞുകൂടുന്ന ഒരു ജനതയുടെ ധനസ്ഥിതി എന്നും മോശമായിരിക്കുമെന്നും

ഉപരിയായ ജീവിതരീതിയിൽ അഭിലാഷം അവരുടെ ധനാർജ്ജനശക്തിയെ വദ്ധിപ്പിക്കുമെന്നും മററും ധനശാസ്ത്രപണ്ഡിതന്മാർ ഉപന്യസിക്കാറുള്ള തത്വങ്ങളെയും ഇവിടെ അനുസ്മരിക്കേണ്ടതാണ്.

ചുരുക്കത്തിൽ നമ്മുടെ ബാലികാബാലന്മാർക്ക് ഉപജീവ്യങ്ങളായ തൊഴിലുകളിൽ പ്രവേശിക്കാൻ സാങ്കേതികജ്ഞാനം അവശ്യം വേണ്ടിയിരിക്കുന്ന ഇക്കാലത്ത് അതിലേക്കു വേണ്ട മാർഗ്ഗങ്ങളെല്ലാം സജ്ജീകരിക്കേണ്ടതു നമ്മുടെ ആസന്നകർത്തവ്യമാകുന്നു. യഥാർത്ഥവിദ്യാഭ്യാസത്തിൻെറ പരമോദ്ദേശം വിജ്ഞാനാഭിവൃദ്ധിയും ചിത്തസംസ്കാരവുമാണ്, കുക്ഷിപൂരണമല്ല. അപ്രകാരമുള്ള വിദ്യാഭ്യാസത്തിനു കഴിവുള്ളവരെല്ലാം കഴിവുള്ളിടത്തോളം പരിശ്രമിക്കതന്നെ വേണം. അതുതന്നെയാണ് മനുഷ്യവംശത്തിൻെറ സർവതോമുഖമായ ശ്രേയസ്സിനു നിദാനമായിരുന്നിട്ടുള്ളത്. ഈ തത്വത്തെ പരിഗണിച്ച്, ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിക്കു ഗവണ്മെൻറുകൾ ചുമതല വഹിക്കേണ്ടതാണെന്ന് ഇപ്പോൾ നാഗപ്പൂരിൽ കൂടിയ വിദ്യാഭ്യാസസമ്മേളനത്താൽ അംഗീകൃതമായ നിശ്ചയം എത്രയും അഭിനന്ദനീയമായിരിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടു ഭാരതീയർക്ക് അമൂല്യഗുണങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥത്തെ ഒരിക്കലും അപലപിക്കാവതല്ല. ബ്രിട്ടീഷ് ഭരണംകൊണ്ട് ഇൻഡ്യയ്ക്കു സമ്പൽക്ഷയം സംഭവിച്ചിട്ടുണ്ടെങ്കിൽ അതു കാര്യം വേറേ. അതിൻെറ പരിഹാരത്തിനു നാട്ടുകാർ സമുചിതമാർഗ്ഗങ്ങളിൽക്കൂടി നിരന്തരം ശ്രമിക്കേണ്ടതാണ്. അതിലേക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ നിന്ദിക്കേണ്ട ആവശ്യവുമില്ല. ഈ വിദ്യാഭ്യാസം ചില വിഷയങ്ങളിൽ ഭാരതീയസംസ്കാരത്തിനും ഭാരതീയാദർശങ്ങൾക്കും യോജിച്ചതായി കാണുന്നില്ലെങ്കിൽ അങ്ങനെ യോജിപ്പിച്ച് അതിനെ പ്രശസ്തരീതിയിൽ നയിക്കുയെന്നതു ഗവണ്മെൻറിൻെറയും ജനങ്ങളുടെയും പരമലക്ഷ്യമായിരിക്കട്ടെ! വിദ്യാഭ്യാസം ഇംഗ്ലീഷ് ഭാഷയിൽത്തന്നെ ആയിരിക്കണമെന്നു ഞാൻ വാദിക്കുന്നില്ല. നേരേമറിച്ച്, യൂണിവർസിററി വിദ്യാഭ്യാസവും നമ്മുടെ മാതൃഭാഷയിൽ നിർവഹിക്കാൻ കഴിവുണ്ടാകുന്ന ശോഭനകാലത്തെ മററുള്ളവർക്കൊപ്പം ഞാനും ഉൽകണ്ഠാപൂർവം പ്രതീക്ഷിക്കുന്നു.

# തഞ്ചാവൂർ ക്ഷേത്രം.

ശ്രീവദ്ധനത്തു് എൻ. കൃഷ്ണപിള്ള എം. ഏ.

തഞ്ചാവൂർക്ഷേത്രനിമ്മാണത്തെപ്പററി പലരും അറിഞ്ഞുകാണുമെങ്കിലും ഇനിയും ഒട്ടുവളരെ ജനങ്ങൾക്കു ജിജ്ഞാസാശമനകരമായിരിക്കുമെന്ന വിശ്വാസത്തിന്മേൽ ഇവിടെ ചില സംഗതികൾ സംഗ്രഹമായി ഉപന്യസിക്കുന്നു. പ്രസിദ്ധപണ്ഡിതനായ ശ്രീമാൻ കേ. ഏ. നീലകണ്ഠശാസ്ത്രി എം. ഏ. അവർകൾ ഇതിനെക്കുറിച്ചു രചിച്ച ഒരുപന്യാസമാണു് ഇതിന്റെ പ്രധാനമായ ആസ്പദം. ദക്ഷിണഇന്ത്യയിലെ വാസ്തുവിദ്യ സുതരാം പ്രകാശിച്ചിട്ടുള്ളതു ക്ഷേത്രനിമ്മിതിവിഷയത്തിലാണെന്നുള്ളതു നിവിവാദമാണു്. ഒട്ടേറെ മഹാക്ഷേത്രങ്ങൾ പൂവ്വകാലശില്പകമ്മങ്ങൾക്കു മകുടോദാഹരണങ്ങളായി നിലകൊള്ളുന്നവയിൽ ഇന്നു തഞ്ചാവൂർ മഹാക്ഷേത്രം പ്രഥമസ്ഥാനം അലങ്കരിക്കുന്നു. ഇതു് ഉദ്ദേശം 1000 കൊല്ലങ്ങൾക്കു മുമ്പു നിമ്മിച്ചിട്ടുള്ളതാണു്. അതിലെ അനേകം ശിലാലേഖനങ്ങൾ പുരാണവസ്തുപരിശോധകന്മാരുടെ ജ്ഞാനതൃഷ്ണയ്ക്കു തൃപ്തി നൽകുന്നു. ഡാക്ടർ ഹൾട്ട്സ്, മി. വെങ്കയ്യ എന്ന രണ്ടു പണ്ഡിതവര്യന്മാർ അവയെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ഈ ക്ഷേത്രത്തിന്റെ സ്ഥാപകൻ രാജരാജേശ്വരൻ എന്ന പ്രസിദ്ധനാമം പൂണ്ട ഒരു ചോളചക്രവത്തിയാണു്. ഇതിന്റെ നിമ്മാതാവിന്റെ പേരിനെ ആസ്പദമാക്കിയാണു് ഇതിനു രാജരാജേശ്വരക്ഷേത്രം എന്ന പ്രസിദ്ധി ഉത്പന്നമായതു്. ഭരണം തുടങ്ങി 26-ാംകൊല്ലം 20-ാംദിവസം ചക്രവത്തി തന്റെ ഉദ്യോഗസ്ഥന്മാരോടു "തഞ്ചാവൂരിൽ നാം ശിലയിൽ സ്ഥാപിച്ച രാജരാജേശ്വരക്ഷേത്രത്തിലെ ശ്രീവിമാനഭിത്തികളിൽ നാമും നമ്മുടെ സഹോദരിയും നമ്മുടെ രാജ്ഞിമാരും മററനേകംപേരും ചെയ്തിട്ടുള്ള ദാനകമ്മങ്ങൾ രേഖപ്പെടുത്തണമെന്നു" കല്പിച്ചു. അദ്ദേഹത്തിന്റെ സുപ്രസിദ്ധപുത്രനായ രാജേന്ദ്രനും ഇതേവിധം ആചരിച്ചതായിക്കാണുന്നു. മേല്പറഞ്ഞ ശാസനം മി. വെങ്കയ്യരുടെ അഭിപ്രായത്തിൽ 29-ാം കൊല്ലംകൊണ്ടു പൂണ്ണമായി നിവ്വഹിക്കപ്പെട്ടുവെന്നു കാണുന്നു.

ഉദ്ദേശം 600നും 630നും മദ്ധ്യേ രാജ്യഭാരംചെയ്ത പല്ലവരാജാവായ മഹേന്ദ്രൻ ഒന്നാമൻ കല്ലോ, കുമ്മായമോ, ഇരുമ്പോ ഒന്നും ഉപയോഗിക്കാതെ അനേകം ക്ഷേത്രങ്ങൾ (അതായതു ഗുഹാക്ഷേത്രങ്ങൾ) നിമ്മിച്ചു എന്നു സ്വയം പ്രശംസിക്കാറുണ്ടായിരുന്നു. മററുള്ള ക്ഷേത്രങ്ങളെ അപേക്ഷിച്ച് ഈ ക്ഷേത്രം വ്യത്യസ്തവും, ഒരു സുനിശ്ചിതവും ഗംഭീരവുമായ മാതൃകയിൽ ആരബ്ധവും പൂത്തിയാകുന്നതുവരെ ആ മാതൃക സ്വീകൃതവും ആയിരുന്നുവെന്നു ഫെർഗ്ഗസൻ, അഭിപ്രായപ്പെടുന്നു. ഇപ്രകാരമുള്ള ആഭിപ്രായങ്ങൾ അദ്ദേഹത്തിനു് അത്ര സാധാരണമല്ല എന്നു് ഇവിടെ വിശിഷ്യ പ്രസ്താവിക്കേണ്ടതായുമുണ്ടു്.

ഈ ക്ഷേത്രനിമ്മാണവിഷയത്തിൽ ചോള ചക്രവത്തി ഒട്ടനവധി ദ്രവ്യം വ്യയം ചെയ്കയും വളരെ ക്ലേശം അനുഭവിക്കയും ചെയ്തിരുന്നു എന്നുള്ളതു നിസ്തക്കം പറയാവുന്നതാണ്. ക്ഷേത്രസമീപപ്രദേശങ്ങളിൽ എങ്ങും ശിലാമയിയായ ഭൂമി തന്നെയില്ലായിരുന്നു. ക്ഷേത്രത്തിനുവേണ്ടിവന്ന സകല ശിലാഖണ്ഡങ്ങളും തൃശ്ശിനാപ്പള്ളിക്കു 8 മൈൽ വടക്കുകിഴക്കുള്ള മമ്മലദേശത്തുനിന്ന്, അതായത് ഉദ്ദേശം മുപ്പതുമൈൽ അകലെനിന്നു കൊണ്ടുവന്നതായിരിക്കണം എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. രാജേന്ദ്രദേവൻെറ പൗത്രൻ ഒരു അർദ്ധശതാബ്ദത്തിനുശേഷം (ഉദ്ദേശം 1085-ഏ. ഡി. യിൽ) ചെയ്തിട്ടുള്ള ദാനകമ്മങ്ങളിൽ ഒന്നു ക്ഷേത്രഭണ്ഡാഗാരത്തിൽനിന്നു നിത്യവും ഒരു നെൽചെലവു വൈകാശി മഹോത്സവവേളയിൽ നടക്കുന്ന രാജരാജേശ്വര നാടകം അഭിനയിക്കുന്ന ഒരു നടനസംഘത്തിനു കല്പിച്ചനുവദിച്ചതായിക്കാണുന്നു. പഴയമട്ടിലല്ലെങ്കിലും ഇപ്പോഴും ഒരു നാട്യപ്രയോഗം ആ മഹോത്സവകാലം നടക്കാറുണ്ട്. ആകപ്പാടേ നോക്കുമ്പോൾ ആയതു ക്ഷേത്രനിമ്മാണവിഷയകങ്ങളായ ചില സംഭവങ്ങളേയും രംഗങ്ങളേയും അനുകരിച്ചുകൊണ്ടുള്ള സാമാന്യജനതയുടെ ഒരു നടനകേളിയാണെന്നു സന്ദേഹിക്കാവുന്നതാണ്.

തഞ്ചാവൂർ മഹാക്ഷേത്രത്തിൻെറ പ്രധാന ഗോപുരത്തിൻെറ അഗ്രത്തിൽ ഒരു ഊക്കൻ ശിലാപട്ടം കണ്ടമാനുണ്ട്. എൺപതു ടൺ ഭാരമുള്ള ആ ശിലാഫലകം ചാരപ്പള്ളം എന്ന ഗ്രാമത്തിൽനിന്ന് അടത്തുകൊണ്ടുപോന്നതാണ്. ആ മഹാശില നീങ്ങിയപ്പോൾ അവിടം ഒരു അഗാധസ്ഥലമായിത്തീന്നു. ചാരപ്പള്ളം എന്ന പേർ തന്മൂലമായി സിദ്ധിച്ചതായിരിക്കണം. തിരുചുററുമാളികയിൽ ഭൂരിഭാഗം പണികളും കൃഷ്ണൻ രാമൻ എന്നു പേരുള്ള ഒരു ബ്രാഹ്മണ പട്ടാളഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിലാണ് നടത്തിയതു എന്നു ശിലാലേഖനംകൊണ്ടു തെളിയുന്നു.

1009—1010ൽഅതായതു തൻെറ ഭരണത്തിലെ 25-ാമതുകൊല്ലം 275ാംദിവസമത്രേ ചക്രവത്തി വിമാനാഗ്രത്തിൽ കാണുന്ന ചെപ്പുകുടം സ്ഥാപിക്കുവാൻ കല്പന നല്കിയതു്. അതു 235റാത്തൽ ഭാരമുള്ളതും 3926½കഴഞ്ചു് (ഉദ്ദേശം 35 റാത്തൽ) സ്വണ്ണംകൊണ്ടു പൊതിഞ്ഞിട്ടുള്ളതുമാകുന്നു.

ഈ ഗംഭീരക്ഷേത്രം ഒരു സന്ദശ്കനെ എത്രമാത്രം എങ്ങനെയെല്ലാം ആകഷിക്കുന്നുവെന്നു പറവാൻ പ്രയാസമാണ്. അതിൻെറ മാതൃകയിൽ ഒരു അകൃത്രിമസൗന്ദയ്യം ഉല്ലസിക്കുന്നു; അതിൻെറ സംവിധാനത്തിൽ ശില്പികൗശല്യം സംപൂണ്ണമായി ശോഭിക്കുന്നു. ഉന്നതങ്ങളായ ക്ഷേത്രമതിലുകളുടെ ഉള്ളിൽ കിഴക്കുപടിഞ്ഞാറായി കിടക്കുന്ന തിരുമുററത്തിനു ഏകദേശം അഞ്ഞൂറടി വിസ്തീണ്ണത ഉണ്ട്. തിരുമുററത്തിൻെറ പടിഞ്ഞാറായി ഉയരുന്ന വിമാനത്തിനു ഉദ്ദേശം 190 അടി ഉയരമുണ്ട്. തെക്കുവശത്തു നിന്നു നോക്കിയാൽ ഈ എടുപ്പു് വ്യക്തമായി കാണാവുന്നതാണ്.

ഇനി നമുക്ക് ഇതിനുള്ളിലുള്ള ചില വിശേഷസംഗതികൾ എന്തെല്ലാമെന്നു നോക്കാം. ദക്ഷിണാമൂത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രം അനന്തരകാലത്തു സ്ഥാപിച്ചതാണ്. വിഗ്രഹത്തിനടുത്തു ചെല്ലുവാൻ തീത്തിട്ടുള്ള ഒരു ഏണിപ്പടി

അത്ര പ്രശംസാർഹമല്ല. നേരേ മറിച്ച് അടുത്തുള്ള സുബ്രഹ്മണ്യക്ഷേത്രം ഗണ്യമായ വാസ്തുവിദ്യാനൈപുണ്യത്താൽ പ്രശോഭിതമായിരിക്കുന്നു. പ്രധാനക്ഷേത്രത്തിന്റെ സന്നിധിയിലുള്ള ചെറിയ മണ്ഡപവും ഒററക്കല്ലിലയിലുള്ള വലുതായ നന്ദിവിഗ്രഹത്തെ കാത്തുനില്ക്കുന്ന എടുപ്പും അനന്തരകാലനിർമ്മിതങ്ങളാകുന്നു. പ്രധാന വിഗ്രഹം പ്രതിഷ്ഠിച്ചിട്ടുള്ളതിന്റെ കിഴക്കുഭാഗത്തുള്ള പുറമുററം 1772-ൽ ഫ്രഞ്ചുകാർ കുറെക്കാലം ഒരു ആയുധപ്പുരയായി ഉപയോഗിച്ചിരുന്നു. ഏകദേശം മുപ്പതു വർഷത്തോളം ഇംഗ്ലീഷുകാർ ഇതിനെ ഒരു 'പടവീടാ'യും ഉപയോഗിച്ചിട്ടുണ്ട്. 1801-2ൽ രാജാ സർഫോജി അതു ശുദ്ധിപ്പെടുത്തി പൂർവ്വവൽ ആരാധനായോഗ്യമാക്കിത്തീർത്തു. ഇതോടുചേർന്ന 'ഗംഗൈകൊണ്ട ചോളപുരം' എന്ന ചെറുക്ഷേത്രം ഇപ്പോൾ ജീർണ്ണിച്ചുതുടങ്ങിയിരിക്കുന്നു; എന്നാൽ തഞ്ചാവൂർ ക്ഷേത്രത്തിനു ദൈവാധീനം കൊണ്ടു ഇതുവരെ ഒരു കേടുപാടും പററിയിട്ടില്ല. കോട്ടകൾക്കും കിടങ്ങുകൾക്കും പ്രസ്താവയോഗ്യമായ യാതൊരു കോട്ടവും കൂടാതെ ഇന്നും നിലകൊള്ളുന്നു. ഗർഭഗൃഹത്തിലേക്കുള്ള വഴിയുടെ ചുററുമുള്ള ചിത്രകർമ്മങ്ങൾ ഇപ്പോഴും സ്പഷ്ടമായി പ്രകാശിക്കുന്നുണ്ട്.

ചക്രവർത്തിമാരുടെ സുഖസൗകര്യങ്ങൾക്കുള്ള സംഭാരങ്ങൾ സാമന്തഭൂപന്മാർവഴി സമൃത്പന്നങ്ങളാകുന്നുവല്ലോ. പ്രസ്തുത ചക്രവർത്തിയുടെ അനേകം ദാനസാധനങ്ങൾ, കീഴടക്കപ്പെട്ട മലനാടു ചേരപാണ്ഡ്യരാജാക്കന്മാരിലും പടിഞ്ഞാറുള്ള സത്യാശ്രയൻ എന്ന ചാലൂക്യരാജാവിലും നിന്നു ലഭിച്ചിട്ടുള്ള നിധികളിൽ ഉൾപ്പെട്ടവയാകുന്നു. അദ്ദേഹത്തിന്റെ സഹോദരിയും മഹിഷിമാരും അനേകം വലിയ വഴിവാടുകൾ ചെയ്തിട്ടുണ്ടെന്നു മുമ്പുപറഞ്ഞിട്ടുണ്ടല്ലോ. ഇവ മിക്കതും ഭരണകാലത്തിന്റെ അവസാനഘട്ടമായ 29-ാം കൊല്ലത്തിലാണു ചെയ്തതെന്നും മററും വിശദമായ രേഖകൾ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. 489 റാത്തൽ സ്വർണ്ണത്തിലും 600 റാത്തൽ വെള്ളിയിലും ഉള്ള സാമാനങ്ങളും 10200 കാശുവിലയുള്ള സ്വർണ്ണാഭരണങ്ങളും നൽകിട്ടുള്ളതിനു പുറമേ സിലോണിലും ഇന്ത്യയിലുമുള്ള ചില ഗ്രാമങ്ങളിൽ നിന്നു കൊല്ലത്തിൽ 116000 കലം നെല്ലും 1100കാശും ആദായം കിട്ടുന്ന ഭൂമികളും ദാനം ചെയ്തിട്ടുള്ളതായി കാണുന്നു.

ചക്രവർത്തിയുടെ ദാനശൂരതയ്ക്കു ഇനിയും ഉദാഹരണങ്ങൾ ഉണ്ട്. വടക്കുവശത്തും തെക്കുവശത്തും കിഴക്കു പടിഞ്ഞാറായി കിടക്കുന്ന രണ്ടു തെരുവുകൾ പണികഴിപ്പിച്ച് അവയിൽ 400 നർത്തകികളെ പാർപ്പിക്കയും ഓരോരുത്തർക്കും ഓരോ വീടും 100 കലം നെല്ല് ആദായം കിട്ടുന്ന ഭൂമിയും വിട്ടുകൊടുക്കയും ചെയ്തു. ഇതിനെ 'പങ്ക്' എന്നാണു പറയാറുള്ളതു്. ഇത്തരം പങ്കുകൾ നൃത്യവിദ്യാവിചക്ഷണന്മാരായ ഉപാദ്ധ്യായന്മാർ, ഗായകന്മാർ, മേളക്കാർ, ക്ഷുരകന്മാർ, കളാദന്മാർ, തുന്നൽപ്പണിക്കാർ കണക്കെഴുത്തുകാർ മുതലായി 212 ക്ഷേത്ര സിൽബന്തികൾക്കായി ദാനം ചെയ്തിരിക്കുന്നു. മൂന്നുപേർ സംസ്കൃതഗീതങ്ങളും മററു നാലുപേർ തമിഴ്ഗീതങ്ങളും ചെയ്യണമെന്നു നിശ്ചയിച്ചിട്ടുണ്ട്. രാജാവിന്റെ മൂത്ത സഹോദരി പരാന്തകൻ കുണ്ഡപൈ ആൾവാർ എന്ന മഹതി 10,000 കഴഞ്ചു സ്വർണ്ണവും ഉദ്ദേശം 18000 കാശുവിലയുള്ള രത്നാഭരണങ്ങളും പാത്രങ്ങളും സമർപ്പിച്ചതായി കാണുന്നു. പ്രസ്തുതക്ഷേ

ത്രം നിമിത്തം തഞ്ചാവൂരിന്നു അത്ര പ്രാധാന്യം ഉണ്ടാകണമെന്നായിരിക്കണം പ്രഥമ സംകല്പം; എന്നാൽ അതിനെക്കവിഞ്ഞു് ആയതു ദക്ഷിണയിന്ത്യയെത്തന്നെ കീഴടക്കത്തക്ക മാഹാത്മ്യം ഉള്ളതായിട്ടാണ് ഇന്നു ശോഭിക്കുന്നതു്. അതു പരമാൎത്ഥത്തിൽ രാജരാജഭരണത്തിന്റെ അപ്രതിമമായ ഒരു ദൃഷ്ടാന്തമാണ്.

ഇതിൽ നിന്നു ഭരണവിഷയമായി പലതും ഗ്രഹിക്കാനുണ്ടു്. അന്നത്തെ നടപ്പുനാണയം കാശായിരുന്നു. ആയതിന്ന് അരക്കഴഞ്ചു സ്വൎണ്ണമുണ്ടു്. ഒരു കാശിന്റെ ൧൦൦ൽ ഒരംശത്തിന്നു അക്കം എന്നായിരുന്നുപേർ. ഒരു് ആടിനെ അക്കാലം മൂന്നിലൊന്നുകാശിന്നു വാങ്ങാമായിരുന്നു. ൧൨ പക്കം ഏലത്തിന്ന് ഒരുകാശു മാത്രമേ വിലയുണ്ടായിരുന്നുള്ളു. അടുത്തുള്ള ഭൂമികളിൽ നിന്നു ക്ഷേത്രംവക ഭൂമികളെ ശിവന്റെ ശൂലംകൊണ്ടോ വിഷ്ണുവിന്റെ ചക്രം കൊണ്ടോ ആയിരുന്നു വേർതിരിച്ചിരുന്നതു്.

അക്കാലത്തു് വളരെ പ്രചാരത്തിലിരുന്നതു് ശൈവമതമായിരുന്നു. ദക്ഷിണഇന്ത്യയിലെ ശൈവമതത്തിന്ന് ഉത്തരഇൻന്ത്യയിലെ ശൈവമതത്തോടു വളരെബന്ധമുണ്ടായിരുന്നു. രാജരാജന്റെ പുത്രനായ രാജേന്ദ്രന്റെ ഭരണത്തിൽ ൧൧൯൦-ംകൊല്ലം തഞ്ചാവൂരിലെ ശിവമതാദ്ധ്യക്ഷന്റെ ശിഷ്യപ്രശിഷ്യന്മാൎക്കു ൨,൦൦൦ കലം നെല്ലു് ആദായം കിട്ടുന്ന ഭൂമിദാനം ചെയ്തിട്ടുള്ളതായി ഒരു ശിലാലേഖനം കാണുന്നു. അദ്ദേഹം ക്ഷേത്രത്തിൽ വൈദികഗീതങ്ങൾ പാടുന്നതിന്നു ൪൮ പേർ അടങ്ങിയ ഒരു ഗായകസംഘത്തേയും രണ്ടുമേളക്കാരേയും വേണ്ട അനുഭവങ്ങൾ നൽകി ഏൎപ്പെടുത്തിയിരുന്നതായും അറിയുന്നു. അവർ ചോളഗ്രന്ഥവരിയിൽ സാധാരണ കാണാറുള്ള ശിവബ്രാഹ്മണരുടെ ഇനത്തിൽ പെട്ടവരായിരുന്നു. രാജാവു ശൈവമതപക്ഷപാതിയാണെന്നു കാണുന്നില്ല. അദ്ദേഹം ഒരു മഹാവിഷ്ണുപ്രതിമ ക്ഷേത്രത്തിൽ കുടിവച്ചിട്ടുള്ളതായും വിമാനം മുതലായ എടുപ്പുകളിലെ ശില്പവേലകൾക്കു വൈഷ്ണവന്മാരേയും ബുദ്ധമതാനുയായികളേയും ക്ഷണിച്ചിട്ടുള്ളതായും തെളിയുന്നുണ്ടു്.

# കിമപി കാവ്യം.

## പ്രഥമസർഗ്ഗം. (തുടർച്ച)

പി. കേ. നാരായണപിള്ള ബി. ഏ., ബി. എൽ.

(59) ഉത്തിഷ്ഠമാനനവ
യൌവനധന്യയാകു-
മത്തനയിതന്നിലനിമേഷ
വിലോകമൂലം
ഹൃത്തട്ടിലൊട്ടുമൊരു തൃപ്തി
ഭവിച്ചതില്ല
തത്താതനും ജനനിയായ
കുടുംബിനിക്കും

ഉത്തിഷ്ഠമാനനവയൌവനധന്യ = വൎദ്ധിച്ചു കൊണ്ടിരിക്കുന്ന നവയൌവനം കൊണ്ടു ധന്യ (ഭാഗ്യശാലിനി അഥവാ പുണ്യവതി) എഴുന്നേൽക്കുക എന്നുള്ള അൎത്ഥത്തിലല്ലെങ്കിൽ 'ഉത്' പൂൎവ്വമായ 'സ്ഥാ' ധാതുവിനു ആത്മനേപദം വിധിച്ചിട്ടുള്ളതുകൊണ്ടു 'ഉത്തിഷ്ഠമാനം', എന്ന രൂപമേ സാധുവാകയുള്ളു. "ഉദോനൂൎദ്ധ്വകൎമ്മണേ" എന്നു പാണിനി. അനിമേഷവിലോകം=കണ്ണു ചിമ്മാതെ ഉള്ള നോട്ടം. അനിമേഷവിലോകം എന്നു പറഞ്ഞതു കൊണ്ടു് വാത്സല്യാധിക്യം ധ്വനിതം. ഹൃത്തട്ട്=ഹൃദയതലം. തത്താതൻ=അവളുടെ താതൻ. പുത്രീദൎശനം എത്ര ഉണ്ടായിട്ടും മതി വന്നില്ല എന്നു താൽപൎയ്യം.

(60) ഭോ ബാണഭട്ട ഭവദീയ
വചസ്സു ചിത്തേ
പ്രാബല്ല്യമോട്ടുദയതേ
"തനുജയ്യുരസ്സിൽ
ആവൃദ്ധിസംയുതപയോധര
മുന്നമിച്ചാ-
ലാവൃഷ്ടി തൻപിതൃജനാക്ഷി
യിലാകു" മേവം.

ഭോ ബാണഭട്ട=അല്ലയോ ബാണഭട്ട എന്നു സംബോധന. ഭവദീയവചസ്സ്=ഭവാന്റെ വാക്യം. ചിത്തേ പ്രാബല്ല്യമോട്ടുദയതേ=മനസ്സിൽ പ്രാബല്ല്യത്തോടു (പ്രബലമായി) ഉദിക്കുന്നു. ബാണഭട്ടന്റെ വാക്യം എന്താണെന്നു താഴെ പറയുന്നു. തനുജയ്യുരസ്സിൽ........പിതൃജനാക്ഷിയിലാകും=തനുജയ്യു് (മകൾക്കു്) ഉരസ്സിൽ (മാറിടത്തിൽ) ആവൃദ്ധിസംയുതമായ പയോധരം ഉന്നമിച്ചാൽ (എഴുന്നു വന്നാൽ) ആ വൃഷ്ടി (അതുകൊണ്ടുണ്ടാകുന്ന വൎഷം) പിതൃജനാക്ഷിയിൽ (മാതാപിതാക്കന്മാരുടെ കണ്ണിൽ) ആകും. ആവൃദ്ധിസംയുതം = വ്യാപകമായ അഭിവൃദ്ധിയോടുകൂടിയതു്. പയോധരം=കുചം എന്നും മേഘം എന്നും അൎത്ഥം. പുത്രീവക്ഷഃസ്ഥലത്തുണ്ടാകുന്ന പയോധരം അവിടെ വൎഷിക്കേണ്ടതിനു പകരം പിതൃജനാക്ഷിയിൽ വൎഷിക്കുന്നു എന്നു താൽപൎയ്യം. അലങ്കാരം അസംഗതി. പയോധരശബ്ദത്തിനു ശ്ലേഷംകൊണ്ടു് കുചം എന്നും മേഘം എന്നും അൎത്ഥം ഗ്രഹിക്കണം. പുത്രിയുടെ യൌവനാരംഭം ശരിയായ ജാമാതാവിനെ ലഭിക്കുന്നതിലുള്ള ഔത്സുക്യവും ജാമാതൃസിദ്ധിയിലുള്ള പുത്രീവിയോഗവും നിമിത്തം മാതാപിതാക്കൾക്കു ഉൽക്കണ്ഠാകരം ആകുന്നു എന്നു ഭാവം. ഭട്ടബാണകൃതിയിൽ നിന്നു പ്രസ്തുതഭാഗം കവി ഉദ്ധരിച്ചിരിക്കയാണു ചെയ്തിട്ടുള്ളതു്. ഈ ആശയം അടുത്ത രണ്ടു ശ്ലോകങ്ങൾ കൊണ്ടു കുറേക്കൂടി വിശദീകരിച്ചിരിക്കുന്നു.

(61) മാതാവിനും ജനകനും
തനയാജനം ജാ-
മാതാവുമായ് വിലസുവാ
നെഴുമുത്സുകത്വം
ക്രേതാവു താനനുശയിപ്പതു
പോൽ വിയോഗ-

ജാതാനുതാപപരിണാമ
വിചിത്രമത്രേ

ക്രേതാവ് = വിലയ്ക്കു വാങ്ങുന്നവൻ. അനുശയിച്ചതുപോൽ = പശ്ചാത്തപിക്കുന്നതുപോലെ. വിയോഗജാതാനുതാപപരിണാമവിചിത്രം = വിയോഗം കൊണ്ടു ജാതമായിരിക്കുന്ന (ഉണ്ടായ) അനുതാപപരിണാമം കൊണ്ടു വിചിത്രം. അനുതാപപരിണാമം = അവസാനത്തിൽ അനുതാപമായി (പശ്ചാത്താപമായി)ത്തീരുന്നതു്. ജാമാതാവിനെ ലഭിക്കുവാൻ ശ്രമം ചെയ്തു ജാമാതാവു് ഉണ്ടായാൽ പുത്രീവിയോഗം നേരിടുന്നതു കൊണ്ടു്, വിലയ്ക്കു വാങ്ങിയ പദാൎത്ഥത്തെക്കുറിച്ചു് പശ്ചാത്താപം ഉണ്ടാകുന്നതുപോലെ, പരിണാമത്തിൽ അനുതാപമായി തീരുന്നു എന്നു സാരം. ആരംഭത്തിലുള്ള ഔത്സുക്യം പിന്നീടു് അനുതാപമായി പരിണമിക്കുന്നതുകൊണ്ടു് 'വിചിത്രം' എന്ന വിശേഷണത്തിന്റെ ഔചിത്യം ഗ്രാഹ്യം. 'ജായാം മാതി അഥവാ മിമീതേ' എന്നു ജാമാതൃശബ്ദത്തിനു വ്യുൽപത്തി ചെയ്തിരിക്കുന്നതു കൊണ്ടു്, ഒന്നാം പാദാവസാനത്തിൽ 'ജാ' എന്നു നിൎത്തി 'മാതാവു്' എന്നു രണ്ടാം പാദാരംഭത്തിൽ പദം മുറിച്ചു പ്രയോഗിച്ചിരിക്കുന്നതിൽ യതിഭംഗം ആരോപ്യമല്ല.

(62) തന്വംഗി പുത്രി ഗൃഹിണീ
പദമാൎന്നതോൎത്തു
കണ്വന്നു കണ്ണിലുളവായ്
ഗ്രഹണീവിലാസം
കിണ്വം കലൎന്നു രസമാശു
പുളിച്ചു പുണ്യം
കിണ്വത്തിലായിതി സുതാ
വിരഹേ വിചാരം

തന്വംഗി പുത്രി = തന്വംഗിയായ (കൃശാംഗിയായ) പുത്രി; ശകുന്തള എന്നു വിവക്ഷ. ഗൃഹിണീപദം = കുടുംബിനീപദവി. കണ്വന്നു് = കണ്വമഹൎഷിക്കു്, ഗ്രഹണീവിലാസം = ഗ്രഹണി എന്ന രോഗത്തിന്റെ പ്രവൃത്തി. ഗ്രഹണിയുടെ ലക്ഷണം വയററിൽനിന്നു വെള്ളത്തിന്റെ നിൎഗ്ഗമമാണല്ലോ. അതുകൊണ്ടു കണ്ണിൽ ഗ്രഹണീവിലാസം ഉണ്ടായി എന്നു വച്ചാൽ കണ്ണിൽനിന്നു കണ്ണുനീർ ധാരാളമായി പൊഴിഞ്ഞു എന്നൎത്ഥം. കിണ്വം കലൎന്നു് = കിണ്വം ചേൎന്നു്. കിണ്വം = മദ്യാദികൾ പുളിപ്പിക്കാൻ ചേൎക്കുന്ന പദാൎത്ഥം. (Ferment) രസമാശു പുളിച്ചു് = രസം പുളിച്ചിട്ടു്. പുണ്യം കിണ്വത്തിലായി = പുണ്യം പാപത്തിലായി. ഇതി സുതാവിരഹേ വിചാരം = ഇങ്ങനെ സുതാവിരഹത്തിൽ വിചാരം ഉണ്ടായി. കണ്വമഹൎഷിക്കു പുത്രീവിഷയമായുണ്ടായിരുന്ന വാത്സല്യരസം വിയോഗംകൊണ്ടു പുളിച്ചു് സ്വന്തപുണ്യമെല്ലാം പാപമായി പരിണമിച്ചതുപോലെ തോന്നി എന്നു താൽപൎയ്യം. സന്തോഷസ്ഥാനത്തു സന്താപം വന്നുകൂടിയതു പാപലക്ഷണം. മഹൎഷിയായ കണ്വനു പോലും പുത്രീവിരഹം അസഹ്യമായി തോന്നിയ സ്ഥിതിക്കു് സാധാരണ ഗൃഹസ്ഥന്മാരുടെ കഥ പറയാനില്ലല്ലോ എന്നു സാരം.

(63) വാത്സല്യസാരസുഷമോത്സ
രസോത്സവത്താൽ
പ്രോത്സൎപ്പിയാം ഹൃദയ
നിൎവൃതി ധന്യലഭ്യം
തോൽസഞ്ചിപോൽ സ്വഹിത
നിഷ്ഠകൾ സംഭരിക്കും
മാത്സൎയ്യവാൻ സുഖമതി
ന്നവകാശിയാമോ?

വാത്സല്യസാരസുഷമോത്സരസോത്സവം = വാത്സല്യം സാരമായിരിക്കുന്ന (പ്രധാനമായിരിക്കുന്ന) സുഷമോത്സരസം കൊണ്ടുള്ള ഉൽസവം. സുഷമോൽസരസം = സുഷമമായ (ഭംഗിയായ ഉൽസരസം = ഉറവയുടെ രസം. വാത്സല്യം നിമിത്തമായിട്ടു് ഊറി വരുന്ന രസം എന്നു പൊതുവിൽ അൎത്ഥം. പ്രോൽസൎപ്പി = ഇഴഞ്ഞുകയറുന്നതു്. ഹൃദയനിൎവൃതി = ഹൃദയത്തിന്റെ ആനന്ദം. ധന്യലഭ്യം = സുകൃതികൾക്കു മാത്രം ലഭിക്കുന്നതു്. സ്വഹിതനിഷ്ഠകൾ = തനിക്കു ഹിതമായിട്ടുള്ള താൽപൎയ്യങ്ങൾ. മാത്സൎയ്യവാൻ =

മൽസരമുള്ളവൻ. വാൽസല്യംകൊണ്ടുള്ള ആനന്ദവും രസാനുഭൂതിയും സുകൃതികൾക്കല്ലാതെ ലഭിക്കയില്ല. മററുള്ളവരുമായി മൽസരിച്ചു തന്നിഷ്ടം മാത്രം സംഭരിച്ചുകൊണ്ടിരിക്കുന്നവന് അങ്ങനെയുള്ള സുഖം ആസ്വദിക്കാൻ സംഗതിയാകയില്ല. സ്വാൎത്ഥപരന്മാരെ തോൽസഞ്ചിയോടുപമിച്ചതു് 'തോൽസഞ്ചിയ്ക്കു്' അതിനുള്ളിൽ ഇരിക്കുന്ന പദാൎത്ഥങ്ങളെക്കൊണ്ടു് പൂരണം ലഭിക്കുമെങ്കിലും അവയെ ആസ്വദിക്കാൻ സാധിക്കാത്തതുപോലെയാണെന്നു കാണിക്കാൻവേണ്ടിയാണ്. പുത്രീവിയോഗംകൊണ്ടുള്ള ശോകം വാൽസല്യത്തിൻെറ രൂപാന്തരമാണെന്നു മുൻശ്ലോകങ്ങൾകൊണ്ടു സമൎത്ഥിച്ചിരിക്കുന്നു.

(64) ശ്രീവാസുദേവപദപദ്മ
നിഷേവണാൎത്ഥം
ദേവാലയത്തിലൊരുനാ-
ളവൾ പോയനേരം
ഭൂവാസവാക്ഷിമധുപങ്ങൾ
തദീയരൂപ-
പ്പൂവായതിൽ പതിയുവാ-
നിടയായി ഗാഢം.

നിഷേവണാൎത്ഥം=സേവിക്കുവാൻ വേണ്ടി. ഭൂവാസവാക്ഷിമധുപങ്ങൾ=രാജാവിൻെറ കണ്ണുകളാകുന്ന വണ്ടുകൾ. തദീയരൂപപ്പൂവ്=അവളുടെ രൂപമാകുന്ന പൂവു്. രൂപകാലങ്കാരം. ഗാഢം പതിയുവാനിടയായി=ദൃഢമായിട്ടു പതിഞ്ഞു എന്നൎത്ഥം. ഭൂ 'വാസവൻ' എന്നു പറഞ്ഞതുകൊണ്ടു രാജാവിൻെറ ശൃംഗാരപ്രിയത്വം ഗമ്യം. രൂപപ്പൂവ് എന്നുള്ളതുകൊണ്ടു നായികയുടെ യൌവനം സൌകുമാൎയ്യം ഇത്യാദികൾ ധ്വനിതം.

(65) കണ്ണുള്ളവൎക്കു കഥമന്ധ-
തയെന്നിവണ്ണ-
മെണ്ണുന്നതത്ര ശരിയല്ലി-
തി മേ വിചാരം
മണ്ണിൽ പിറന്ന ജനമന്ധത
തീൎന്നു വാഴും
വിണ്ണിൽ ജനിച്ചവരുമക്ഷികൾ
ശൂന്യമായാൽ

കഥം=എങ്ങനെ. അന്ധത=കാഴ്ചയില്ലായ്മ. കണ്ണുള്ളവൎക്കു് എങ്ങനെ അന്ധത ഉണ്ടാകുന്നു എന്നിപ്രകാരം വിചാരിക്കുന്നതു് ശരിയല്ലെന്നാണ് എൻെറ വിചാരം എന്നു പൂൎവ്വാൎദ്ധത്തിനു പൊതുവിൽ അൎത്ഥം. കണ്ണുള്ളവൎക്കു അന്ധത ഉണ്ടാകയില്ലെന്നു വിചാരിക്കുന്നതു് ശരിയല്ലെന്നു താൽപൎയ്യം. കണ്ണില്ലെങ്കിൽ ഭൂമിയിലും സ്വൎഗ്ഗത്തിലും ഉള്ളവൎക്കു് അന്ധത ഉണ്ടാകയില്ല എന്നു് ഉത്തരാൎദ്ധത്തിനു് അൎത്ഥം. ഇവിടെ അന്ധതയ്ക്കു മൂഢത എന്നു് അൎത്ഥം ഗ്രഹിക്കേണ്ടതാണ്. കണ്ണുകൾ അന്ധതയ്ക്കു പരിഹാരമാണെങ്കിൽ കണ്ണുകൾ അധികമാകുംതോറും അന്ധത കുറഞ്ഞുവരേണ്ടതാണ്. നേരേമറിച്ചു് കണ്ണുകൾ കൂടുംതോറും അന്ധത കൂടുകയാണ് ചെയ്യുന്നതെന്നു് അടുത്ത ശ്ലോകംകൊണ്ടു സമൎത്ഥിച്ചിരിക്കുന്നു.

(66) ഓജായമാനനയനാവലി
മൂലമല്ലോ
ശ്രീജാനകീചപലനായതു
പംക്തികണ്ഠൻ
സ്ത്രീജാതിബന്ധമിടപെട്ടവ-
താളമേളം
പൂജാൎഹനാം വിബുധരാജന
മേററമുണ്ടായ്

ഓജായമാനനയനാവലി=ഊൎജ്ജസ്വലങ്ങളായ നയനങ്ങളുടെ പംക്തി. രാവണൻ ജാനകിനിമിത്തം ചപലനായതു രാക്ഷസത്വംകൊണ്ടാണെന്നു വല്ലവരും സമാധാനം പറഞ്ഞാൽ, അതല്ല കണ്ണുകൾ തന്നെയാണു ഹേതു എന്നു കാണിക്കുവാൻ രണ്ടാമത്തെ ഉദാഹരണം ഉപകരിക്കുന്നു. പൂജാൎഹനും വിബുധരാജനും ആയിരുന്നിട്ടുംകൂടി കണ്ണുകളുടെ കൂടുതൽ

നിമിത്തം ഇന്ദ്രന്ന സ്ത്രീവിഷയകമായി പല കുഴപ്പങ്ങളും ഉണ്ടായിട്ടുള്ളതു് ദൃഷ്ടാന്തമായിട്ടുദ്ധരിച്ചിരിക്കുന്നു. വിബുധരാജൻ എന്നാൽ വിദ്വജ്ജനാഗ്രേസരൻ എന്നും ദേവന്മാരിൽ ശ്രേഷ്ഠൻ എന്നും അർത്ഥം.

(67) കണ്ഠപ്തിപ്രഹീണസുഷമാ
വിഷമാഭിഷംഗാൽ
ജപ്തിക്കധീനത വഹിച്ചു
നൃപാലനേത്രം
തൃപ്തിപ്പെടാതനുപതിച്ചു
മനസ്സുകൂടെ
ജ്ഞപ്തിപ്രലുപ്തത കലൎന്നു
കുടുക്കിലായി

കണ്ഠപ്തിപ്രഹീണസുഷമാവിഷമാഭിഷംഗാൽ = കണ്ഠപ്തി പ്രഹീണമായ സുഷമയുടെ വിഷമമായ (ദുർഘടമായ) അഭിഷംഗം (സമ്മൎദ്ദം അഥവാ ദൃഢബന്ധം) ഹേതുവായിട്ടു്. കണ്ഠപ്തി പ്രഹീണം = കണ്ഠപ്തിഹീനം; അതിരററതു്. പ്രഹീണം എന്നതിൽ 'ന'കാരം 'ണ' കാരമായതു് 'പ്ര' എന്ന ഉപസൎഗ്ഗത്തിൻെറ യോഗം കൊണ്ടാണു്. അതു പോലെ അഭിഷംഗത്തിൽ 'സംഗ' ശബ്ദത്തിന്ന അഭിപൂൎവ്വത്വാൽ 'ഷ'കാരാദേശം. ജപ്തി = തടങ്കൽ; ഇതു് അന്യാധീനത്തെ തടയുന്നതിന്ന കോടതിയിൽ നിന്നു ചെയ്യുന്ന നിരോധനാജ്ഞയാണു്. കണ്ണിനെ അന്യവിഷയങ്ങളിൽ വ്യാപരിപ്പിക്കുന്നതിന്ന തടസ്സം ഉണ്ടായി എന്നൎത്ഥം. സൌന്ദൎയ്യാധിക്യം കൊണ്ടു കണ്ണു പിൻവലിക്കാൻ സാധിച്ചില്ല എന്നു സാരം. അഥവാ 'ജപ്തി' എന്നാൽ ജപം എന്നും അൎത്ഥം പറയാവുന്നതാണു്. 'ജപ' ധാതുവിൽ 'ക്തിൻ' പ്രത്യയയോഗം കൊണ്ടു 'ജപ്തി' എന്ന രൂപം സിദ്ധം. ഈ പക്ഷത്തിൽ അഭിഷംഗത്തിന്ന ദുഷ്ടദേവതാബാധ എന്നുംകൂടി അൎത്ഥം ഉള്ളതുകൊണ്ടു സുഷമയുടെ ദുർഘടമായ ബാധയെ എതിൎക്കുവാൻ നൃപാലനേത്രം ജപക്രിയയിൽ ഏൎപ്പെടേണ്ടതായി വന്നു എന്നു ഭാവം. ദേവതാബാധകൾ ഒഴിക്കുന്നതിന്ന മന്ത്രജപാദികൾ ആവശ്യമാണല്ലൊ. തൃപ്തിപ്പെടാതെ = ആസ്വാദനം മതിയാകാതെ. അനുപതിച്ചു = പിന്നാലെ ചെന്നു. ജ്ഞപ്തിപ്രലുപ്തത = ജ്ഞപ്തിയുടെ (ബോധത്തിൻെറ) പ്രലുപ്തത (ലോപം). മനസ്സിന്ന ബോധമില്ലായ്മ സംഭവിച്ചതു പോലെ കുടുക്കിലകപ്പെട്ടു എന്നു താൽപൎയ്യം.

(68) ആരാണസാമ്യമഴകാദര
പൂൎവ്വമാരാ—
ദാരാദ്ധ്യമെന്നു കരുതാ—
തിതിനേ ഗ്രസിപ്പാൻ
മാരാമരന്നരിയ കോമര
മായിടുന്നോൻ
ഘോരാപരാധനവ
നഭ്രപിശാചതുല്യൻ

അസാമ്യമഴകു് = നിസ്തുല്യമായ സൌന്ദൎയ്യം. ആദരപൂൎവ്വം = ആദരവോടുകൂടി. ആരാൽ = ദൂരെ അഥവാ സമീപത്തിൽ. "ആരാദ്ദൂരസമീപയോഃ" എന്നു് അമരം. ആരാദ്ധ്യം = ആരാധിക്കപ്പെടേണ്ടതു്. ഗ്രസിക്ക = മിഴുങ്ങുക. മാരാമരൻ = മാരനാകുന്ന അമരൻ (ദേവൻ)—അതായതു് കാമദേവൻ. കോമരം = വെളിച്ചപ്പാടു തുള്ളുന്നാവൻ. മാരൻ എന്നാൽ മരിപ്പിക്കുന്നവൻ എന്നും അമരൻ എന്നാൽ മരിക്കാത്തവൻ എന്നും ധാതുവശാൽ അൎത്ഥം. അങ്ങനെയുള്ള ഒരു വിചിത്രരൂപൻെറ കോമരം ആകുന്നതുകൊണ്ടു് കാമഗ്രസ്തന്മാരുടെ സ്ഥിതി ഏററവും വിചിത്രമായിരിക്കുമെന്നു ഭാവം. ഘോരാപരാധൻ = വലിയ അപരാധി. അഭ്രപിശാചൻ = രാഹു. അനന്യസാധാരണമായ ഈ സൌന്ദൎയ്യത്തെ ആദരപൂൎവ്വം ആരാധിക്കുന്നതിന്നു പകരം കാമദേവൻെറ കോമരമായി അതിനെ ഗ്രസിക്കുവാൻ തുടങ്ങുന്നാവൻ ആരോ അവൻ മഹാപരാധിയും രാഹുതുല്യനും ആകുന്നു എന്നു പൊതുവിൽ അൎത്ഥം. കോമളനായ ചന്ദ്രനെ രാഹു ഗ്രസിക്കുന്നതുകൊണ്ടു് പ്രസ്തുതാപ

രാധി രാഘവിനെപ്പോലെ നീചനും ദ്രോഹിയും ആകുന്നു എന്നു സാരം.

(69) സച്ചില്ലതാകുസുമമാം
സുഷമാവിശേഷ-
മുച്ഛിഷ്ടമെന്നു കരുതും വിധ
മെച്ചിലാക്കാൻ
ഇച്ഛിപ്പതെത്രയുമയോഗ്യ
മയോഗ്രമേല്പാ-
നുച്ഛൃംഖലൻ ഖലനു—
ലൂഖലവാൻ മുഖത്താൽ

സച്ചില്ലതാകുസുമം = സച്ചില്ലക്ഷണമായ ലതയുടെ കുസുമം. സച്ചില്ലതാകുസുമമാം സുഷമാവിശേഷം = പരമാത്മരൂപമായ ലതയുടെ പുഷ്പം പോലെ പ്രകാശിക്കുന്ന സുഷമാവിശേഷത്തെ. സത്തും ചിത്തും ആനന്ദവും ഏതുപോലെയോ അതുപോലെ സൌന്ദര്യവും ഒരു ആത്മലക്ഷണമാണെന്നു ഭാവം. ഉച്ഛിഷ്ടമെന്നു.........അയോഗ്യം = പകുതി ഭക്ഷിച്ച് ബാക്കി എച്ചിലാക്കിക്കളയുവാൻ ആഗ്രഹിക്കുന്നതെത്രയും അയോഗ്യമാണ്. അയോഗ്രം = ഇരുമ്പ് അഗ്രമായിട്ടുള്ളത്; ഉലക്ക എന്നർത്ഥം. ഉച്ഛൃംഖലൻ ഖലൻ = ഉച്ഛൃംഖലനായ (യാതൊരു നിബന്ധനയ്ക്കും വഴിപ്പെടാത്തവനായ (അതായതു താന്തോന്നിയായ) ഖലൻ (ദുഷ്ടൻ). മുഖത്താൽ ഉലൂഖലവാൻ = മുഖം കൊണ്ടു ഉലൂഖലത്തോടുകൂടിയവൻ — അതായത് മുഖമാകുന്ന ഉലൂഖലത്തോടുകൂടിയവൻ. ഉലൂഖലം = ഉരൽ. മുൻപറഞ്ഞ തരത്തിലുള്ള ഖലന്റെ മുഖത്ത് ഉലക്കകൊണ്ട് ഇടിക്കേണ്ടതാണെന്നു താൽപര്യം.

(70) കാതുണ്ടു കണ്ണിനിതി ശങ്ക
വെടിഞ്ഞൊരിംഗ്ലീഷ്
ജാതിപ്രമാണി കവി ചൊല്ലിയ
തൊട്ടപൂർണ്ണം
ഓതേണ്ടതുണ്ടു നയനത്തിനു
ജിഹ്വാ കുക്ഷി
ചേതസ്സു ദംഷ്ട്ര മുതലാ
യതുമുള്ളതായി

കണ്ണിനു കാതുണ്ടെന്നു ലാർഡ് ബൈറൺ എന്ന ഇംഗ്ലീഷു കവി പറഞ്ഞിട്ടുണ്ട്. അങ്ങനെ പറഞ്ഞിട്ടുള്ളത് ഒരു വിധത്തിൽ നോക്കുമ്പോൾ അപൂർണ്ണമാണ്. എന്തെന്നാൽ കണ്ണിനു നാക്ക്, വയറ്, മനസ്സ്, ദംഷ്ട്ര മുതലായതും കൂടി ഉള്ളതായി പറയേണ്ടതാകുന്നു എന്നു കവിയുടെ വിവക്ഷ. കണ്ണിന്റെ വ്യാപാരം കൊണ്ടു മുൻപറഞ്ഞ അവയവങ്ങളുടെ പ്രവൃത്തികൾ സാധിക്കാമെന്നു സാരം. കടാക്ഷാദി പ്രയോഗങ്ങളാൽ സംഭാഷണത്തിന്റെ ഫലം ജനിപ്പിക്കയും, അതു പോലെ നോട്ടം കൊണ്ട് സംഗതികൾ ഗ്രഹിക്കുന്നതിനാൽ ശ്രവണക്രിയ നടത്തുകയും, പരുഷവീക്ഷണം കൊണ്ട് കടിക്കുന്നതു പോലെ ചേഷ്ടിക്കയും, അചഞ്ചലമായ ദൃഷ്ടിപാതം കൊണ്ട് ആഹരിക്കുന്നതു പോലെ തോന്നിക്കയും, മനോവൃത്തിപോലെ ഭാവഭേദങ്ങൾ പ്രകടിപ്പിക്കയും സാധിക്കുന്നതാണെന്നു ആശയം. കണ്ണിന് ഇങ്ങനെ പല ചേഷ്ടകൾ ഉണ്ടെന്നു പറഞ്ഞിട്ടുള്ളതിൽ ഉദരം പോലെ പ്രവർത്തിക്കുന്നത് അടുത്ത ശ്ലോകത്തിൽ വർണ്ണിതം. പ്രസിദ്ധ കവിയായ ബൈറൺ ലാർഡ് (പ്രഭു) സ്ഥാനം കൂടിയുള്ളതു കൊണ്ടു "ഇംഗ്ലീഷ്ജാതിപ്രമാണികവി" എന്ന പ്രയോഗത്തിന്റെ ഔചിത്യം സ്പഷ്ടം.

(71) ഭൂപന്റെ നേത്രമതുകൊണ്ടിഹ
പെൺകടാവിൻ
രൂപം നുകർന്നുദരപൂർത്തി
സമൃദ്ധിമത്തായ്
കൂപത്തിൽ വീണുഴലുമാറു
നൃപനുദിച്ചോ-
രാപത്തു തെല്ലുമറിയാതവൾ
പോയ് മറഞ്ഞാൾ

ഭൂപന്റെ നേത്രം..........സമൃദ്ധിമത്തായ് = മൃഷ്ടാന്നം കഴിച്ചതു പോലെ കണ്ണുകൾക്കു തൃപ്തി ഉണ്ടായി എന്നു സാരം. കൂപത്തിൽ വീണുഴലുമാറ് = കിണററിൽ വീണാൽ അന്യസഹായം

ല്ലാതെ കരകേറുവാൻ സാധിക്കാത്തതുപോലെ എന്നു താൽപര്യം. നായികയാകട്ടെ രാജാവിനുണ്ടായ ഈ ആപത്തൊന്നും അറിഞ്ഞതുമില്ല.

(72) സംഗീതകം സരസമാശ്ശു
നിലച്ചതായും
സംഗീർണ്ണമാമമൃതധാര
മുറിഞ്ഞതായും
തുംഗീശകാന്തമുഖി ഹന്ത
മറഞ്ഞമൂലം
തുംഗീഭവിച്ചു നൃപചേതസി
വിക്ലബത്വം

സംഗീതകം സരസം=സരസമായ സംഗീതവിശേഷം. സംഗീർണ്ണം=വാഗ്ദാനം ചെയ്യപ്പെട്ടത്. തുംഗീശകാന്തമുഖി=തുംഗീശനെപ്പോലെ കാന്തമായ മനോഹരമായ മുഖത്തോടു കൂടിയവൾ. തുംഗീശൻ=ചന്ദ്രൻ. തുംഗി=രാത്രി. "തുംഗീ നിശാബർബ്ബരയോഃ"എന്നു മേദിനി. തുംഗീഭവിച്ചു=ഉന്നതമായിത്തീൎന്നു—വളൎന്നു എന്നൎത്ഥം. വിക്ലബത്വം=മനസ്സു പകച്ചുപോകുന്ന അവസ്ഥ; അമ്പരപ്പ്. സരസമായ സംഗീതം പെട്ടെന്നു നിൽക്കുമ്പോൾ ഉണ്ടാകുന്നതുപോലെയും, അമൃതധാര മുറിയാതെ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരിക്കെ അതു നിലച്ചുപോകുന്നതു പോലെയും,നായിക പോയി മറഞ്ഞപ്പോൾ ഇച്ഛാഭംഗംകൊണ്ട് രാജാവിൻെറ മനസ്സ് വളരെ പകച്ചുപോയി എന്നു സാരം.

(73) അസ്മാകമില്ല പരിഹാസര
സോത്സുകത്വം
വിസ്മാപനോക്തിവിഷയ
ത്തിലുമില്ല മോഹം
ഭസ്മാദിമന്ത്രവിധികൊണ്ടു
കഠോരമാരാ-
പസ്മാരബാധയൊഴിവാൻ
വഴി ലഭ്യമല്ല.

അസ്മാകം=നമുക്ക്—എനിക്ക് എന്നു താൽപര്യം. ഗൌരവത്തിനു ബഹുവചനപ്രയോഗം. പരിഹാസരസോത്സുകത്വം = പരിഹാസരസത്തിൽ ഉള്ള ഉത്സുകത്വം (ആസക്തി). വിസ്മാപനോക്തി=വിസ്മയം ജനിപ്പിക്കുന്നതായ ഉക്തി (വചനം). ഭസ്മാദി മന്ത്രവിധി=ഭസ്മം ജപിച്ചിടുക മുതലായ മന്ത്രവിധികൾ. മാരാപസ്മാരബാധ=മാരൻ നിമിത്തമായിട്ടുണ്ടാകുന്ന അപസ്മാര ബാധ. കാമദേവൻ നിമിത്തം ഉണ്ടാകുന്ന വികൃതികളെ ഒരുതരം അപസ്മാരബാധയായിട്ടു കവി സങ്കല്പിച്ചിരിക്കുന്നു. "ജ്ഞപ്തിപ്രലുപ്ത" എന്നു മുമ്പൊരു ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതിനെ നോക്കുക.

(74) കാസാവസാദ്ധ്യസുഷമാ
ലഹരീതി ചിന്താ-
യാസാവസായമിയലാതെ
യുഴലുന്നള്ളിൽ
ശ്രീസാരയാം ഗൃഹിണി വാസക
സജ്ജികാപി
ഹാ സാലഭഞ്ജിക ചലിപ്പതു
പോലെ തോന്നി

കാസാവസാദ്ധ്യസുഷമാലഹരീതി = കാ - അസൌ - അസാദ്ധ്യസുഷമാലഹരീ-ഇതി (എന്നു പദച്ഛേദം) = അസാദ്ധ്യസുഷമാലഹരിയായിരിക്കുന്ന അസൌ (ഇവൾ) കാ (ആര്) ഇതി (എന്നിപ്രകാരം). അസാദ്ധ്യ സുഷമാലഹരീ=അസാധാരണമായ സുഷമാലഹരിയോടു കൂടിയവൾ. ലഹരി=തിര. ചിന്തായാസാവസായം=ചിന്തകൊണ്ടുള്ള ആയാസത്തിൻെറ (ശ്രമത്തിൻെറ) അവസായം (അവസാനം). അവസായമിയലാതെ=അവസാനം കാണാതെ. ഉഴലുന്ന=കഷ്ടപ്പെടുന്ന. ശ്രീസാര=സൌന്ദര്യം സാരമായിട്ടുള്ളവൾ. ഗൃഹിണി=പത്നി. വാസകസജ്ജികാപി = വാസകസജ്ജികയായിരുന്നിട്ടും. വാസകസജ്ജിക=അലങ്കാരപൂൎവ്വം നായകനെ സൽക്കരിക്കുവാൻ സന്നദ്ധയായ നായികാ. വാസകസജ്ജാനായികാ ലക്ഷണം കാൺക.

"കൃതം വപുഷി ഭൂഷണം
ചികുരധോരണീധൂപിതാ
കൃതാ ശയനസന്നിധൌ
ക്രമുകവീടികാസംഭൃതിഃ
അകാരി ഹരിണീദൃശാ
ഭവനമേത്യ ദേഹത്വിഷാ
സ്ഫുരത് കനകകേതകീ
കുസുമകാന്തിഭിദ്ദുർദ്ദിനം."

ഹാ = കഷ്ടസൂചകമവ്യയം. സാലഭഞ്ജിക = മരപ്പാവ. അനന്യസാധാരണമായ കാന്തിപൂരമുള്ള നായികയെ കണ്ടിട്ട് ഇവളാരെന്നുള്ള വിചാരത്തിൽ ഒരു തുമ്പും കിട്ടാതെ രാജാവു് വളരെ വിഷമിച്ചു. അതുമല്ല നായികയുടെ സൌന്ദൎയ്യാതിശയം ഹൃദയത്തിൽ ഗാഢമായി പതിഞ്ഞിരുന്നതുകൊണ്ടു സ്വന്തം വേളിസുന്ദരിയും വാസകസജ്ജികയും ആയിരുന്നിട്ടുപോലും ജഡപദാൎത്ഥമായ ഒരു പാവപോലെ തോന്നിയതേയുള്ളു എന്നു സാരം. നായികയുടെ സൌന്ദൎയ്യാതിശയവും രാജാവിൻെറ അഭിനിവേശവും തന്നിമിത്തമുള്ള ഭാവഭേദവും ഇതുകൊണ്ടു ഗമ്യം.

(75) രാജ്യാദികാൎയ്യവിനിയോജ്യത
വിട്ടു നല്ലോ-
രാജ്യാദിയാജ്യവിധികൾക്കു
വിരക്തി തോന്നി
പ്രാജ്യാധിഭാജ്യമതിഃ ഭോജ്യ
സുഖാദിയെല്ലാം
ത്യാജ്യാൎത്ഥമായ്ക്കരുതി
പൂജ്യജനാഗ്രയായി

വിനിയോജ്യത = ഏൎപ്പെട്ടിരിക്കുന്ന സ്ഥിതി. രാജ്യാദികാൎയ്യവിനിയോജ്യത വിട്ടു = രാജ്യഭരണവിഷയങ്ങളിലും മററും ഇടപെടാതെയായി എന്നൎത്ഥം. ആജ്യാദിയാജ്യവിധികൾ = ആജ്യാദികളെക്കൊണ്ടുള്ള യാജ്യവിധികൾ. ആജ്യാദി = നെയ് മുതലായതു്. യാജ്യവിധി = യാഗംചെയ്യാനുള്ള വിധികൾ. നല്ലോരാജ്യാദിയാജ്യവിധികൾക്കു വിരക്തി തോന്നി = ബ്രാഹ്മണവൃത്തിക്കനുസരണമായുള്ള ഹോമാദികൎമ്മങ്ങളിൽ വിരക്തി തോന്നി എന്നു പൊതുവിൽ അൎത്ഥം. പ്രാജ്യാധിഭാജ്യമതി = പ്രാജ്യമായ (വലുതായ) ആധികൊണ്ടു (വ്യസനംകൊണ്ടു) ഭാജ്യമായ (ഛേദ്യമായ) മതിയോടു (ബുദ്ധിയോടു) കൂടിയവൻ. ഭോജ്യസുഖാദിയെല്ലാം = ഭക്ഷണസുഖം മുതലായവ. ത്യാജ്യാൎത്ഥമായ്ക്കരുതി = ത്യജിക്കപ്പെടേണ്ടതായി കരുതി. പൂജ്യജനാഗ്രയായി = ബഹുമാന്യജനങ്ങളിൽ അഗ്രേസരൻ. അഗ്രയായി = അഗ്രഭാഗത്തു പതിവായി ഗമിക്കുന്നവൻ—മുമ്പൻ എന്നൎത്ഥം. മുൻശ്ലോകവും ഈ ശ്ലോകവും അടുത്ത ശ്ലോകവുംകൊണ്ടു് കാമാതുരനായ രാജാവിനുണ്ടായ കുഴപ്പങ്ങൾ വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

(76) ദുദ്രാവ ഭദ്രസുഖനിദ്ര
ഹരിദ്ര പോലായ്
തദ്രാജവക്ത്രരുചി മുദ്ര-
സമാ ദരിദ്രാ
രുദ്രാക്ഷിമുദ്രയൊടുപദ്രവിയാം
ധനുഷ്മാൻ
ഛിദ്രാനുജീവി ഹൃദി
വൃശ്ചികമായി മാരൻ

ദുദ്രാവ ഭദ്രസുഖനിദ്ര = ഭദ്രസുഖമായ നിദ്ര ദുദ്രാവ ദ്രവിച്ചു (ഓടി എന്നൎത്ഥം). 'ദുദ്രാവ' എന്നതു് 'ദ്രു' ധാതുവിൻെറ ലിട് രൂപം. "ദുദ്രാവ സേനാ" ഇത്യാദി പ്രയോഗങ്ങൾ കാണ്ക. ഹരിദ്രപോലായ് തദ്രാജവക്ത്രരുചി = തദ്രാജവക്ത്രരുചി ഹരിദ്രപോലായ് ആ രാജാവിൻെറ വക്ത്രരുചി (മുഖശോഭാ) ഹരിദ്ര (മഞ്ഞൾ) പോലെയായി. മുഖം വിവൎണ്ണമായി എന്നൎത്ഥം. മുദ്രസമോ ദരിദ്രം = മുത്തുകൊണ്ടുള്ള (സന്തോഷം കൊണ്ടുള്ള) രസമാകട്ടെ ദരിദ്രമായി (ക്ഷയിച്ചു പോയി)—ഇല്ലാതെയായി. രുദ്രാക്ഷിമുദ്ര രുദ്രൻെറ (ശിവൻെറ) അക്ഷിയുടെ (കണ്ണിൻെറ) മുദ്ര (അടയാളം). ധനുഷ്മാൻ = വില്ലാളി. ഛിദ്രാനുജീവി = അന്യൻെറ ന്യൂനതകളെ ആശ്രയിച്ചു ജീവിക്കുന്നവൻ. വൃശ്ചികം = തേൾ—അതായതു് വിഷം കുത്തിച്ചെലുത്തുന്നവൻ എന്നു സാരം. പൂൎവ്വാൎദ്ധത്തിൽ കാമാതുരനായ രാജാവിൻെറ ഭാവ

ഭേദങ്ങൾ വർണ്ണിതം. ഉത്തരാൎദ്ധം കൊണ്ടു് കാമദേവന്റെ ഉപദ്രവത്തിന്റെ കാഠിന്യം വർണ്ണിക്കപ്പെട്ടിരിക്കുന്നു. കാമനാകട്ടെ രുദ്രാക്ഷിമുദ്രയുള്ളവനാണ്—അതായതു് ശിവന്റെ തൃക്കണ്ണിലെ അഗ്നി കൊണ്ടുള്ള ദാഹകത്വം വഹിക്കുന്നവനാണ്. അതിനു പുറമെ ഉപദ്രവിയും ആകുന്നു. കൂടാതെ ധനുഷ്മാനും ആണ്. അങ്ങനെയുള്ള കാമൻ രാജാവിന്റെ ഹൃദയത്തിൽ തേൾ പോലെ വ്യാപരിച്ചു എന്നു താൽപര്യം. ധനുഷ്മാൻ വൃശ്ചികമായി എന്നുള്ളതുകൊണ്ടു, ധനുസ്സോടുകൂടിയവൻ അതായതു് ധനുമാസത്തോടു ബന്ധപ്പെട്ടവൻ വൃശ്ചികമാസമായി തീൎന്നു എന്നു് ഒരു ഭാവം കൂടി സ്ഫുരിക്കുന്നു. ഇതു് വക്രഗതിയുടെ ലക്ഷണമാണു്.

(77) കാമേന കാന്വനുഗൃഹീത-
യിവണ്ണമന്യാ
കാ മേനകാ കുശികസൂനു
മനഃപിശാചീ
മാമേനമേവമവമൎദ്ദന
പാത്രമാക്കും
സാ മേ ന സംശയമപൂർവ്വ
വപുർവധൂടി

കാമേന കാന്വനുഗൃഹീതയിവണ്ണമന്യാ=[കാമേന-കാ-നു-അനുഗൃഹീത- എന്നു പദച്ഛേദം]=ഇപ്രകാരം അന്യയായ ഏവളൊരുത്തിയാണ് കാമനാൽ അനുഗൃഹീത. നു ചോദ്യസൂചകമായ അവ്യയം. കാ മേനകാ കുശികസൂനു മനഃപിശാചീ = കുശികസൂനുമനഃപിശാചീ-മേനകാ-കാ = കുശികസൂനുമനഃപിശാചിയായ മേനക ആകാ (ആര്). മേനക നിസ്സാരയാണെന്നു സാരം. കുശികസൂനു മനഃപിശാചീ=വിശ്വാമിത്രന്റെ മനസ്സിനെ പിശാചിനെപ്പോലെ പീഡിപ്പിച്ചവൾ എന്നാൎത്ഥം. വിശ്വാമിത്രൻ വനത്തിൽ തപസ്സുചെയ്തു നാഗരികത്വം വെടിഞ്ഞിരുന്ന അവസരത്തിൽ മേനക ചെന്നു വിശ്വാമിത്രനെ ചലിപ്പിക്കയാണ് ചെയ്തതു്. എന്നാൽ നായികയാകട്ടെ നാഗരികപ്രൌഢിയിൽ രാജഭോഗങ്ങളോടുകൂടി വൎത്തിക്കുന്ന എന്നെ തരളീകരിക്കുന്നുവല്ലോ എന്നു ഭാവം. മാമേനമേവം=മാം-ഏനം-ഏവം-എന്നു പദച്ഛേദം. മാംഏനം=ഏനംമാം=ഈ എന്നെ. ഏവം=ഇപ്രകാരം. അവമൎദ്ദനപാത്രം=അവമൎദ്ദനത്തിനു യോഗ്യം. സാ=അവൾ. മേ ന സംശയം=എനിക്കു സംശയം ഇല്ലാ. അപൂൎവ്വവപുഃ=അപൂൎവ്വമായ (മുമ്പില്ലാത്ത തരം) വപുസ്സോടുകൂടിയവൾ. വധൂടി=കുമാരി. അപൂൎവ്വവപുൎവ്വധൂടി=അത്ഭുതപൂൎവ്വമായ അംഗലാവണ്യത്തോടു കൂടിയ ബാലിക എന്നു സാരം.

(78) കാലക്രമത്തിലവ
ളാരിതി പീഠമൎദ്ദ-
ജാലപ്രയോഗമതുകൊണ്ടു
നൃപൻ ഗ്രഹിച്ചു
ഭൂലക്ഷ്യമററുദധി തന്നിലു
ഴന്നിടുമ്പോൾ
കൂലസ്ഥലസ്ഥിതി തിരി
ഞ്ഞതുപോലെയായി

പീഠമൎദ്ദൻ=നായികയെ വശപ്പെടുത്തുവാൻ നായകനെ സഹായിക്കുന്നവൻ. ജാലപ്രയോഗം. കൌശലപ്രയോഗം ഭൂലക്ഷ്യം=ഭൂമിയിലുള്ള ലക്ഷ്യം. ഭൂലക്ഷ്യമററ്=കരയറിയാതെ. ഉദധി=സമുദ്രം. കൂലസ്ഥലസ്ഥിതി=കൂലസ്ഥലത്തിന്റെ(കരയുടെ)കിടപ്പു്. മേൽ പ്രവൎത്തിക്കുന്നതിനുവേണ്ടതായ ഒരു ലക്ഷ്യം കിട്ടി എന്നു താൽപര്യം.

(79) പണ്ടാകകൊണ്ടു പൊളി
ഞാൻ പറയുന്നതായി—
ട്ടുണ്ടാകവേണ്ട വെറുതേ
ഹൃദി ശങ്കയാൎക്കും
മുണ്ടാസുമൂലമുളവായ—
തസത്യമാണോ?
തണ്ടാർശരന്റെ വികൃതി
ക്കൊരതിൎത്തിയുണ്ടോ?

ഈ കഥ പണ്ട നടന്നതായി പറയുന്നതുകൊണ്ട് കളവാണെന്നു ആരും ധരിക്കരുതെന്നു കാണിപ്പാൻ മുംടാസുബീഗം മൂലം ഉണ്ടായ ലഹളകളും ഇൻഡോർ രാജാവിന്റെ രാജ്യഭ്രംശവും പിന്നീട് അവളിൽ അനുരക്തനായിത്തീർന്ന ബൌളാ എന്ന വൎത്തക പ്രമാണിയുടെ പ്രാണഹാനിയും മറ്റും യഥാൎത്ഥമായി അടുത്ത കാലത്ത് നടന്ന സംഭവങ്ങൾ ആണല്ലൊ എന്നു കവി ഉദാഹരണരൂപേണ സമൎത്ഥിച്ചിരിക്കുന്നു.

(80) ക്ഷേമത്തിൻ കുലധാമമായ രവിയാൽ
വ്യോമത്തിലഭ്രോദ്ഗമം
ധൂമത്തിൻ ജനനത്തിനേവമന
ലൻ താനും നിമിത്തം തഥാ
പ്രേമത്തിൻ സമവായിഹേതു വിമല
ശ്രീമത്തകൊണ്ടിന്ദ്രിയ
ഗ്രാമത്തിന്നൊരു കാമിലയ്ക്കു
സമമായ് കാമഭ്രമം ക്രാമതി

ക്ഷേമത്തിൻ...... വ്യോമത്തിലഭ്രോദ്ഗമം = സകലൈശ്വൎയ്യങ്ങൾക്കും നിദാനമായിരിക്കുന്ന ആദിത്യൻ നിമിത്തമാണ് വ്യോമത്തിൽ (ആകാശത്തിൽ അഭ്രങ്ങളുടെ (മേഘങ്ങളുടെ) ഉദ്ഗമം ഉൽപ്പത്തി) ഉണ്ടാകുന്നത്. ധൂമത്തിൻ........ നിമിത്തം... ഏവം (ഇതുപോലെ) അഗ്നിഹേതുവായിട്ടാണു ധൂമം ജനിക്കുന്നത്. തഥാ=അപ്രകാരം. പ്രേമത്തിൻ സമവായി ഹേതു=പ്രേമത്തിന്റെ (അനുരാഗത്തിന്റെ) സമവായിഹേതു=വിട്ടുപിരിയാത്ത ഹേതു (കാരണം). വിമലശ്രീമത്ത=വിമലമായിരിക്കുന്ന ശ്രീമത്ത (ശ്രീയുള്ള സ്ഥിതി — ശോഭാ). പ്രേമത്തിൻ...... ശ്രീമത്ത കൊണ്ട്=പ്രേമത്തിനു കാരണമായ ശോഭാവിശേഷം കൊണ്ട് എന്നൎത്ഥം. ഇന്ദ്രിയഗ്രാമത്തിനു=ഇന്ദ്രിയ സമൂഹത്തിന്. കാമില=ഒരു വക അക്ഷിരോഗം. കാമഭ്രമം ക്രാമതി=കാമവിഷയമായ ഭ്രമം (വിഷയാസക്തി കൊണ്ടുള്ള ഇളക്കം) ക്രമിക്കുന്നു (ചരിക്കുന്നു.) പ്രഭാകരനായ സൂൎയ്യന്റെ കിരണങ്ങൾ വ്യാപരിക്കുന്നതു കൊണ്ടാണു മേഘങ്ങൾ ഉണ്ടാകുന്നത്. അതുപോലെ തന്നെ തേജസ്വിയായ അഗ്നിയുടെ ജ്വലനം കൊണ്ട് ധൂമവും ഉണ്ടാകുന്നു. അങ്ങനെ തന്നെയാണ് പ്രേമത്തിനെ ജനിപ്പിക്കുന്ന സൌന്ദൎയ്യാതിശയത്തിൽ നിന്ന് വിഷയാസക്തിരൂപമായ കാമം ഉണ്ടാകുന്നത്. ഈ മൂന്നു ദൃഷ്ടാന്തങ്ങളിലും തേജസ്സിന്റെ ഫലമായി തേജസ്സു തന്നെ ജനിക്കാതെ മാലിന്യം കൂടി ഉണ്ടാകുമെന്നു കാണിച്ചിരിക്കുന്നു. അങ്ങനെ ഉണ്ടാകുന്ന മാലിന്യം അതിനു ഹേതുഭൂതമായ തേജസ്സിനെ തന്നെ ആച്ഛാദനം ചെയ്യുന്നതായിട്ടും കാണുന്നു എന്നു സാരം. അതു കൊണ്ട് ശരീരകാന്തി നിമിത്തം ഉണ്ടാകുന്ന കാമഭ്രമം അനനുരൂപമായ ഒരു ഫലമാണെന്നും ആശാസ്യമല്ലെന്നും ധരിക്കേണ്ടതാകുന്നു.

പ്രഥമസൎഗ്ഗം സമാപ്തം.

# പാണിനി ആചാര്യൻ.

വി. ശങ്കരയ്യർ എം. ഏ., എൽ. ററി.

സംസ്കൃതവൈയ്യാകരണന്മാരിൽ അഗ്രഗണ്യനായ പാണിനി ആചാര്യൻ ഭാരതത്തിലെന്നല്ല വിദേശങ്ങളിൽ പോലും എല്ലാ സംസ്കൃതജ്ഞന്മാരുടേയും ശ്ലാഘയ്ക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ളതു സുപ്രസിദ്ധമായ സംഗതിയാണ്. ഇദ്ദേഹത്തിന്റെ ജീവിതചരിതവും ജീവിതകാലവും നിശ്ചയിക്കുന്നതിനു പര്യാപ്തങ്ങളായ ലക്ഷ്യങ്ങൾ ഇല്ലാത്തതുകൊണ്ടു അതു സംബന്ധിച്ചുള്ള നമ്മുടെ അറിവു വളരെ സങ്കുചിതമായിത്തന്നെ ഇരിക്കുന്നു എന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. ഭാഷാശൈലിയും അദ്ദേഹത്തിന്റെ കൃതികളിൽ നന്നു അഭ്യൂഹിക്കപ്പെട്ടിരിക്കുന്ന മററു ചില സംഗതികളും കാലനിർണ്ണയവിഷയത്തിൽ പല അഭിപ്രായവ്യത്യാസങ്ങളേയും അവതരിപ്പിച്ചിട്ടുണ്ട്. എന്നു വരികിലും ക്രൈസ്തവാബ്ദത്തിനു മുമ്പ് അഞ്ചാംശതകത്തിന്റെ ആരംഭത്തിൽ ഇദ്ദേഹം ജീവിച്ചിരുന്നതായി പ്രസ്താവിക്കുന്നതിൽ വലുതായ അസാംഗത്യത്തിനു വകയുണ്ടാവാൻ തരമില്ല. ഭാഷാശാസ്ത്രഗവേഷകന്മാരായ അനേകം പണ്ഡിതന്മാർ ആയുഷ്കാലം മുഴുവനും നിരന്തരപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്തിൽ ഈ വിഷയത്തെക്കുറിച്ചു കൂടുതൽ അറിവു സിദ്ധിക്കാൻ ഇടവരുമെന്നുള്ള പ്രത്യാശയുണ്ടെങ്കിലും ഈ ഉപന്യാസവിഷയത്തിനു ഇതു അത്രവളരെ പ്രധാനമല്ലാത്തതിനാൽ പ്രകൃതത്തിലേയ്ക്കു പ്രവേശിച്ചുകൊള്ളുന്നു. ഇൻഡ്യയുടെ പശ്ചിമോത്തരഭാഗങ്ങളിൽ അട്ടോക്കു നഗരത്തിനടുത്തുള്ള 'സാലാതുര' എന്ന ഗ്രാമം പാണിനിയുടെ ജനനസ്ഥലമാണെന്നു ഐതിഹ്യം ഘോഷിക്കുന്നു. ഇതിൽ കൂടുതലായി പാണിനിയെപ്പററി ഒന്നും അറിയാനിടയായിട്ടില്ല. എന്നാൽ ഇദ്ദേഹത്തിന്റെ ചെറുപ്പകാലജീവിതത്തെപ്പററിയും പിന്നീടുണ്ടായ യശസ്സിനെ പുരസ്കരിച്ചും വിവിധങ്ങളായ കഥകൾ ഉണ്ടായിട്ടുള്ളവ വിശ്വാസയോഗ്യങ്ങളല്ലാത്തവയും മിക്കവാറും അനന്തരകാലങ്ങളിൽ ഉത്ഭവിച്ചവയും ആകുന്നു. ഇങ്ങനെ പാണിനിയുടെ ജീവിതത്തെപ്പററിയും കാലത്തെപ്പററിയും നമ്മുടെ വിജ്ഞാനം തുലോം തുച്ഛമാണെങ്കിലും, അനുഗൃഹീതപുരുഷനായ ഇദ്ദേഹത്തിന്റെ കൃതിയെപ്പററി കേൾക്കാത്തവരോ പഠിക്കാത്തവരോ ആയിട്ടു സംസ്കൃതലോകത്തിൽ ആരുംതന്നെ കാണുകയില്ല. ആചാര്യവര്യന്റെ സന്താനമായ അഷ്ടാദ്ധ്യായി അതിവിപുലവും കൂലങ്കഷവും ശാസ്ത്രരീത്യാ അദ്വിതീയവും ആയ കൃതിയാണെന്നു സകലപണ്ഡിതന്മാരും സശിരഃകമ്പം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു.

ഭാരതത്തിൽ പഴയകാലം തുടങ്ങി വ്യാകരണസംബന്ധമായ ഗ്രന്ഥങ്ങളുടെ വളർച്ചയെപ്പററിയും, ആചാര്യന്റെ കൃതിക്കു കാരണഭൂതങ്ങളായ പരിതഃസ്ഥിതികളെക്കുറിച്ചും, പിൻകാലങ്ങളിൽ പാണിനീയതന്ത്രപ്രതിഷ്ഠയ്ക്കു ഉപോദ്ബലകങ്ങളായ കാര്യങ്ങളെക്കുറിച്ചും അല്പമൊന്നു ചിന്താവിഷയമാക്കുന്നതു പെ

ളുവെ ഭാഷാഭ്യസനത്തിനു ഉപയോഗപ്രദമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി അതിലേയ്ക്കായി തുനിയുന്നു. ഈ വിഷയത്തിൽ വിവിധവിജ്ഞാനങ്ങൾ നൽകീട്ടുള്ള പണ്ഡിതശ്രേഷ്ഠന്മാരായ ഡാക്ടർ ബെൽവൽകർ, പ്രൊഫസർ ഗോൽഡ്സ്ടക്കർ, പ്രൊഫസ്സർ രാജരാജവർമ്മ, ഡാക്ടർബർണ്ണൽ തുടങ്ങിയുള്ളവരോടുള്ള കൃതജ്ഞതയെ ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഭാരതഭൂമിയിൽ എല്ലാ ശാസ്ത്രസിദ്ധാന്തങ്ങളും ചർച്ചകളും മതപരമായ ചിന്തയിൽ നിന്നുമുണ്ടായവയാകുന്നു. വേദമന്ത്രങ്ങളുടെ പഠനത്തിൽ നിന്നു ശബ്ദശാസ്ത്രം വ്യാകരണം ഛന്ദഃശാസ്ത്രം ഇവയെ പരാമർശിച്ചുള്ള അന്വേഷണങ്ങൾ ഉണ്ടായിത്തുടങ്ങി. അതിൽ വ്യാകരണസംബന്ധമായ ഗവേഷണങ്ങൾ ഋഗ്വേദത്തിന്റെ അന്തിമഘട്ടത്തിൽ തന്നെ ആരംഭിച്ചിട്ടുള്ളതായി കാണുന്നുണ്ട്. "ചത്വാരി ശൃങ്ഗാഃ ത്രയോഽസ്യപാദാഃ" എന്നമന്ത്രത്തിനു പതഞ്ജലിമഹർഷിയുടെ ശബ്ദശാസ്ത്രപരമായ വ്യാഖ്യാനം തന്നെയാണോ മന്ത്രകർത്താവു വിവക്ഷിച്ചിരിക്കുന്നതു എന്നുള്ള കാര്യം സംശയഗ്രസ്തമാണെങ്കിലും ആ മന്ത്രത്തിനു ശബ്ദശാസ്ത്രതത്വഗർഭിതമായ ഒരർത്ഥം കല്പിക്കാവുന്നതാണെന്നുള്ളതു നിർവിവാദമാകുന്നു. ആദ്ധ്യാത്മികചിന്തകളും ചർച്ചകളും ആശയങ്ങളുടെ ഞെരുക്കംകൊണ്ടുണ്ടാവുന്നവയാകയാൽ ശബ്ദശാസ്ത്രതത്വാന്വേഷണവും ആദ്ധ്യാത്മികവിഷയങ്ങളിൽ പ്രധാനസ്ഥാനമർഹിക്കുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ?

ബ്രാഹ്മണഗ്രന്ഥങ്ങളുടെ കാലത്തെ ശാസ്ത്രദൃഷ്ട്യാ വീക്ഷണം ചെയ്യുമ്പോൾ വൈദികഭാഷയുമായി അനുസ്യൂതമായ ബന്ധം ശിഥിലമായി കഴിഞ്ഞിരിക്കുന്നുവെന്നും വേദഭാഷാരക്ഷണത്തിൽമാത്രം പണ്ഡിതന്മാർ ഉൽക്കണ്ഠാഭരിതരായിത്തീർന്നുവെന്നും തെളിയുന്നു. ഇതോടുകൂടി വൈദികഭാഷയുടെ വിശേഷങ്ങളെയും പ്രത്യേകതയേയും കാത്തുരക്ഷിക്കുന്നതിൽ അവർ ജാഗരൂകന്മാരായിരുന്നു. ഈ ശ്രമംതന്നെയാകുന്നു വ്യാകരണശാസ്ത്രസൗധത്തിന്റെ അസ്ഥിവാരക്കല്ല്. വേദമന്ത്രങ്ങളെ ശേഖരിച്ചു സംഹിതാരൂപത്തിൽ ചമച്ചതോടുകൂടി അക്ഷരങ്ങളെപ്പററിയും സ്വരം വൃത്തം ഉച്ചാരണക്രമം സന്ധി തുടങ്ങിയുള്ള വിഷയങ്ങളെപ്പററിയുമുള്ള അനേകം കൃതികൾ രചിക്കേണ്ടതായി നേരിട്ടു. അതുപോലെതന്നെ വേദരക്ഷണത്തിനായി കല്പിക്കപ്പെട്ട പദം ക്രമം ജട തുടങ്ങിയുള്ള പാഠവിശേഷങ്ങളുടെ ആവിർഭാവത്തോടുകൂടി സംഹിതാപാഠത്തിലുള്ള സന്ധിരൂപങ്ങളെ പിരിച്ചും പദങ്ങളെ സംബന്ധിച്ചിടത്തോളം പ്രകൃതിപ്രത്യയവിവേചനം ചെയ്തും അനുബന്ധങ്ങളെ വേർതിരിച്ചും പ്രതിപാദിക്കേണ്ട അവശ്യമുണ്ടായി. ചതുർവ്വിധമായ ശബ്ദരൂപങ്ങളും പ്രാകൃതസംജ്ഞകളും സാങ്കേതികപദങ്ങളും പ്രക്രിയാപരമായി യത്നങ്ങളും പ്രാതിശാഖ്യങ്ങളുടെ സ്വരൂപത്തിൽ ആദ്യമായി നമ്മുടെ ദൃഷ്ടിക്കു ഗോചരമാകുന്നതു ഈ ഘട്ടത്തിലാകുന്നു. പാണിനിയുടെ കൃതിക്കു അനുരൂപമായ പരിതഃസ്ഥിതികൾ നിരുക്തകാരനായ യാസ്കമുനിയുടെ കാലംതുടങ്ങി കാണാവുള്ളതുപോലെ നിരുക്തനിർമ്മാണത്തിനു ഉപകരിച്ച സൂചനകളും ഈ ഘട്ടത്തിൽ വിശദമായി കാണുന്നുണ്ട്.

പ്രാതിശാഖ്യസാഹിത്യത്തിനും പാണിനീയതന്ത്രത്തിനും തമ്മിലുള്ള അന്തരത്തി

ൽ ശബ്ദശാസ്ത്രപ്രവീണനായ യാസ്കാചാര്യൻ നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു. അദ്ദേഹത്തിൻെറ കൃതിയായ നിരുക്തത്തിൽ വേദങ്ങളിൽനിന്നു എടുത്തിട്ടുള്ള പ്രധാനപദങ്ങളുടെ ഉല്പത്തിപരമായും വ്യാകരണപരമായും ആഗമപരമായും ഐതിഹ്യപരമായും ഉള്ള ഗവേഷണമാണു സാധിച്ചിട്ടുള്ളതു്. ഹിരണ്യം, ഗൗഃ, അശ്വഃ, നദീ ഇത്യാദി പദങ്ങളെപ്പററിയുള്ള യാസ്കാചാര്യൻെറ ചർച്ചയിൽനിന്നു നിശ്ചയമായും ഒരുകാര്യം വെളിപ്പെടുന്നതു എന്തെന്നാൽ ഇവയുടെ രൂപനിഷ്പത്തിയെപ്പററിയും അർത്ഥനിഷ്പത്തിയെപ്പററിയും ഉള്ള നിഷ്കൃഷ്ടമായ ജ്ഞാനം അന്നുതന്നെ ലുപ്തപ്രായമായിരുന്നു എന്നുള്ളതാകുന്നു. യാസ്കാചാര്യൻ തൻെറ പൂർവ്വഗാമികളായ അനേകം ശാസ്ത്രകാരന്മാരെ പേരുപറഞ്ഞു സബഹുമാനം സ്മരിക്കുന്നതിൽനിന്നു ഈ വ്യവസായത്തിൽ അനേകം വിദ്വാന്മാർ ഏർപ്പെട്ടിരുന്നതായി തെളിയുന്നു. കൂടാതെ യാസ്കാചാര്യനു നാലുവിധമായ ശബ്ദവിഭാഗവും വിഭക്തിപ്രത്യയങ്ങളെ ധാതുപ്രത്യയങ്ങളിൽനിന്നു വേർതിരിക്കുന്ന സമ്പ്രദായവും കൃത്തദ്ധിതരൂപലബ്ധിപ്രകാരങ്ങളും സുപരിചിതമായിരുന്നു. നിരുക്തത്തിൻെറ രണ്ടാമദ്ധ്യായത്തിൽ ഭാഷകളുടെ ഉച്ചാരണത്തിൽ അനിവാര്യങ്ങളായി വന്നുകൂടുന്ന ആദിമദ്ധ്യാന്തലോപ-ദ്വിത്വ- ഷത്വ- ണത്വാദികളായ വിപരിണാമങ്ങളെ സോദാഹരണം വിശദമായി വർണ്ണിച്ചിരിക്കുന്നതു കണ്ടാൽ ഇന്നത്തെ ഭാഷാഗവേഷകന്മാർപോലും ആനന്ദാതിശയതുന്ദിലന്മാരാകാതെ നിവൃത്തിയില്ല. ഇന്നത്തെ ഭാഷാശാസ്ത്രത്തിൻെറ അതിപ്രധാനസിദ്ധാന്തവും പാണിനീയതന്ത്രത്തിൻെറ നാരായവേരും ആയ പ്രസ്ഥാനം, അതായതു അർത്ഥവത്തായ സർവ്വശബ്ദങ്ങളും ധാതുപ്രകൃതിയിൽനിന്നു ഉല്പന്നങ്ങളാകുന്നു എന്ന പ്രസ്ഥാനം, അനുഗൃഹീതമുനിവര്യനായ യാസ്കൻ പ്രസ്പഷ്ടമായി നിർവ്വചിച്ചിരിക്കുന്നു.

നിരുക്തകാരൻെറ കാലത്തിൽനിന്നു പാണിനിമഹർഷിയുടെ കാലത്തേയ്ക്കുള്ള അന്തരം വലുതായിപ്പോയെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കൂടാതെ സങ്കേതജടിലവും അതിസൂക്ഷ്മവും ആയ പാണിനിസൂത്രങ്ങളുടെ രചന നോക്കുമ്പോൾ യാസ്കാചാര്യൻവരെയുള്ള ഇടക്കാലത്തും വ്യാകരണശാസ്ത്രസംബന്ധമായ പല ശ്രമങ്ങളും നടന്നിരിക്കണമെന്നു അഭ്യൂഹിക്കാൻ ന്യായമുണ്ടു്. പ്രഥമ, ദ്വിതീയ, പ്രത്യയം, തല്പുരുഷൻ, കൃത്തു, തദ്ധിതൻ തുടങ്ങിയുള്ള ലക്ഷണനിർവ്വചനരഹിതങ്ങളായ സാങ്കേതികപദങ്ങളുടെ പ്രയോഗം പാണിനിആചാര്യൻെറ കൃതിയായ അഷ്ടാധ്യായിയിൽ സർവ്വസാധാരണമായി കാണുന്നതിൽനിന്നു, ഇവയുടെ അർത്ഥം പാണിനിയുടെ കാലത്തിനുമുമ്പു തന്നെ വളരെ പ്രചാരത്തിൽ ഇരുന്നിരിക്കണം എന്നുള്ളതു ഊഹ്യമായിരിക്കുന്നു. പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ കാണപ്പെടുന്ന അനേകം ഉദ്ധരണങ്ങളും ആപിശലി-കാശകൃത്സ്നപ്രഭൃതികളായ ഇടക്കാലത്തുണ്ടായിരുന്ന വൈയ്യാകരണന്മാരുടെ കൃതികളിൽനിന്നു ആയിരിക്കാനെ തരമുള്ളു. പാണിനിയും പലസ്ഥലത്തു പൂർവ്വദേശ്യന്മാരായ വൈയ്യാകരണന്മാരെ സ്മരിക്കുന്നുണ്ടു്. ഡാക്ടർബർണ്ണൽ ഈ പൂർവ്വദേശീയരായ വൈയ്യാകരണന്മാർ ഐന്ദ്രവ്യാകരണാനുയായികളാണെന്നും, ഐന്ദ്രവ്യാകരണം പാണിനിയ്ക്കു പ്രാചീനമായിട്ടുള്ളതാണെന്നും അദ്ദേഹത്തിൻെറ

"ഐന്തിരം നിറൈന്ത തൊൽകാപ്പിയ" ത്തിൽ സമത്ഥനം ചെയ്തിരിക്കുന്നു. എന്നാൽ ഈ തീർച്ചയെപ്പററി സംശയങ്ങളും ഇല്ലാതില്ല. പാണിനിക്കുമുമ്പ് മററനേകം പ്രസ്ഥാനങ്ങളും സിദ്ധാന്തങ്ങളും ഉണ്ടായിരുന്നകൂട്ടത്തിൽ ആചാര്യനൊ പതഞ്ജലിമഹഷിയോ കാശികാകാരനോ ഐന്ദ്രശാഖയെ പ്രത്യേകംസ്മരിച്ചുകാണുന്നില്ല. ഏതായാലും ആചാര്യൻ മുൻഗാമികളായ ആപിശലി-കാശ്യപ-ചാക്രവമ്മണ-ഭാരദ്വാജ-സേനക-ശാകടായനാദികളായ വൈയ്യാകരണന്മാരെ അവിടവിടെ സകൃതജ്ഞം സ്മരിക്കുന്നതുകൊണ്ട് അദ്ദേഹത്തിൻെറ മുൻകാലത്തിലും വ്യാകരണപരമായി നിരന്തരമായും വിപുലമായും ഉള്ള പരിശ്രമം നടന്നിരുന്നു എന്നുള്ളതു നിരാക്ഷേപമാണ്.

ഇത്രയും പ്രതിപാദിച്ചതിൽനിന്നു വളരെ പുരാതനകാലം മുതൽക്കുതന്നെ ശബ്ദശാസ്ത്രാന്വേഷണങ്ങൾ നടന്നുവരവെ കാലക്രമേണ അവയ്ക്കു ഒരു ശാസ്ത്രരൂപം സിദ്ധിക്കുകയും, അതോടുകൂടിത്തന്നെ ശബ്ദശാസ്ത്രവിഷയങ്ങൾ പണ്ഡിതന്മാരുടെ ഗാഢമായ ശ്രദ്ധയ്ക്കു പാത്രമാവുകയും, തദ്ദ്വാരാ ശാസ്ത്രത്തിനു ഗൗരവവും പ്രാധാന്യവും വദ്ധിക്കുകയും, പിന്നെ ശബ്ദശാസ്ത്രപരിധിയിൽ ഉൾപ്പെട്ട വിവിധശാഖകളിലും പ്രത്യേകം ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടി പതിയാൻ ഇടയാവുകയും, സംസ്കൃതഭാഷയുടെ സർവ്വതോമുഖമായ ശാസ്ത്രീയചച്ചയ്ക്കനുകൂലങ്ങളും പര്യാപ്തങ്ങളുമായ പരിതഃസ്ഥിതികളുടെ ആവിർഭാവത്തിനുള്ള ഉചിതകാലം പ്രാപ്തമാവുകയും ചെയ്തു എന്നു അനുമാനിക്കാവുന്നതാകുന്നു.

എല്ലാ പൂർവ്വാചാര്യന്മാരുടെയും വ്യാകരണശാസ്ത്രസംബന്ധമായ പരിശ്രമത്തെ ക്രോഡീകരിച്ചും, സാഹസപ്രയത്നത്താൽ ലഭ്യമായ ദാർഢ്യംകൊണ്ടും വൈകല്യംകൊണ്ടും സൂക്ഷ്മനിരീക്ഷണംകൊണ്ടും പൂർവ്വഗ്രന്ഥങ്ങളെ അതിശയിച്ചും, ഏതൽകാലപര്യന്തമുള്ള ഭാഷാശാസ്ത്രകാരന്മാരുടെ ചിന്തയ്ക്കു വിഷയീഭവിച്ചും, പൗരസ്ത്യ ശാസ്ത്രാന്വേഷണ കുശലതയ്ക്കു ഉത്തമമായ ശാശ്വത സ്മാരകസ്തംഭമായി വിളങ്ങുന്നതു പാണിനി ആചാര്യൻെറ അഷ്ടാദ്ധ്യായി എന്ന ഗ്രന്ഥരത്നമാകുന്നു. ഈ ഗ്രന്ഥം ഗീർവാണഭാഷ നിലനിൽക്കുന്നിടത്തോളം സുപ്രതിഷ്ഠിതമായി നിലകൊള്ളുന്നതു മാത്രമല്ല ശാസ്ത്രസങ്കേതത്തിനും ഗവേഷണമാർഗ്ഗത്തിനും മകുടോദാഹരണമായി ശോഭിക്കുന്നതുമാകുന്നു. കൂടാതെ സൂത്രരചനാരീതിയ്ക്കും അഷ്ടാദ്ധ്യായി ഒരു ഉത്തമ ദൃഷ്ടാന്തമാണെന്നുള്ളതും പ്രസ്താവ്യമത്രെ.

പ്രഥമദശനത്തിൽതന്നെ പാണിനീയതന്ത്രത്തിനും പൂർവ്വാചാര്യന്മാരുടെപ്രസ്ഥാനത്തിനും തമ്മിലുള്ള വ്യത്യാസം എല്ലാവക്കും നിഷ്പ്രയാസം മനസ്സിലാകും. പാണിനീയ പ്രസ്ഥാനത്തിൻെറ പ്രത്യേകത അതിൻെറ വിശാലമായ നിരീക്ഷണപരിപാടിയാകുന്നു. നിരുക്തമുൾപ്പെടെയുള്ള എല്ലാ പ്രാചീന പ്രസ്ഥാനങ്ങളും അതാതുകാലത്തിലുള്ള ഭാഷയുടെ അവസ്ഥാപരിഗണനം ചെയ്യാതെ വേദമന്ത്രങ്ങളുടെയും വൈദിക പദങ്ങളുടെയും വിശദീകരണത്തിനായി പുറപ്പെട്ടവയാകുന്നു. പാണിനിമുനിയുടെ ദൃഷ്ടിയാകട്ടെ അദ്ദേഹത്തിൻെറ കാലത്തിലുള്ള ഭാഷയുടെ—അതു വൈദികമായാലുംശരി, വൈദികഭിന്നമായിരുന്നാലും ശരി—പ്ര

യോഗപദ്ധതിയിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ പ്രധാന പരിശ്രമവും ഈ പ്രയോഗങ്ങളെ പുരസ്കരിച്ചുള്ള നിയമനിയന്ത്രണത്തിൽ തിരിഞ്ഞു. പോരെങ്കിൽ പാണിനിമുനിയുടെ വ്യാകരണം സംസ്കൃതഭാഷയെ മാത്രം പരാമർശിച്ച് നിർമ്മിച്ചതും വൈദികോദാഹരണങ്ങൾ കേവലം അപവാദങ്ങളായിച്ചൂണ്ടിക്കാണിച്ചിട്ടുള്ളതും ആകുന്നു എന്ന അഭിപ്രായം ഒട്ടും അപ്രധാനമല്ല. ആചാര്യൻ തന്റെ കാലത്തിൽ പ്രചുര പ്രചാരമായ ഭാഷാസ്വരൂപത്തെയാണു കൈകാര്യം ചെയ്തിട്ടുള്ളതും സ്വഗ്രന്ഥത്തിനു വിഷയമാക്കിത്തീർത്തിരിക്കുന്നതും എന്നുള്ളതിനു വേണ്ട തെളിവുകൾ അഷ്ടാദ്ധ്യായിയിൽനിന്നു സുലഭങ്ങളാണ്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ കോപത്തോടു സംസാരിക്കുമ്പോൾ ചില സമയം പററാവുള്ള വ്യഞ്ജനങ്ങളുടെ ദ്വിതപനിഷേധവും ദൂരാഹ്വാനത്തിലും സ്വാഗത വചനത്തിലും ആശീർവാദത്തിലും അനുഷ്ഠിക്കേണ്ട സ്വരവ്യത്യാസങ്ങളും, ദണ്ഡാദണ്ഡി, കേശാകേശി, യാമകി, അപചസി തുടങ്ങിയുള്ള പ്രയോഗങ്ങളും നിരർത്ഥകങ്ങളായിത്തീരും. മാത്രാലാഭം പുത്രലാഭമായി കരുതുന്ന ആചാര്യൻ അർത്ഥശൂന്യങ്ങളും ഉപയോഗശൂന്യങ്ങളും ആയ സൂത്രങ്ങൾ നിർമ്മിക്കുന്ന ക്ലേശം ഒരിക്കലും സഹിച്ചിരിക്കയില്ല.

ആചാര്യന്റെ നിരൂപണസമ്പ്രദായം ആധുനിക ശാസ്ത്രജ്ഞന്മാരുടെ സുസസമ്മതങ്ങളായ ചർച്ചാരീതികൾക്കു മാർഗ്ഗദർശകമായിരിക്കുന്നതിൽ അതിശയിക്കാത്തവർ ആരുമില്ല. പാശ്ചാത്യ ഭാഷാശാസ്ത്രജ്ഞന്മാരിൽ ഒട്ടും അപ്രധാനിയല്ലാത്ത പ്രൊഫസ്സർ ഒട്ടൊ ജസ്പഴ്സൻ ഇവയിൽ രണ്ടുരീതികൾക്കു അഗ്രസ്ഥാനം നൽകുന്നു. ഒന്നാമത്തേതു ഭാഷയെ കാണുന്ന രൂപത്തിൽ അങ്ഗീകരിച്ചു അതിലെ പ്രയോഗങ്ങളെ വിവിധോദാഹരണങ്ങൾകൊണ്ടു വ്യാഖ്യാനിക്കുക. രണ്ടാമത്തെ രീതി പദങ്ങളുടെയും പ്രയോഗങ്ങളുടെയും ആരംഭം തുടങ്ങിയുള്ള പരിവർത്തനങ്ങളെ കണ്ടുപിടിച്ചു് ആധുനികാർത്ഥത്തെയും പ്രയോഗത്തെയും അതിന്റെ ചരിത്രത്തോടു ഘടിപ്പിക്കുക. യശശ്ശരീരനായ പ്രൊഫസ്സർ രാജരാജവർമ്മകോയിത്തമ്പുരാനവർകൾ ആദ്യത്തെ രീതിക്കു ആഭ്യൂഹിക പ്രസ്ഥാനം (descriptive) എന്നും രണ്ടാമത്തേതിനു ആഗമിക പ്രസ്ഥാനം (historical or scientific) എന്നും നാമകരണം ചെയ്തിരിക്കുന്നു. പാണിനി ആചാര്യനാകട്ടെ ഈ രണ്ടു സരണികളിലും പ്രവേശിച്ചു ചർച്ച ചെയ്തിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിനു ശാസ്ത്രദൃഷ്ട്യാ മാഹാത്മ്യം കൂടുമെന്നുള്ളതിനു സംശയമില്ല. വൈദികഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾക്കുപോലും ഏകാവലംബമായിരിക്കുന്നതും ഭാഷാശാസ്ത്രവ്യസനികളുടെ സകല സംശയ നിവാരണത്തിനു ഉപകരിക്കുന്നതുമായി ഏതെങ്കിലും ഒരു വ്യാകരണഗ്രന്ഥം ഉണ്ടെങ്കിൽ അതു പാണിനിമുനി പ്രണീതമായ അഷ്ടാധ്യായി മാത്രമാകുന്നു.

പാണിനിമഹർഷിയുടെ കൃതി അന്വർത്ഥനാമത്തോടുകൂടിയതാകുന്നു. ഇതിൽ എട്ടുദ്ധ്യായങ്ങളായി വിഭജിക്കപ്പെട്ട നാലായിരത്തോളം സൂത്രങ്ങൾ അടങ്ങിയിരിക്കുന്നു. പാഠശുദ്ധിയെപ്പററി ഇതുവരെയും സംശയങ്ങളുണ്ടാകാത്തതു തന്നെ ആ ഗ്രന്ഥത്തിന്റെ പ്രചാരത്തിനു ഉത്തമസാക്ഷ്യം വഹിക്കുന്നു. സൂത്രങ്ങളുടെ ക്രമത്തെക്കുറിച്ചു

മാത്രം അഭിപ്രായഭേദം ഇല്ലാതില്ല. ആചാര്യന്റെ വിഷയപ്രതിപാദനരീതി വളരെ സുഗമമായിട്ടുള്ളതാകുന്നു. ആശയദ്യോതകമായ വാചകത്തിൽ ക്രിയാപദം സർവ്വപ്രധാനമായി വിളങ്ങുന്നു. അവസ്ഥാഭേദങ്ങളേയും കാലഭേദങ്ങളേയും പ്രകാശിപ്പിക്കുന്ന പ്രത്യയങ്ങളുടെ അനുബന്ധത്തോടുകൂടിയതാകുന്നു ധാതുരൂപം. അതുകൊണ്ടു രൂപസിദ്ധിനിരൂപണത്തിങ്കൽ പ്രഥമസ്ഥാനത്തെ ക്രിയാപദപ്രക്രിയ അർഹിക്കുന്നു. അടുത്തതായി സമസ്തമായോ അല്ലാതെയോ ഉള്ള ശബ്ദരൂപങ്ങളാണ്. ഇവ ധാതൂല്പന്നങ്ങളാണോ അല്ലയോ എന്നുള്ള ചർച്ച മാററിവയ്ക്കാൻ തരമില്ല. ഇതിനെല്ലാം മുമ്പായി ഗവേഷണസാധകമായ ശാസ്ത്രപ്രവൃത്തിക്കുള്ള സാങ്കേതികശബ്ദങ്ങളുടെ നിർവ്വചനവും, സന്ധികാര്യങ്ങളുടെ വിവരണവും, പരിഭാഷകളുടെ ഉപയോഗവും, പൊതുവെയുള്ള ശബ്ദപരിണാമത്തിന്റെ പരിഗണനവും സാധിക്കേണ്ടതായിട്ടുണ്ട്. ഈ സരണിതന്നെയാണ് ആചാര്യൻ അവലംബിച്ചിരിക്കുന്നതെന്നു എളുപ്പം മനസ്സിലാക്കാവുന്നതാണ്. അഷ്ടാദ്ധ്യായീപ്രതിപാദ്യവിഷയത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. "പ്രഥമേന ദ്വിതീയേന ച സംജ്ഞാപരിഭാഷസ്യ നിഗദനം, തൃതീയേന ധാതുജനിരൂപണോപയോഗിനാം തിങാം കൃതാം ച വിധി: ചതുർത്ഥേന പഞ്ചമേന ച പ്രാതിപദികജരൂപണോപയോഗിനാം സ്വാദിസ്ത്രീപ്രത്യയതദ്ധിതാനാം ച വചനം. ഷഷ്ഠസപ്തമാഭ്യാം പ്രകൃതി പ്രത്യയയോഗാപേക്ഷിത പ്രക്രിയാമാർഗ്ഗകഥനം. അഷ്ടമേ സർവ്വബഹിരങ്ഗകാര്യവിധി."

ശബ്ദനിഷ്പത്തിയെപ്പററി പ്രാതിശാഖ്യങ്ങളിലും ശിക്ഷാശാസ്ത്രങ്ങളിലും നിന്നല്ലാതെ കൂടുതലായി ഒന്നും എടുത്തിട്ടില്ല. എന്നിരുന്നാലും സംജ്ഞാസന്ധിപ്രകരണങ്ങളിൽ ശബ്ദോൽപത്തി, സ്ഥാനം, പ്രയത്നം, തുടങ്ങിയുള്ള വിഷയങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതോടുകൂടിത്തന്നെ സന്ധികാര്യങ്ങളായ ദീർഘ-ഗുണ-വൃദ്ധി സംപ്രസാരണ-സ്വരഭക്തി-ലോപ-ആഗമ-ആദേശ-ശ്ചുത്വ-ഷ്ടുത്വ-രസ്ത്വ-രുത്വ-ണത്വ-ഷത്വ-പരരൂപ-പൂർവ്വരൂപാദികളായ മാററങ്ങളും വിശദപ്പെടുത്തിയിരിക്കുന്നു. സ്വരഭേദം കൊണ്ടുണ്ടാകുന്ന അർത്ഥഭേദവൈശിഷ്ട്യങ്ങളെയും ബഹുവ്രീഹി-തൽപുരുഷ-സ്ത്രീപ്രത്യയ പ്രകരണങ്ങളിൽ വിവരിച്ചിട്ടുണ്ട്. മുമ്പുള്ള ഗ്രന്ഥങ്ങൾ വൈദികഭാഷയെ മാത്രം ലാക്കാക്കിയിരുന്നതിനാൽ ഇത്രയും ശാസ്ത്രീയമായ ഗണനയ്ക്കു പാത്രീഭവിച്ചിരുന്നില്ല. പാണിനിമുനി ഭിന്നോദാഹരണങ്ങളെയെല്ലാം ക്രോഡീകരിച്ചു അവയെ ആസകലം പരാമർശിക്കുന്നതായ നിയമങ്ങളാണു പുറപ്പെടുവിച്ചിട്ടുള്ളത്. വേദാന്തപരമായ ശബ്ദബ്രഹ്മനിരൂപണവും, ആചാര്യന്റെ ദൃഷ്ടിയിൽ പെടാതെയിരുന്നിട്ടില്ല. ശബ്ദങ്ങൾ നിത്യമാണെന്നും അവയുടെ പ്രകാശം സ്ഫോടസിദ്ധാന്തമനുസരിച്ചാണെന്നുമുള്ള തത്വചിന്തകൾ അഷ്ടാദ്ധ്യായിയിൽ അന്തർല്ലീനങ്ങളായി കാണ്മാനുണ്ട്. ഈ അസ്ഥിവാരങ്ങളുടെ ബലത്തിന്മേലത്രേ തത്വചിന്തകനായ ഭർത്തൃഹരി തന്റെ വാക്യപദീയ ഗ്രന്ഥത്തിൽ ശബ്ദബ്രഹ്മതത്വസൗധം അഭിലഷണീയമായ വിധത്തിൽ കെട്ടിയുയർത്തീട്ടുള്ളത്.

(തുടരും)

# പേടികാസന്യാസി.

(ഏകാങ്ക സംഗീതനാടകം)

വി. കൃഷ്ണൻതമ്പി ബി. ഏ.

[കടൽക്കരയിൽ ഒരു പൊളിഞ്ഞ പെട്ടി. അതിനുള്ളിൽനിന്നു് സംഗീതധ്വനി കേൾക്കുന്നു. പെട്ടിയുടെ മൂടി സാവധാനത്തിൽ ഉയരുന്നു. പെട്ടിക്കുള്ളിലിരുന്നു നാലു പുറവും സൂക്ഷിച്ചു നോക്കീട്ടു് മൂടി മുഴുവൻ ഉയർത്തി ഒരാൾ വെളിയിൽ ഇറങ്ങി വരുന്നു. ഒരു രാജകുമാരനാണു്. ഉള്ളിൽ അത്യുജ്ജ്വലമായ വേഷവും പുറമേ കാഷായവും ധരിച്ചിട്ടുണ്ടു്. പാട്ടു തുടന്നു കൊണ്ടു് ഭക്തി അഭിനയിച്ചു് ഉലാത്തുന്നു.]

രാമ ഹരേ, രാമ ഹരേ, ജനകജാഭിരാമ
രാമ, രവികുലജലനിധിസോമ, ഖലഭീമ,
സംസാരം ഗതസാരം ദുരിതപാരാവാരം
ദുസ്താരം ഭീതികരം പാഹി ഹരേ പാഹി

എത്രയോ നാളായി ഞാൻ ലോകമേ വെറുത്തു ജീവിക്കുന്നു. മനുഷ്യരുടെ സംസർഗ്ഗംകൂടി എനിക്കു ഭയാവഹമാകുന്നു. ഹാ, ഭക്തൈകശരണനായ, സരസിജ ചരണനായ ശ്രീരാമചന്ദ്രന്റെ കൃപാവിലാസത്താൽ എനിയ്ക്കു് ഉചിതമായ ആവാസമായി ഈ ജീർണ്ണപേടകത്തെ വരുണദേവൻ വാത്സല്യപൂർവ്വം കാഴ്ചവച്ചിരിക്കുന്നു. പ്രലോഭനശതങ്ങളെക്കൊണ്ടു് പാംസുലമായ ജഗത്തിൽനിന്നു വേർപിരിഞ്ഞു് ഈ വിജനമായ സമുദ്രതീരത്തു്, ഈ പൊളിഞ്ഞ പെട്ടിക്കുള്ളിൽ അഭയം പ്രാപിച്ചു്, ഇതാ ഞാൻ ശാന്തമായി എന്റെ കർമ്മശേഷം അനുഭവിച്ചു തീർക്കുന്നു. സ്വജനങ്ങൾ എന്നെക്കാണ്മാൻ കൊതിച്ചു കാത്തിരുന്നു കൊള്ളട്ടെ. അവർ എന്നെ എങ്ങും തിരക്കിക്കൊള്ളട്ടെ. ധീരനും സ്ഥിരചിത്തനുമായ ഞാൻ അവരുടെ സമീപത്തേയ്ക്കു ചെല്ലുകയുമില്ല, ഭാഗ്യവശാൽ ഇങ്ങനെ ഒതുങ്ങിപാർക്കുന്ന എന്നെ യാതൊരുത്തരും കണ്ടുപിടിക്കയുമില്ല. (പെട്ടെന്നു മധുരമായ ഒരു ഗാനധ്വനി കേൾക്കുന്നു. രാജകുമാരൻ ഞെട്ടുന്നു) എന്തു്! ഇവിടെയും ആരെങ്കിലും എത്തിയിരിക്കുന്നോ? (ബദ്ധപ്പെട്ടു പെട്ടിക്കുള്ളിൽ കയറി മറയുന്നു).

രാജകുമാരി:—(ഉജ്ജ്വലവേഷയായി മദാവിഷ്ടയായി, പവനാലിംഗനസുഖമനുഭവിച്ചു് കാററിലുലയുന്ന വസ്ത്രത്തെ ഇടയ്ക്കിടെ പിടിച്ചു കൊണ്ടു് പാടി നർത്തനം ചെയ്തു പ്രവേശിക്കുന്നു.)

മാനസമതിൽ മദമണച്ചിടുന്ന
സതതചലിതരുതസലിലനിധി
പുണർന്നിടുന്നുടൽ മമ സുദൃഢമദയമിത
മാരുതധൂർത്തൻ, മാരശരാർത്തൻ
മുതിർന്നിടുന്നിതു തുകിലപഹരിപ്പാൻ-മാ
[നസ-

ആശ്ചര്യം! ആശ്ചര്യം! നൃത്തം, ഗീതം, സാഹിത്യം, പ്രഹസനം, മുതലായ സകലലളിതകലകളിലും രാപ്പകൽ വ്യാപരിച്ചു ഞാൻ ക്ഷണങ്ങളെന്നപോലെ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു. എന്നാൽ (കുറെ ആലോചിച്ചു്) ഒന്നിലും തന്നെ ശാശ്വതമായ സുഖം ഒരിക്കലും എനിക്കു ലഭിച്ചിട്ടില്ല. ഓരോ പുതിയ സുഖം അനു

ഭവിക്കുംപോഴും അതിൽ മനസ്സു മുഷിഞ്ഞു മററു പുതിയ സുഖങ്ങൾ തേടുവാൻ ഉത്കണ്ഠ വദ്ധിക്കുന്നു. ഇന്നാകട്ടെ ഞാൻ അവയിൽനിന്നും, നമ്മുടെ പരിജനപ്പരിഷകളിൽനിന്നുമൊക്കെ യദൃച്ഛയാ തെററിത്തിരിഞ്ഞു് ഒററയായി വളരെ ദൂരം സഞ്ചരിച്ചു് ഇപ്പോൾ ഇവിടെ എത്തി. എന്തൊരു നിർവൃതിയാണു്. എന്തൊരു പുതിയ സ്വാതന്ത്ര്യസുഖമാണു് എനിക്കനുഭവപ്പെടുന്നതു്. സംശയമില്ല. സുഖമെന്നു പറയുന്ന ഈ ബന്ധങ്ങളിൽ നിന്നൊക്കെമോചനംതന്നെയാണു് ഒന്നാമതായ ആനന്ദം.

രാജകുമാരൻ:—(സാവധാനത്തിൽ പെട്ടി തുറന്നുനോക്കിക്കൊണ്ടു്) ആവൂ! അയാൾ പൊയ്ക്കഴിഞ്ഞു, പൊയ്ക്കഴിഞ്ഞു. ശബ്ദം യാതൊന്നും കേൾക്കുന്നില്ല. (പെട്ടെന്നു താഴെ നോക്കി ഭയപ്പെട്ടും പരിഭ്രമിച്ചും) ഇല്ല. പോയിട്ടില്ല. ഇതാ സാത്വികചിത്തവൃത്തിപോലെ ധവളമായ ഈ മണൽത്തറയെ മലിനപ്പെടുത്തുമാറു താമസമായ ഒരു നീണ്ട നിഴൽ കാണുന്നു. എന്തു്! നിഴൽ കണ്ടിട്ടു് സ്ത്രീയാണെന്നു തോന്നുന്നുവല്ലോ (പ്രകാശം) ഹേ! മാറിപ്പോകുക. മാറിപ്പോകുക. നിങ്ങൾ സ്ത്രീയാണെന്നു തോന്നുന്നു. പുരുഷസംസൎഗ്ഗത്തിൽ നിന്നുകൂടി ഞാൻ പിന്മാറിയിരിക്കുന്നവനാണു് മാറിപ്പോകുക.

രാജകന്യ:—(സ്വഗതം) ആശ്ചര്യം. ആൾ ഉന്മത്തനാണു് സംശയമില്ല. എന്നാൽ സ്വരംകൊണ്ടു തീച്ചപ്പെടുത്തുകയാണെങ്കിൽ അസാധാരണനുമാണു്. അതിനാൽ ഉന്മാദം താത്കാലികമായിരിക്കാനേ ഇടയുള്ളു. പക്ഷേ നേർവഴിയ്ക്കു് കൊണ്ടുവരാൻ സാധിച്ചു എന്നുവരാം. ഏതായാലും ആളെ ഒന്നു കാണണം. (പ്രകാശം) ഇതാ ഞാൻ മാറികഴിഞ്ഞു.

രാജകുമാരൻ:—(സന്തുഷ്ടനായി പെട്ടി അല്പം തുറന്നു്) അവൾ പൊയ്ക്കഴിഞ്ഞു എന്നു തോന്നുന്നു. (ചുററും നോക്കുന്നു. രാജകന്യയാകട്ടെ അയാളുടെ ദൃഷ്ടിയിൽ പെടാത്തമട്ടിൽ പെട്ടിക്കു ചുററും നടന്നു് അയാളെ നിർവർണ്ണനം ചെയ്യുന്നു.)

രാജകന്യ:—(സ്വഗതം) രൂപവും അസാധാരണം.

ധീരം മധുരം ഗഭീരം ഘനധ്വാന
തുല്യമുദിപ്പു സ്വരം
പാരമാകാരം സുഖാവഹം കണ്ണിണ-
യ്ക്കാതിഥ്യമേകീടുന്നു
മാന്യമാമന്വയം തന്നിൽ പിറന്നോരു
ധന്യനിവൻ നിൎണ്ണയം ഹന്ത
സന്യാസമാൎന്നിങ്ങു പോന്നമൎന്നീടുവാൻ
കൈവന്ന ഹേതുവേതോ.

(മുന്നോട്ടു ചെന്നു പ്രകാശം) അല്ലയോ മഹാത്മാവേ! (സന്യാസി ബദ്ധപ്പെട്ടു പെട്ടിയടയ്ക്കുന്നു) (കുറേക്കൂടി ഉച്ചത്തിൽ) അല്ലയോ! മഹാത്മാവേ ഞാൻ ഒരു വാൎത്ത ഉണൎത്തിക്കൊള്ളട്ടെയോ? ഇപ്രകാരമുള്ള സ്വരവും രൂപവും ഈപൊളിഞ്ഞ പെട്ടിയ്ക്കുള്ളിൽ മറച്ചുവച്ചു് അവിടുന്നു ലോകത്തെ വഞ്ചിക്കുന്നതു ശരിയാണോ? ഘടദീപം എന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ഇതാണു സാക്ഷാൽ ദശിക്കുന്നതു്. ഇവളുടെ അപേക്ഷ സ്വീകരിക്കണേ.

ദിനാന്തകാന്തിനിരന്തര ബന്ധുര
ദിഗന്തമതിലായി ദുരന്തമരുളുക.

ശൂന്യേതരമാക്കുക സായാഹ്നം
സരസാലാപവശാൽ—
ധന്യതയും ചേക്കുകയിവളിലലം-
(ദിനാന്തം).

രാജകുമാരൻ:-(പെട്ടി അല്പം തുറന്നു, കോപത്തോടുകൂടി അവളെ നോക്കീട്ട്) വാക്കുകൊണ്ടും വേഷംകൊണ്ടും നീ വെറും പ്രാകൃതയാണ്. എങ്കിലും നമുക്കു ദയവേ തോന്നുന്നുള്ളൂ. അതിനാൽമാത്രം ഇത്രയും പറയുന്നു. നീ സർവ്വവിശിഷ്ടമെന്നുകരുതുന്ന സ്വരൂപാദികളെല്ലാം നിമിഷംകൊണ്ടുനശിച്ചുപോകുന്നവയാണെന്നു ബോധിക്കുക. അനശ്വരമായി സനാതനമായി ഒരൊററവസ്തുവേ ഉള്ളൂ. സ്വരമാധുര്യം രൂപലാവണ്യം മുതലായ സകലതും അവിടെ ലയംപ്രാപിക്കുന്നു. ഓരോന്നും അതിൻെറ പരമകാഷ്ഠയെ പ്രാപിച്ച്, എന്നാൽ അഖണ്ഡമായി, അനന്യസാധാരണമായി അനിർവ്വചനീയമായി ആ വസ്തുവിൽ അമൎന്നുകിടക്കുന്നു. ആ പരമാത്ഥവസ്തുവിൻെറ ബോധം നിനക്കു സിദ്ധിക്കുമ്പോൾ, ഈ ക്ഷുദ്രങ്ങളായ ലൌകികസുഖങ്ങളെപ്പററി നിനക്കുണ്ടാകാവുന്ന അവജ്ഞയെ ഞാനെങ്ങനെ പറഞ്ഞറിയിക്കട്ടെ. വൃക്ഷാഗ്രത്തിൽനിന്നു രസം തിങ്ങുന്ന ഫലങ്ങൾ എത്തിപ്പറിക്കാൻ സാധിക്കുന്ന ഉന്നതനായ ഒരാൾക്ക് ഭൂമിയിൽ വീണുകിടക്കുന്നവയും, എത്രയോ ജന്തുക്കൾ ഭക്ഷിച്ചുശേഷിച്ചവയും വാമനന്മാൎക്കുമാത്രം തൃപ്തിനൽകുന്നവയുമായ ഫലാഭാസങ്ങളിൽ എന്തവജ്ഞ തോന്നുന്നുവോ ആ അവജ്ഞയാണ് തത്വബോധം ലഭിക്കുമ്പോൾ നിനക്കു ലോകസുഖങ്ങളെപ്പററി തോന്നാവുന്നത്. അതിലേയ്ക്കായി പ്രവത്തിക്കുക മൂഢേ, അതിലേക്കായി പ്രവത്തിക്കുക, (മുഷിവുഭാവിച്ച്) അഥവാ തത്വവിമുഖമായ ബധിരമായ ഒരു പ്രാകൃതലോകത്തോടു നാം എന്തു പറയട്ടേ.

രാജകന്യ:— ബാധിയ്യത്തിന് ജൌഷധമാണ് അങ്ങയുടെ വാക്കുകൾ. അവ പലെടത്തും എൻെറ അനുഭവത്തെ സ്പശിക്കുന്നു. സുഖങ്ങൾ ഓരോന്നും അപൂണ്ണമാണെന്ന് എനിക്കനുഭവമുണ്ട്. അവ കൊണ്ടു തൃപ്തിവരായ്കയാൽ എനിയ്ക്കു മുഷിവും കോപവും തോന്നീട്ടുമുണ്ട്. എന്നാൽ അങ്ങുമാത്രമേ അതു പറഞ്ഞു കേൾക്കുന്നൊള്ളു. തുടൎന്നു പലതും കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അസുന്ദരമായ മറവിൽ നിന്ന് വെളിയ്ക്കു വരേണമേ. അവിടുത്തെ ഉപദേശം ഗ്രഹിപ്പാൻ ഉത്സുകയായ ശിഷ്യയായി എന്നെ സ്വീകരിപ്പാൻ ദയവുണ്ടാകണമേ.

രാജകുമാരൻ:— (സ്വാഗതം). എന്ത്? ഉപദേശം ഗ്രഹിയ്ക്കാൻ ഉത്സുകയാണെന്നല്ലേ പറയുന്നത്. അങ്ങനെയുള്ളവരെ ഉപേക്ഷിക്കരുതെന്നു നാം ധരിച്ചിട്ടുണ്ട്.

"വിദ്യയ്ക്കായഭയത്തിന്നായ്
മൈത്രിക്കായ് കേണിരന്നിടും
കരത്തെ പിൻതിരിയ്ക്കുന്നോ-
ക്കവമൃന്നംവിളങ്ങിടാ."

എന്നുമാത്രമല്ല വിദ്യ പകരുന്തോറും വദ്ധിക്കുന്നതാകയാൽ നമുക്കും നന്നുതന്നെയാണ്. (പ്രകാശം) നീ ജിജ്ഞാസുവാകകൊണ്ടുമാത്രം നാം പ്രത്യക്ഷപ്പെടാമെന്നു വിചാരിക്കുന്നു. [പെട്ടിയുടെ മൂടി മുഴുവൻ മാററുന്നു. രാജകന്യ സന്തുഷ്ടയായി അടുത്തുവരുന്നു. രാജകുമാരൻ പരിഭ്രമിച്ച്]

എന്നാൽ ദൂരത്തു നിൽക്കുക. ദൂരത്തു നിൽക്കുക. സായാഹ്നദീർഘമായ നിന്റെ നിഴൽ എന്റെ ആവാസഭൂതമായ പെട്ടിയെ മലിനപ്പെടുത്തരുത്. ദൂരത്തു നിൽക്കുക.

രാജകന്യ:—(മാറിനിന്നു്) ഞാൻ അനുഗൃഹീതയായി.

രാജകുമാരൻ:—(പെട്ടിയിൽ നിന്നു പുറത്തുവന്നു് അവളെ സൂക്ഷിച്ചിട്ടു സ്വഗതം). ഇവൾ വെറും പ്രാകൃതയല്ല. എന്തെന്നാൽ—

എന്മാനസമോക്കിലാര്യമപഥത്തിൽ
സഞ്ചരിക്കില്ല തെല്ലും.
തിന്മയിൽ തെല്ലും രമിയ്ക്കില്ലൊരിക്കലും
നൂനമീയെന്മിഴികൾ
ഇമ്മാനിനീമുഖം കണ്ടു വിരക്തി
വളർന്നിടുന്നില്ലാകയാൽ
ജന്മാന്തരാഗതബ്രഹ്മവിദ്യാകലാ
ശോഭനമീയാനനം

ഇവൾ ഉപദേശം ഗ്രഹിപ്പാൻ അധികാരി തന്നെയാണ്. സംശയമില്ല. (പ്രകാശം) ആകട്ടെ നിനക്ക് എന്തിനെപ്പററിയാണു ജിജ്ഞാസയുള്ളതു്?

രാജകന്യ:—എല്ലാത്തിനേയും പററിത്തന്നെ, ആദ്യമായി അവിടുത്തെപ്പററി. അവിടുന്നു വിവാഹം കഴിച്ചിട്ടുണ്ടോ?

രാജകു:—(ചെവിപൊത്തിക്കൊണ്ടു്) ശാന്തം പാപം

അറിവേൻവിവാഹമിതു ദുരിതൈകകാരണം
അഖിലജനഹാസ്യമതിഘോരദാസ്യം.
ജനിമൃതിഭയാവഹം ജലജനമനോഹരം
സംസാരമാം തരുവിനേകമൂലം
ഇഹകദനദായകം പരഗതിപിധായകം
പരമശിവഭക്തിക്കു വൻകുഠാരം.

രാജകന്യ:—അവിടുന്നു കയക്കരുതു്. ഒന്നു ഞാൻ ഉണർത്തിച്ചുകൊള്ളട്ടേ. ലൗകികസുഖങ്ങൾ യാതൊന്നും അങ്ങു് അറിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് അവയെപ്പററി അങ്ങയുടെ അഭിപ്രായത്തിൽ എങ്ങനെയാണു് എനിക്കു് വിശ്വാസമുണ്ടാവുക?

രാജകുമാരൻ:—(സാഭിമാനം). എന്നാൽ കേട്ടുകൊള്ളുക. ആത്മസ്തുതി ചെയ്യുന്നതായി കരുതേണ്ട. വിശ്വവിശ്രുതമായ ശ്രീനഗരത്തിലെ വിപുലമായ രാജ്യലക്ഷ്മിയെ ഞാൻ സ്വന്തമനസ്സാലെ ഉപേക്ഷിച്ചു പോന്നിട്ടുള്ളവനാണു്. രാജ്യാദിവിഭവങ്ങളും മററും ഞാൻ തൃണമായി കരുതുന്നവനാണു്.

രാജകന്യ:—(നിസ്സാരത്വം നടിച്ചു്). ഇതിൽ പുതുമയൊന്നുമില്ലല്ലോ. രാജ്യാദിസുഖങ്ങളൊക്കെ ഞാൻ ആസ്വദിച്ചും അറിഞ്ഞും വിലമതിച്ചും കഴിഞ്ഞു. അതിൽ വിരക്തയായി, കുണ്ഠിതപ്പെട്ടു്, ഇനി എന്തു വിനോദമാണുള്ളതെന്നു തിരക്കിപ്പുറപ്പെട്ടിരിക്കയുമാണു്. (അല്പം ആലോചന നടിച്ചു്) ഒരൊററ അനുഭവത്തെപ്പററിയേ പരീക്ഷിക്കാനെനിക്കു മോഹമുണ്ടായിരുന്നുള്ളൂ. കവികൾ പറയുന്നുണ്ടു്—പരസ്പരമുള്ള തപസ്സുകളുടെ ഫലങ്ങളായി പിറന്നുള്ള രണ്ടു സ്ത്രീപുരുഷന്മാരുടെ സമാഗമം ആനന്ദഹേതുവാണെന്നു്. അപ്രകാരമൊരാളെ ഞാൻ ഇതുവരെ കണ്ടെത്തിയില്ല. ഇന്നു് അങ്ങയെ കണ്ടപ്പോൾ ഇക്കാര്യത്തെപ്പററി ചിലതു മനസ്സിലാക്കാമെന്നു് ഞാൻ ആശിച്ചു. (നിരുത്സാഹത്വം നടിച്ചു്). എന്നാൽ എന്റെ ദൌർഭാഗ്യത്തെപ്പററി എ

ന്നു പറയട്ടേ. ദാമ്പത്യകഥാഗന്ധം പോലുമില്ലാത്ത അങ്ങ് ദാമ്പത്യത്തെ തന്നെ നിന്ദിക്കുന്നുവല്ലോ.

രാജകുമാരൻ:—(സ്വഗതം) എന്നെ പ്രലോഭനം ചെയ്വാൻ, എൻെറ ചിത്തത്തെ ക്ഷോഭിപ്പിക്കുവാൻ ഇവൾ തുനിയുകയാവാമോ. അത് ഒരിക്കലും നടക്കയില്ല. ഹൃദയമേ ദൃഢവ്രതമായിരിക്കുക (പ്രകാശം) മുഗ്ദ്ധേ! നീ എന്തു പറയുന്നു? ഏതേതു സുഖങ്ങളിൽനിന്നു നീ വിരക്തയായി പിൻതിരിഞ്ഞുവെന്നു പറയുന്നുവോ, അതേപ്രകാരത്തിലുള്ള വേറൊരു സുഖമത്രേ ദാമ്പത്യസുഖവും. അവപോലെ ഇതും കാനൽജലമെന്നു കരുതുക. ദാമ്പത്യാനുഭവം എനിയ്ക്കില്ലെന്നുവച്ച് നിനക്കു സന്ദേഹം വേണ്ട. സൂക്ഷ്മമായ ബുദ്ധിയ്ക്ക് അനുഭവത്തിൻെറ ആവശ്യം എല്ലാററിലുമില്ലെന്നറിയുക. ഓരോന്നും അനുഭവിച്ച ശേഷം വർജ്ജിക്കാമെന്നു പറയുന്നവർ സത്യത്തിൽ വർജ്ജിക്കാനിഷ്ടമില്ലാത്തവരും ലൌകികസുഖങ്ങൾക്ക് അടിമപ്പെട്ടവരുമാണ്. അപ്രകാരമാണ് ശ്രീശങ്കരൻ തുടങ്ങിയവർ അഭിപ്രായപ്പെടുന്നതു്. അപ്രകാരമത്രേ ദാമ്പത്യാനുഭവം കൂടാതെ അവർ അതിനു മേല്പെട്ടവരായിത്തീൎന്നതു്.

രാജകന്യ:—(പുരികം ചുളിച്ച് ഗാഢമായി ആലോചിച്ച്) അങ്ങനെ ആകരുതെന്നില്ലല്ലോ. മററു സുഖങ്ങൾ പോലെ ദാമ്പത്യവും ആദിയിൽ സുഖത്തിനും ഒടുവിൽ വെറുപ്പിനും ഹേതുവാകരുതോ? ഈ യുവയോഗി അതറിഞ്ഞല്ലേ അതിൽനിന്ന് പിൻതിരിഞ്ഞിരിക്കുന്നതു്. വീണ്ടും പരീക്ഷിയ്ക്കുക, വീണ്ടും വിരക്തി അനുഭവിക്കുക ഇനി എനിക്ക് ദുസ്സഹമാണ്. (പ്രകാശം) മഹാത്മൻ, അങ്ങു പറയുന്നതു ശരിതന്നെയാണ്. എനിക്കതനുഭവപ്പെടുന്നു. വിവാഹം തുച്ഛമായ സംഗതിയാണ്. എന്നാൽ അരുളിച്ചെയ്യണം.

വൃകാവിൽ വണ്ടെന്നപോൽ- ഹന്ത-
ചഞ്ചലമെന്നാളുമേ
ദൂനമീയെന്മാനസം—എങ്ങു—
വിശ്രമം ലഭിപ്പതഹോ-

രാജകുമാരൻ:— (സ്വഗതം) ഇവളുടെ ഗ്രഹണസാമൎത്ഥ്യം അസാമാന്യംതന്നെ. വെറും ശിഷ്യയായിട്ടല്ല. വേദാന്തദുൎഗ്ഗാടവികളിൽ നമ്മോടൊപ്പം സഞ്ചരിപ്പാൻ ഉചിതയായ സഹചാരിണിയായിത്തന്നെ ഇവളെ ഗണിക്കാമെന്നു തോന്നുന്നുവല്ലോ. (പ്രകാശം) നിൻെറ ചോദ്യത്തിനു ഞാൻ ഉത്തരം പറയാം. കേൾക്കു.

സുഖമുളവായിടുമോ- നരനു ലേശം
സുഖമുളവായിടുമോ.
ക്ലേശശതാകുലം കായമിതിങ്കൽ
ഘനമഭിമാനമണാച്ചുമദിയ്ക്കുവോളം-സുഖ-
ഭൂസുരൻ, പഞ്ചമൻ,
പണ്ഡിതൻ, പാമരൻ,
ഭേദങ്ങളീവിധം പേണി മൂലത്തു
വോളം—സുഖ—
മാരൻ മാരകൻ ജനനികൾ നാരിമാർ
എന്നു സദാ നിനയാതെയിരിക്കുവോളം സുഖ.

രാജകന്യ:—(സസ്പൃഹം മുഴുവൻ കേട്ടിട്ട്) അവിടുന്നു നിൎദ്ദേശിക്കുന്ന മാൎഗ്ഗം ദുൎഘടം തന്നെയാണ്. എന്നാൽ ദുൎഘടമാകയാൽ തന്നെ എന്നെ കൂടുതൽ ആകൎഷിക്കയും ചെയ്യുന്നുണ്ട്. (ആലോചിച്ചു തീൎച്ചപ്പെടുത്തി

യ മട്ടിൽ) ആകട്ടെ. ഒന്നുകൂടി അരുളിച്ചെയ്യണം. ഈ നിഷ്ഠുരമായ വിധി അനുഷ്ഠിക്കാൻ സാധിച്ചു എന്നിരിക്കട്ടെ. എന്തു ഫലിക്കുന്നു? അതിനാൽ സാധ്യമാകുന്നതെന്താണ്?

രാജകുമാരൻ:— (സ്വഗതം) അത്യാശ്ചര്യം. ബുദ്ധിക്കു വ്യായാമമായോ വാദകോലാഹലത്തിലുള്ള രസം കൊണ്ടോ ലോകർ വേദാന്തതത്വങ്ങൾ വിമർശിക്കുന്നു. ഇവളാകട്ടെ വേദാന്തമാർഗ്ഗത്തിലേയ്ക്കു യാത്ര പുറപ്പെട്ടു നിന്നുകൊണ്ടു വഴിചോദിച്ചു മനസ്സിലാക്കാനല്ലേ ശ്രമിക്കുന്നത്.

അത്ഭുതം തുലോം അത്ഭുതം തുലോം
അശ്രുതചരചരിതമിന്നിതത്ഭുതം തുലോം
അതുലമൃദുലതനുലതയാമബലയാളിവൾ
നിഗമ ചരമ വിഷമ നിയമമനുസരിപ്പവൾ.

രാജകന്യ:—അവിടുന്ന് എന്താണു പര്യാലോചിക്കുന്നത്? അരുളിച്ചെയ്യണം. സകല ലൗകികവ്യാപാരങ്ങളേയും പിന്നിലാക്കിയശേഷം എന്താണവശേഷിക്കുന്നത്? എന്തൊരു വസ്തുവാണ് അനശ്വരമായ, ശരണാന്തരനിരപേക്ഷമായ തൃപ്തി നൽകുന്നത്.

രാജകുമാരൻ:—ഭദ്രേ, ഞാനതെങ്ങനെ വർണ്ണിക്കട്ടേ. ബുദ്ധിക്കുമപ്പുറത്തുള്ളതത്രേ അത്. മഹാന്മാർ പറയുന്നതു നോക്കുമ്പോൾ പരമമായ ആ വസ്തു ബ്രഹ്മമത്രേ. അതു സാർവ്വത്രികമാണ്. സർവ്വത്ര ചൈതന്യമയമാണ് സദാപി ആനന്ദമയമാണ്.

ഏറെച്ചൊൽവതു വീൺവചസ്സറിക
യിജ്ജീവൻ സ്വയം ബ്രഹ്മമാം
ബ്രഹ്മം താൻ പരമാണതൊട്ടഖിലവും
രണ്ടാമതില്ലൊന്നുമേ

ബ്രഹ്മം താനനഹമെന്നറിഞ്ഞു മുനിമാർ
ബാഹ്യാർത്ഥബോധം വിനാ
ബ്രഹ്മീഭാവമിയന്നു സന്തതചിദാ—
നന്ദേന വാഴ്വൂ സദാ.

രാജകന്യ:—(ശ്രദ്ധിച്ചുകേട്ട് ആലോചിച്ച് ഉൽഫുല്ല ദൃഷ്ടിയായി മേലോട്ടു നോക്കിക്കൊണ്ട്) ഏതാനും ചില അംശങ്ങൾ മനസ്സിലാകുന്നു. പൂർണ്ണമായ ബോധം എങ്ങനെയുണ്ടാകും.

അത്ഭുതമായ് കാണ്മൂ ഭവാൻ
അത്ഭുതമായ് ചൊൽവൂ ഭവാൻ
അത്ഭുതമായ് കേൾപ്പൂ ഞാനും
മതിയേതും ഗ്രഹിപ്പീല.
ദൂരവാപബോധം തേടി
ആഞ്ഞണഞ്ഞിട്ടും മനം
ഇടറിയിടറിക്കേണു
പിന്തിരിയുന്നു ഹന്ത-

ദീനദയാലുവായ മഹാത്മാവേ! ഇതാ ഒരു വശത്ത് ചിരപരിചിതമായ ഒരു ലോകം ജർജ്ജരിതമായി ഗാഢാന്ധകാരത്തിൽ ദുർദ്ദശമായി കാണുന്നു. പുതിയ ഏതോ ഒരു ലോകത്തിന്റെ പടിവാതുക്കൽ ഞാൻ നിൽക്കുന്നപോലെയും തോന്നുന്നു. ആ ലോകമാകട്ടെ തേജസ്സുകൊണ്ട് എന്റെ കണ്ണുകളെ അന്ധമാക്കിയും തീർക്കുന്നു. അയ്യോ ഞാൻ തനിയേ എവിടെയോ അകപ്പെട്ടതുപോലെ തോന്നുന്നുവല്ലോ. എനിക്കിവിടെ തുണയാരുണ്ട്?

രാജകുമാരൻ:—(സ്വഗതം) ആശ്ചര്യം. ഇവൾ നമ്മുടെ അനുഭവപദവിയേയും അതിക്രമിച്ചിരിക്കുന്നുവോ! (അവൾ കണ്ണീർ വീഴ്ത്തുന്ന കണ്ടു സസംഭ്രമം) എന്ത്! സാധു കരയുന്നുവോ! അതനുവദിക്കാൻ പാടില്ല. (കണ്ണീർ തുടച്ചു കൊടുക്കുന്നു-അവൾ അതറിയുന്നില്ല).

രാജകന്യ:—അയ്യോ മഹാത്മാവേ, എനിക്കു ഭയം തോന്നുന്നു. എനിക്കിവിടെ ആരു തുണയുണ്ട്.

രാജകുമാരൻ:—(സ്വഗതം) ഉത്തരം പറയാതെ തരമില്ലല്ലോ. ആകട്ടെ പഠിച്ചതു പാടാം (പ്രകാശം) ഭദ്രേ, ഇങ്ങനെ കേട്ടുകേൾവിയുണ്ട്,

ഋണമോചനമേകുന്നു
പിതാവിന്നു സുതാദികൾ
ബന്ധമോചനമേകീടാൻ
താനല്ലാതില്ലൊരുത്തനും.
അജ്ഞാനകാമകർമ്മാദി
പാശബന്ധം വിടുത്തുവാൻ
താനൊഴിഞ്ഞന്യനാളാമോ
കല്പകോടിശതത്തിലും.

രാജകന്യ:—വീണ്ടും വീണ്ടും അങ്ങു പറയുന്നതു ശരിതയെന്നൊന്നെനിക്കനുഭവപ്പെടുന്നു. ഹാ! എനിക്കു ദുസ്സഹമായ തൃഷ്ണയുണ്ട്. അതു ഞാനെങ്ങനെ ഫലിപ്പിക്കട്ടെ. ഞാനെന്താചരിക്കണം. എപ്രകാരം വർത്തിക്കണം.

രാജകുമാരൻ:—സ്വാനുഭവം ഇല്ലാത്ത ജ്ഞാനം എങ്ങനെ ഉപദേശിക്കുക. (പ്രകാശം) ഭദ്രേ, എന്നെ പ്രമാണമാക്കേണ്ട, എന്നാൽ ഇങ്ങനെ കേട്ടിരിക്കുന്നു.

ബ്രഹ്മാകാരമിയന്നു സന്തതമഹോ
ബാഹ്യാർത്ഥമെല്ലാം വെടി-
ഞ്ഞന്യൻ ചെയ്യുന്നയാൽ പുലർത്തിയുടലും
നിദ്രാലുപോൽ പൈതൽപോൽ
സ്വപ്നം കണ്ടു കണക്കു ലോകമഖിലം
കണ്ടങ്ങിരിക്കും മഹാ-
ധന്യൻ പുണ്യവശാലൊരാളുലകിതിൽ
കണ്ടാലുമില്ലേലുമാം.

രാജകന്യ:—(ശോകത്തോടുകൂടി) അവിടുന്നു പറയുന്നതിൽ പലതും ദുർഗ്രഹമായിരിക്കുന്നു. (പെട്ടെന്നു സന്തോഷം നടിച്ച്) ആവൂ! അവിടുന്നെനിക്ക് ഹസ്താവലംബം തന്നിരിക്കുന്നു. പൈതലെപ്പോലെ എന്നു പറഞ്ഞതു് എത്ര യഥാർത്ഥം, എത്ര അനുഭവയുക്തം. ശിശുവായിരുന്നപ്പോൾ എനിക്കു നന്മയില്ല, തിന്മയില്ല, ഗ്രാഹ്യമില്ല, ത്യാജ്യമില്ല, കാര്യമില്ല, അകാര്യമില്ല, അഭിമാനമില്ല, ദ്വേഷമില്ല. ശിശുവായിരുന്നപ്പോൾ എനിയ്ക്കു ലോകം അരുണോദയച്ചെഞ്ചാർത്തണിഞ്ഞ ഒരു കളിപ്പന്തായിരുന്നു. അതിനുശേഷം ജ്ഞാനം ജ്ഞാനം എന്നു പറഞ്ഞു് അഭ്യസിച്ചതെല്ലാം അജ്ഞാനമാണ്. ആ അജ്ഞാനച്ചെങ്കനലിൽ ചുട്ടുപഴിപ്പിച്ച ലോകം എനിയ്ക്കു ദുസ്സഹമായിരിക്കുന്നു.—അതു വിസ്മരിക്കണം, വിസ്മരിക്കണം, വിസ്മരിക്കണം. (ശക്തിയോടുകൂടി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു).

രാജകുമാരൻ:—(സ്വഗതം) ശ്ലാഘനീയമായ ശിഷ്യസമ്പത്തു തന്നെയാണ് ഇന്നു നമുക്ക് ലഭിച്ചിരിക്കുന്നതു്. ഇവളെ ഇങ്ങനെ വിടാൻ പാടില്ല. ഇവളുടെ അവ്യാജഭക്തി എന്റെ ഹൃദയത്തെ വാത്സല്യപരവശമാക്കിയിരിക്കുന്നു.

രാജകന്യ:—(ഒരുവശത്തു ചെന്നു നിന്നുകൊണ്ട് സ്വഗതം). അനിർവ്വചനീയമായ ഏതൊരു പുതിയ അനുഭവമാണ് എന്റെ മനസ്സിനെ ആന്ദോളനം ചെയ്യിക്കുന്നതു്.

രാജകുമാരൻ:—(മറുവശത്തു നിന്നുകൊണ്ടു) ഏതൊരു വികാരമാണ് എന്റെ മനസ്സും ശരീരവും ആകമാനം ഉലയ്ക്കുന്നത്.

രണ്ടുപേരും:—
ജനനമാം മരണമാം അമൃതമാം വിഷവുമാം
അനുഭവമിതുസുഖമസുഖവുമാം.

രാജകന്യ:—
ജലധിയിൽ കലർന്നൊരു ജലകണം
കണക്കായ് ഞാൻ
അറിയുന്നില്ല ഞാനേതോ അന്യമേതോ.

രാജകു:—
കാമഫണിയണയാപ്രേമചന്ദനതരു-
കിളിർത്തുകിളർന്നിടുന്ന മനതളിരിൽ-

രണ്ടാളും:— ജനനമാം മരണമാം—........

രാജകുമാരൻ:— (സ്വഗതം) ജനകാദികൾപോലും കർമ്മമാർഗ്ഗങ്ങളിൽ കൂടിയാണ് മുക്തി നേടിയത്. ഈ സാധു നമുക്ക് അനുകമ്പനീയയായിട്ടും തീർന്നിരിക്കുന്നു. (ചിന്തിച്ച്) ഞാനാകട്ടെ സ്ഥിരവ്രതനാണ്. ധീരനാണ്. ഇത്തരം ബന്ധങ്ങളാൽ മോക്ഷമാർഗ്ഗത്തിൽ നിന്നു മാറിപ്പോകുന്നവനുമല്ല- സ്വാർത്ഥത്തെ തല്ക്കാലം പിന്നിലാക്കി ഇവളുമായി കേവലം പരാർത്ഥത്തിനുവേണ്ടി സർവോപകാരക്ഷമമായ ഗാർഹസ്ഥ്യാശ്രമം ആചരിച്ചുകളയാം. (ചിന്തിച്ച്) താമസിയാതെ വീണ്ടും സ്വീകരിക്കുമാറ് ഈ കാഷായം ഇപ്പോൾ മാററിക്കളഞ്ഞാലോ? (അങ്ങനെ ചെയ്തിട്ടു സ്വഗതം) ഇവളോടെന്താണു പറയുക. ആലോചിച്ചു മറുവശത്തു നിൽക്കുന്നു.)

രാജകന്യ:—(ഊർദ്ധ്വമുഖിയായി അങ്ങോട്ടുമിങ്ങോട്ടും നടന്നു തന്റെ ഗതിയെ തടയുന്ന പട്ടുവസ്ത്രം നോക്കി) എന്റെ മനസ്സിനെ വ്യാക്ഷേപിപ്പിക്കുന്നതെന്താണ്. മറഞ്ഞു മറഞ്ഞു വരുന്ന സ്മരണകളെ വീണ്ടും ഉണർത്തുന്നപോലെ തോന്നുന്നുവല്ലോ. പ്രാകൃതമായ വസ്ത്രമേ നീ പദംപ്രതി കാലിലിടഞ്ഞ് എന്റെ പുരോഗതിയെ തടയുന്നുവോ. (രാജകുമാരന്റെ കാഷായം കിടക്കുന്നതുകണ്ടു) ആ ഇതു നന്ന്- ഇതു ധരിച്ചുകൊള്ളാം. (കട്ടന്റെ ഒരു വശത്തുള്ള sideന്റെ മറവിൽ അങ്ങനെ ചെയ്യുന്നു).

രാജകുമാരൻ:—(സ്വഗതം) ആകട്ടെ ഇങ്ങനെ പറയാം. (അടുത്തുചെന്ന് വേഷം മാററം കണ്ടുസന്ധാളിച്ച്) കഷ്ടം. ഞാൻ ശങ്കിച്ചപോലെ തന്നെ. ഞാൻ വഴിപ്പെടായ്കയാൽ നൈരാശ്യം നിമിത്തം ഇവളുടെ ബുദ്ധിയ്ക്കു ഭ്രംശം തട്ടിയിരിക്കുന്നു.

രാജകന്യ:—
ഹൃദയകമലം ഹസിപ്പൂ- ബോധരവിയുല്ലസി
തിമിരതതിയപസരിപ്പൂ-സകലം. [പ്പൂ]

രാജകുമാരൻ:—
മോഹമരുതയേ മാനസത്തിൽ തെല്ലും
മാനിനീമൗലിവതംസായിതേ
നിന്നുടെ സംഗമമർത്ഥിപ്പവനിവൻ
വേദാന്തകാന്താരകണ്ഠീരവൻ.

രാജകന്യ:—(ഒന്നും അറിയാതെ)
എന്നിലുളവായിടുന്നു എന്നിലേ ലയിച്ചീടുന്നു
ബ്രഹ്മാണ്ഡബുദ്ബുദങ്ങൾ-സഹസ്രം.

രാജകുമാരൻ:—
ബന്ധു നിനക്കു ഞാൻ ബന്ധവിമോചനൻ
ബന്ധൂകബന്ധുരശോണാധരി
കാരുണ്യമൊന്നു തേ കൈവല്യമെണ്ണിനേ-
വേദാന്ത കാന്താര കണ്ഠീരവൻ. [ൻ

രാജകന്യ:—(യാതൊന്നും ഗ്രഹിക്കാതെ)
ഗുരുവരനുടേ ചരണം
ഗുരുവര വചസ്മരണം
ഗുരുതരമഹോ ശരണം- നിയതം

രാജകുമാരൻ:—(സ്വഗതം) ഹാ നമ്മെ സ്മരിക്കുന്നുണ്ട്. എന്നാൽ ഉന്മാദത്തിന്റെ പരമകാഷ്ഠയിൽ സാധു എത്തിക്കഴിഞ്ഞുവെന്നല്ലേ തോന്നുന്നതു്. ഇത്തരത്തിലുള്ളവരെ ചിലപ്പോൾ പരുഷവാക്കുകൾ കൊണ്ടു് പ്രകൃതിയിലേയ്ക്കു് തിരിച്ചുകൊണ്ടു വരാമെന്നു കേട്ടിട്ടുണ്ടു് (ഉറക്കെ) മൂഢേ, നിന്റെ ഗുരുഭൂതരായ നമ്മെ അറിയുന്നില്ലേ?

രാജകന്യ:—(പെട്ടെന്നുണർന്ന മട്ടിൽ) എന്തു്! എന്റെ ഗുരുപാദങ്ങളെവിടെ! ഹാ - അദ്ദേഹം പോയിക്കഴിഞ്ഞുവല്ലോ: നിങ്ങളാരാണ്! (മുഖം സൂക്ഷിച്ചിട്ടു്) കഷ്ടം. സംസാരഗ്രാഹഗ്രസ്തനായി, വികൃതമുഖനായ അങ്ങു് ആരാണ്. അങ്ങയ്ക്കു ശാന്തിയുണ്ടാകട്ടെ. ശാന്തിയുണ്ടാകട്ടെ. (കടന്നുള്ളിലേക്കു പോകുന്നു "ഹൃദയകമലം" ഇത്യാദി ഗാനം കേൾക്കുന്നു. സംഭ്രാന്തനായ രാജകുമാരൻ "മോഹമരുതയേ" എന്നു പാടിക്കൊണ്ടു പിന്നാലെ ചെല്ലുന്നു. കർട്ടൻ വീഴുന്നു).

---

# യവദ്വീപം.

## IV.

പി. അനന്തൻപിള്ള, എം. എ.

യവദ്വീപത്തിലെ ഒടുവിലത്തെ ഹിന്ദുസാമ്രാജ്യം 'മജപഹിതം' ആയിരുന്നു. ഒരു കവിയും ചരിത്രകാരനും ആയിരുന്ന പ്രപഞ്ചൻ ഈ പേരു് 'ബില്വതിക്തം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതായിക്കാണ്ടു. 'ഹ്യംവുരുക്' എന്ന രാജാവിന്റെ കാലത്താണ് ഈ രാജ്യം അത്യന്തം ഉൽക്കർഷം പ്രാപിച്ചിരുന്നതു്. 'ശ്രീരാജസനാഗര' എന്ന സ്ഥാനം ഈ രാജാവിനുണ്ടായിരുന്നതായി പ്രപഞ്ചന്റെ 'നഗരകൃതാഗമം' എന്ന ചരിത്രത്തിൽ കാണുന്നു. പരിണതപ്രജ്ഞനായിരുന്ന അദ്ദേഹത്തിന്റെ മന്ത്രിസത്തമൻ ഗജമദൻ തന്റെ കയ്യൂക്കുകൊണ്ടു് അയൽ രാജ്യങ്ങളേയും കീഴടക്കിയിരുന്നു. ഫിലിപ്പൈൻദ്വീപുകളും നവഗിനിദ്വീപവും പ്രസ്തുത സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു എന്നു പറഞ്ഞാൽ അതെത്ര വിപുലമായിരുന്നു എന്നു മനസ്സിലാക്കാമല്ലോ. ആസ്ട്രേലിയാ ഭൂഖണ്ഡത്തിന്റെ വടക്കു ഭാഗങ്ങളും മലയാദ്വീപിന്റെ ഒട്ടുമുക്കാൽ ഭാഗവും മജപഹിതത്തിലുൾപ്പെട്ടിരുന്നതായിട്ടാണ് പ്രപഞ്ചൻ വർണ്ണിച്ചു കാണുന്നതു്. പക്ഷേ ഈ പ്രതാപൈശ്വര്യങ്ങൾ ഹ്യംവുരുക്കിന്റെ കാലത്തോടുകൂടി അവസാനിച്ചു. കീഴടക്കപ്പെട്ട രാജ്യങ്ങൾ ഓരോന്നായി പരന്മാർ ആക്രമിച്ചു എന്നുമാത്രമല്ല മജപഹിതത്തിന്റേയും കാര്യം വലിയ പരുങ്ങലിലായി.

ഈ അധഃപതനത്തിന്റെ ഫലം എന്തെന്നാരായുന്നതിനുമുമ്പ് തലസ്ഥാനനഗരിയുടെ വർണ്ണനം 'പ്രപഞ്ച' ദൃഷ്ടിയിൽ കൂടി നമുക്കൊന്നു വീക്ഷിക്കാം. നഗരത്തിനു ചുററും ഉന്നതവും ബലവത്തരവും ആയ ഒരു കോട്ടയുണ്ടായിരുന്നു. പടിഞ്ഞാറുഭാഗത്തു മദ്ധ്യസ്ഥിതമായ തടാകത്തോടു കൂടിയ ഒരു മൈതാനമുണ്ടായിരുന്നു. ചുററും ബ്രഹ്മസ്ഥാനതരുക്കൾ ഭംഗിയായി വച്ചു പിടിപ്പിച്ചിരുന്നതിനൊക്കെ ഓരോ കളിത്തട്ടുപോലെ ആളുകൾക്കിരുന്നു വിശ്രമിക്കുവാൻ സകലവിധ സൌകര്യങ്ങളോടുകൂടിയ ഓരോ തറയും കെട്ടിച്ചിരുന്നു. നഗരരക്ഷികൾ സ്ഥാനമുറപ്പിച്ചിരുന്നതു ഇവിടെയാണ്. കിഴക്കായിട്ട് അടിയിൽ വജ്രലേപത്തറയോടുകൂടിയ ഒരു വില്മച്ചുമണ്ഡപം ഉണ്ടായിരുന്നു. ആപണവീഥി ഇരുവശവും കമനീയങ്ങളായ സൌധങ്ങളോടുകൂടിയതായിരുന്നു. ഇവിടെ ചൈത്രമാസംതോറും സൈന്യം കൂടാറുണ്ട്. കുറെ വടക്കോട്ടു നീങ്ങി പരിഷ്കൃതമായ ഒരു ശൃംഗാടകമുണ്ട്. അതിനെ അഭിമുഖീകരിച്ചുകൊണ്ട് ആസ്ഥാനമണ്ഡപം സ്ഥിതിചെയ്യുന്നു. അതിനു കിഴക്കായി ശൈവ ബുദ്ധ പരിഷത്തുകൾ കൂടി സദസ്സുനടത്തുന്ന മന്ദിരം പണിതിരിക്കുന്നു. ഇതിനകത്തു തന്നെ ഗ്രഹണവേളകളിൽ അനൎത്ഥനിവാരണാൎത്ഥം ദേവപൂജനടത്തുവാൻ ഒരു ക്ഷേത്രമുണ്ട്. അടുത്തു കാണുന്നതു് മഹാശിവക്ഷേത്രമാണ്. അതിനടുത്തതു വിപ്രഗൃഹം. അടുത്തതു് ബുദ്ധചൈത്യം. രാജകീയവിതാനം അത്യന്തം സുഖശീതളമായ ഒരു സ്ഥലമാണ്. രാജാവിനെ സന്ദൎശിക്കുവാൻ വരുന്നവർ ഇവിടെയാണു കാത്തിരിക്കുന്നതു്. ഇനിയും രാജഗൃഹത്തിനടുത്തു് രാജവംശത്തോടു അടുത്തു സംബന്ധമുള്ള ഉൽകൃഷ്ടകുടുംബങ്ങളുടെ അനവധി വസതികൾ ഉള്ളതായി പ്രപഞ്ചൻ പ്രസ്താവിച്ചിട്ടുണ്ട്. കേസരം, ചമ്പകം മുതലായ പുഷ്പവൃക്ഷങ്ങൾ ഭംഗിയായി വച്ചുപിടിപ്പിച്ചിട്ടുള്ള ഈ ഭവനങ്ങളിൽ വസിച്ചിരുന്ന ആളുകൾ ഒന്നാന്തരം പരിഷ്കാരം പ്രാപിച്ചിരുന്നവരായിരിക്കണം എന്നുള്ളതിനു സംശയമില്ല.

# വീരരാഘവപട്ടയം.

കെ. എൻ. ഡാനിയേൽ.

ഈ വിഷയത്തെപ്പററി മെസ്സേഴ്സ് പി. അനന്തൻപിള്ള എം. എ., വി. വെങ്കിടരാമശർമ്മ, സാഹിത്യപഞ്ചാനനൻ. പി. കെ. നാരായണപിള്ള. ബി. എ. ബി. എൽ. എന്നീ മാന്യന്മാർ, തിരുവനന്തപുരം കോളേജിൽവച്ചു ചെയ്ത പ്രസംഗങ്ങൾ സഹൃദയ മാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതു ഞാൻ സശ്രദ്ധം വായിച്ചു. ഇവർ നല്ല ബുദ്ധിമാൻമാരും അസംഖ്യം വിഷയങ്ങളിൽ അസാധാരണ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരും തന്നെ എങ്കിലും ഈ വിഷയം അതർഹിക്കുന്ന പ്രയത്നം ചെയ്തുപഠിച്ചിട്ടുള്ളവരല്ലെന്നു അവരുടെ ഉപന്യാസങ്ങൾ സ്പഷ്ടമാക്കിയിരിക്കുന്നു. നല്ലബുദ്ധിമാന്മാർ സ്വസ്ഥമായിരുന്നു ആലോചിച്ചു ഒരു ശരിയായ തിരുമാനം വരുത്താൻകഴിയുന്നവിഷയങ്ങളുണ്ടു്. ചരിത്രം അങ്ങിനെഉള്ള ഒന്നല്ല. എത്രസമർത്ഥനായാലും മററു ചരിത്രവിഷയത്തിൽ തന്നെ വലിയവിദഗ്ദ്ധനായാലും നല്ലപോലെ ബുദ്ധിമുട്ടി പഠിച്ചെങ്കിലെ ചരിത്ര സംബന്ധമായ ഒരു വിഷയത്തിൽ അഭിപ്രായം പറയാൻ സാധിക്കൂ.

മി. അനന്തൻ പിള്ളയുടെ സംഗതി തന്നെ നമുക്കെടുക്കാം. അദ്ദേഹം പറയുന്നു:— "ഈ ചെപ്പേടു വ്യാജനിർമ്മിതമായിരിക്കാൻ വഴിഉണ്ടെന്നു ഇന്നത്തെ അദ്ധ്യക്ഷൻ അവർകൾ ഊഹിച്ച ചിലകാരണങ്ങൾ സംഭാഷണമദ്ധ്യേ ഞാൻ അറിഞ്ഞപ്പോൾ അവയെ നിസ്സാരമായി ഗണിക്കാൻ പാടില്ലെന്നു എനിക്കു തോന്നി. അങ്ങിനെ ആയാൽ എനിക്കൊരുനഷ്ടവും വരാനില്ല. ഒരു സാഹിത്യനിരൂപകന്റെ നിലയിൽ കൈയ്യിൽ കിട്ടിയ ഒരു ശാസനം എങ്ങിനെ ഇരിക്കുന്നു എന്നു പരീക്ഷിച്ചുനോക്കുക മാത്രമാണു് ചെയ്തതു് ഇങ്ങനെ ഒക്കെ ഇരിക്ക ആണെങ്കിൽ ഇങ്ങനെ ഒക്കെവരും, ഇല്ലെങ്കിലൊന്നുമില്ല" (പു-277)

"ഒരു സാഹിത്യനിരൂപകന്റെ നിലയിൽ കൈയിൽ കിട്ടിയ ഒരു ശാസനം പരീക്ഷിച്ചു" നോക്കിഎങ്കിലും അതു വ്യാജനിർമിത മാണോ എന്നു ആലോചിച്ചേ ഇല്ലെന്നാണു് അദ്ദേഹം പറയുന്നതു്. പുരാതനം എന്നഭാവേന ഈയിട ആരോകൃത്രിമമായി ഉണ്ടാക്കിയ ഒരു ശാസനം വിദ്വാനായ ഒരാളെടുത്തു അതിന്റെ ലിപി, ഭാഷ, ചരിത്രം, മുതലായവ പരിശോധിച്ചാൽ എത്രയും എളുപ്പത്തിൽ അതിന്റെ ചെമ്പുതെളിയുമെന്നു നിശ്ചയമാണു്.

പ്രസ്തുതശാസനം കൃത്രിമമല്ലെന്നു താൻ പറഞ്ഞിട്ടില്ലാത്തസ്ഥിതിക്കു അതു കൃത്രിമാണെന്നുവന്നാൽ മി. അനന്തൻപിള്ളക്കു "ഒരു നഷ്ടവും വരാനില്ല" എന്നുകൂടെ അദ്ദേഹം ഇവിടെ പറയുന്നു. ഇരവികൊത്തൻ ക്രിസ്ത്യാനി അല്ലെന്നും മററും താൻ പറഞ്ഞുപോയ സ്ഥിതിക്കു അതു വല്ലതും മറിച്ചുവന്നാൽ അദ്ദേഹത്തിനു് അതു നഷ്ടമായിരിക്കുമെന്നു് ഇതിനാൽ സൂചിപ്പിക്കുന്നു. എന്നാൽ

ഇരവികൊത്തൻ ക്രിസ്ത്യാനിഅല്ലെന്നൊ അദ്ദേഹം മൂന്നാം ശതകത്തിലല്ല, പതിന്നാലാം ശതത്തിലാണ് ജീവിച്ചതെന്നോ പ്രസ്തുതശാസനം വ്യാജനിർമ്മിതമാണെന്നോ വന്നാൽ എനിക്കു "ഒരു നഷ്ടവും വരാനില്ല" എന്നല്ല ഞാൻപറയുന്നതു; പ്രത്യുത അതെനിക്കു വലിയലാഭമായിരിക്കുമെന്നത്രെ. എന്റെ ധാരണകളെല്ലാം ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. അനേകസംഗതികളിലും എന്റെ തെറവുകൾ ഞാൻ മനസ്സിലാക്കിവരുന്നുണ്ട്. അതു എത്രത്തോളം മനസ്സിലാക്കാൻ സാധിക്കുന്നുവോ അത്രത്തോളം ലാഭമായിട്ടാണ ഞാൻ കരുതുന്നതു.

ഇദ്ദേഹം എന്നെപ്പററിപറയുന്നതു:—"കൊത്തൻ കത്തനാക്കി കത്തനാർ എന്ന ലത്തീൻ ശബ്ദത്തിൽ നിന്നും ഉണ്ടായതാണെന്നു വ്യാഖ്യാനിക്കുന്ന ഡാനിയേൽ പ്രഭൃതികൾക്കു ദൂരനമസ്ക്കാരം ചെയ്കയല്ലാതെ അതിനെപ്പററി അധികം പറയണമെന്നു ഉദ്ദേശിക്കുന്നില്ല" (പു. 268).

ഞാൻ എഴുതിയിട്ടുള്ള ിന്റെ തർജ്ജമകേൾക്കണം:—"കൊത്തൻ കത്തൻ എന്നപദത്തിൽ നിന്നുത്ഭവിച്ചതായിരിക്കാൻഎളുപ്പമുണ്ടു (Kortan is probably derived from the word Kartan i. e. lord) ഈ സമൂഹത്തിലെ വൈദീകന്മാരെ ഇപ്പോഴും കത്തനാർ എന്നു വിളിച്ചുവരുന്നു. പതിനാറാംനൂററാണ്ടിൽ അവരെ കത്തനാർമാരെന്നും അവരുടെ ഭാര്യമാരെ കത്തത്തിയാർമാരെന്നും വിളിച്ചുവന്നതായി ഉദയമ്പേരൂർ സൂനഹദോസിൽനിന്നു കാണുന്നു. (Dissertations on the Copper Plates p. 6.) കൊത്തൻ കത്തനാർ എന്നലത്തീൻ ശബ്ദത്തിൽനിന്നുമുണ്ടായതാണെന്നു ഞാൻ ഇവിടെ പറഞ്ഞിരിക്കുന്നതായി മി. അനന്തൻപിള്ള ധരിച്ചതു് എങ്ങിനെ എന്നു മനസ്സിലാകുന്നില്ല കൊത്തൻ കർത്തൻ ആയിരുന്നേക്കാമെന്നും അക്കീരമൻ ശങ്കരർപ്പോററി എന്നീപേരിലെ ബഹുവചനരൂപംപോലെ കത്തൻ കത്തനാർ ആയതായിരിക്കാമെന്നും എനിക്കഭിപ്രായമുണ്ടെന്നു വായനക്കാർ മനസ്സിലാക്കും. അതു ഞാൻ തീരുമാനമായി പറഞ്ഞിട്ടില്ല. അതിന്മേൽ ഒരു വാദവും ഞാൻ പറഞ്ഞിട്ടില്ല. ഇതു ആക്കും മനസ്സിലാകുന്നതാണ്. കത്തനാർ ഒരു ലത്തീൻ ശബ്ദത്തിൽ നിന്നു വന്നതാണെന്നു ഞാൻ അറിഞ്ഞിട്ടില്ല. *അതു ഏതുലത്തീൻ ശബ്ദത്തിൽ നിന്നാണെന്നു പറഞ്ഞു തന്നാൽ അയതു ഞാൻ കൃതജ്ഞതാ പൂർവം സ്വീകരിച്ചു കൊള്ളാം. ഒരാൾ ഇന്നതു പറയുന്നു എന്നു പറഞ്ഞു ആക്ഷേപിക്കാൻ തുടങ്ങുന്നതിനു മുമ്പു അയാൾ അങ്ങിപറഞ്ഞിട്ടുണ്ടോ എന്നന്വേഷിക്കേണ്ടതാണെന്നു മേലാലെങ്കിലും ഈ പ്രാസംഗികൻ വിചാരിച്ചാൽ കൊള്ളാം.

* ഇതുവളരെ ലഹളകൂട്ടിട്ടകാര്യമില്ല. 'കത്തനാർ' 'കർത്താ' എന്ന സംസ്കൃതപദത്തിൽ നിന്നും വ്യുൽപ്പാദിപ്പിക്കുന്ന ലേഖകൻ ലത്തിൻ ഭാഷയിൽ Cardinalis എന്ന ശബ്ദത്തിൽനിന്നുമുണ്ടായിട്ടുള്ള Cardinal (a Roman Catholic Dignitary) വിസ്മരിച്ചതിനു പള്ളിതന്നെയാണു പ്രായശ്ചിത്തം നിശ്ചയിക്കേണ്ടതു്. കർദ്ദിനാളന്മാർ മലയാളത്തിൽ കത്തനാരന്മാരായി എങ്കിൽ അതിലൊരത്ഭുതത്തിനുംവകയില്ല.—Ed.

മേൽ ഉദ്ധരിച്ച ദൂരനാസ്കാരത്തിന്റെ ശേഷം പറയുന്നതും വിശേഷമാണ്. ശാസനത്തിൽ "കൊത്തൻ" എന്നെഴുതിയിരിക്കുന്നതായി ഞാൻ പറയുന്നതു തെറ്റാണെന്നും കൊത്തൻ എന്നാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു. അതുകൂടെ കേൾക്കണം:—"രേഫംചേർന്ന 'ത്ത' കാരം രണ്ടിടത്തു അവ്യക്തമായ ബിന്ദുകൊണ്ടു രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറയാം. ഈ കുത്തുകൾ കേട്ടുകൊണ്ടു വന്നതുമായിരിക്കാം. ആദ്യമായി ഇരവികൊത്തനൻ എന്നാണു കാണുന്നതു്. 'ത്ത'ക്കു കുത്തു കാണുന്നില്ല. ദീർഘം രകാരമാണെന്നു ചിലർ പറയുന്നു. എന്നാൽ കൊരത്തൻ എന്നാകും..........ചെപ്പേടിൽ മൂന്നിടത്തും കൊത്തൻ എന്നുതന്നെ ഉപയോഗിച്ചിരുന്നിരിക്കണമെന്നാണ് എന്റെ അഭിപ്രായം" (പു. 268)

ഇതുവായനക്കാർക്കു സുവ്യക്തമാകുന്നതിന് ഏതാനും വാക്കുകൾ ആദ്യമായി പറയേണ്ടിയിരിക്കുന്നു. ഈ പേരു മൂന്നുപ്രാവശ്യം ശാസനത്തിൽ എഴുതിയിട്ടുണ്ടു്. ആദ്യത്തതു വട്ടെഴുത്തക്ഷരത്തിലും പിന്നത്തെരണ്ടും ആര്യഎഴുത്തിലും അതായതു നമ്മുടെ മലയാളത്തിലുമാണ്. മലയാളത്തിൽ എഴുതിയിരിക്കുന്ന 'ത്ത'എന്ന അക്ഷരത്തിന്റെമേൽ രണ്ടടത്തും "ത്ത" യുടെ മദ്ധ്യത്തിലായി ഒരു അടയാളം "ത്ത" എന്നെഴുതുമ്പോൾ നാം ഇട്ടുവരുന്ന അടയാളംപോലെതന്നെയുള്ള വ്യക്തമായ ("അവ്യക്ത"മല്ല) അടയാളം കാണുന്നുണ്ടെങ്കിലും അതു എഴുത്തുകാരൻ ഇട്ടതല്ലെന്നും കേട്ടുകൊണ്ടു എങ്ങിനെയോ ഒരു പോറൽ രണ്ടിടത്തും ഉണ്ടായിപ്പോയതാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇതുകിടക്കട്ടെ. ഇരവികൊത്തനൻ എന്നു വട്ടെഴുത്തിൽ എഴുതിയിരിക്കുന്നതിനെപ്പറ്റിയുള്ള ഭാഷണം കേവലം വിചിത്രംതന്നെ. വട്ടെഴുത്തിലെ "ത്ത"ക്കു കുത്തുകാണുന്നില്ലെന്നും "ത്ത" ക്കു പുറകിൽ ഒരു ദീർഘമുണ്ടെന്നും അതു രേഫമാണെന്നു ചിലർ പറയുന്നതു അബദ്ധമാണെന്നും അതു രേഫമാണെങ്കിൽ "കൊരത്തൻ" എന്നു വായിക്കണമെന്നുമാണ് ഇദ്ദേഹം വാദിക്കുന്നതു്. വട്ടെഴുത്തിൽ "ത്ത" ഇല്ലെന്നും കുത്തില്ലെന്നും മലയാളത്തിലെ ദീർഘംപോലുള്ള ദീർഘമില്ലെന്നും ദീർഘം വരുത്തുന്നതു് അക്ഷരത്തിൽനിന്നു വലത്തോട്ടു ഒരു ചെറിയ വരവരച്ചിട്ടാണെന്നും വട്ടെഴുത്തിലെ "ര" എന്ന അക്ഷരം മലയാളത്തിലെ ദീർഘത്തിന്റെ രൂപത്തിലാണെന്നും മി. അനന്തൻപിള്ള * അറിഞ്ഞിട്ടില്ല. 'ക' യുടെ ഒരു വശത്തു പുള്ളിയും മറു ശത്തു ദീർഘവും ഇട്ടാണ് 'കൊ' എന്നു വട്ടെഴുത്തിൽ എഴുതുന്നതെന്നത്രേ അദ്ദേഹം ധരിച്ചിരിക്കുന്നതു് "കൊത്തൻ" എന്നു വട്ടെഴുത്തിൽ എഴുതിയാൽ എങ്ങിനെ ഇരിക്കുമെന്നു അതിന്റെ രീതിവിടാതെ അക്ഷരം മലയാളമായി എഴുതികാണിക്കാം. "കൊരതതന" ഇതിൽ 'കൊ' ദീർഘമായിട്ടോ ഹ്രസ്വമായിട്ടോ ഉച്ചരിക്കേണ്ടതെന്നും "രതത" എന്നീ മൂന്നക്ഷരങ്ങൾ ഒരുമിച്ചുചേർത്തു "ത്ത" എന്നു വാ

* അറിയാഞ്ഞിട്ടല്ല. ചെപ്പേടിൽ ആര്യഎഴുത്തും, വട്ടെഴുത്തും, മലയാണ്മയും, മററു വടിവുകളും തീരെ അവ്യവസ്ഥിതമായിട്ടാണ് പ്രയോഗിച്ചിരിക്കുന്നതു്. അക്കാരണത്താലാണ് അതു വ്യാജനിർമ്മിതമെന്നുകൂടി ചിലർ വാദിക്കുന്നതു്—Ed.

യിക്കണമോ ഒന്നുതന്നിച്ചും രണ്ടുകൂട്ടിച്ചേർത്തും "രത്ത" എന്നു വായിക്കണമോ എന്നും മററുമുള്ളതെല്ലാം വായനക്കാരൻ നിശ്ചയിക്കണം. അതുകൊണ്ടാണ് "ഉരുടമുള്ളവനെ ഓലവായിക്കു" എന്നു പഴമന്മാർ പറയുന്നതു്. പ്രസ്തുതശാസനത്തിലെ "എപ്പെർപ്പെട്ടതിനും" എന്നതു് അക്ഷരംപ്രതി മലയാളമായി ഇവിടെ ചേർക്കാം. "എപപെരപപെടടതിനമ" ഒരു സംസ്കൃതഗ്രന്ഥത്തിലെ 'ഴ' യുടെ വാലു തെളിഞ്ഞിട്ടില്ലെന്നു ആരാണ്ടുപറഞ്ഞതുപോലെ വട്ടെഴുത്തിലെ "ത്ത" കുത്തില്ലെന്നു മി. അനന്തൻപിള്ള പറഞ്ഞെന്നു മാത്രമല്ല വട്ടെഴുത്തിൽ അക്ഷരങ്ങൾ ഏകൈകമായോ സമീപസ്ഥമായ അക്ഷരങ്ങളോടു ചേർത്തു കൂട്ടക്ഷരങ്ങളായിട്ടോ വായിക്കണമെന്നു അറിഞ്ഞിട്ടില്ലെന്നുള്ള വാസ്തവംകൂടെ അദ്ദേഹം പ്രകാശിപ്പിച്ചിരിക്കുന്നു.

വട്ടെഴുത്തിനെപ്പററി ഞാൻ പറഞ്ഞ സംഗതി സംശയാസ്പദമെന്നുണ്ടെങ്കിൽ തിരുവിതാംകൂറിലെ ആർക്കിയോളജിസൂപ്രണ്ടിനോടൊ മദ്രാസിലെ എഫിഗ്രാഫിക്കൽ ഓഫീസിലെ ഉദ്യോഗസ്ഥന്മാരിൽ ആരോടെങ്കിലുമോ ചോദിച്ചുകൊള്ളുക. പ്രസ്തുതപദത്തിനിടയിൽ മലയാളത്തിലെ ദീർഘംപോലെ കാണുന്നതു് "രകാരമാണെന്നു ചിലർ പറയുന്നു" എന്നു പ്രസ്താപിച്ചുതള്ളുന്ന പ്രാസംഗികൻ ഒരു കാര്യംചെയ്യണം. അതു രേഫമല്ലെന്നു പറയാൻ വട്ടെഴുത്തറിയാവുന്ന ഒരുത്തനെങ്കിലും ഈ ഭൂമുഖത്തുണ്ടോ എന്നൊന്നു അന്വേഷിക്കണമെന്നു അപേക്ഷിക്കുന്നു. *

പ്രസ്തുതശാസനം വ്യാജനിർമ്മിതമാണെന്നു സംശയിക്കുന്നതായി പ്രസ്താവിച്ചശേഷം മി. നാരായണപിള്ള പറയുന്നതു:—"അന്യഥാ തെളിയുന്നതുവരെ മനുഷ്യരുടെ സത്യവാദിതയെ വിശ്വസിക്കുകയേ തരമുള്ളു ആ സ്ഥിതിക്കു വീരരാഘവപ്പട്ടയം വാസ്തവം എന്നു വയ്ക്കേണ്ടിയിരിക്കുന്നു." വ്യാജമാണെന്നു തെളിഞ്ഞിട്ടുണ്ടെന്നു അദ്ദേഹത്തിൽ അഭിപ്രായം ഇല്ലാത്ത സ്ഥിതിക്കു ഈ വിഷയം വേണ്ടവണ്ണം പഠിച്ചിട്ടില്ലെന്ന അദ്ദേഹത്തിന്റെ സംശയങ്ങളെപ്പററിയും പണ്ഡിതലോകം അകൃത്രിമം എന്നു നിസ്തക്കമായി ഗണിക്കുന്നതിനുള്ള ന്യായങ്ങളെപ്പററിയും എഴുതേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

അതുകൊണ്ടു ഇരവികൊത്തൻ ആരാണെന്നും അയാൾ എന്നു ജീവിച്ചിരുന്നു എന്നുമുള്ള രണ്ടു പ്രശ്നങ്ങൾമാത്രമേ അവശേഷിക്കുള്ളു. ഇതിനു രണ്ടിനും ധാരാളം തെളിവുകൾ ഞാൻ ഇൻഡ്യൻ ആൻറിക്വറിയിൽ എഴുതിയിരുന്നു. അതിന്റെ പകർപ്പു പ്രത്യേകം പുസ്തകമാക്കിയതു മെസ്സാൾസ് നാരായണപിള്ളക്കും, അനന്തൻപിള്ളക്കും വളരെ മുമ്പു ഞാൻ കൊടുത്തിട്ടുണ്ടു്. അതിലെ വാദങ്ങൾക്കു മി. അനന്തൻപിള്ളയോ മറെറാ സമാധാനം പറഞ്ഞിരുന്നെങ്കിൽ കൃതജ്ഞതാപൂർവ്വം ഞാൻ അതു സ്വീകരിക്കുമായിരുന്നു. ഇതിൽ ആദ്യപ്രശ്നം സംബന്ധിച്ചു ഞാൻ എഴുതിയിട്ടുള്ളതിന്റെ ഒരു സ്വതന്ത്രതർജ്ജമ താഴെ ചേർക്കുന്നു. ഇരവികൊത്തൻ ക്രിസ്ത്യാനി അല്ലെന്നു സ്ഥാപിപ്പാൻ പറയുന്ന രണ്ടു

* തമിഴിൽ 'ര'യ്ക്കും ദീർഘത്തിനും അല്പവ്യത്യാസമേയുള്ളു എന്നാർക്കുമറിയാം.—Ed.

വാദങ്ങൾക്കു മറുപടിയാണ് ആദ്യമായി കൊടുത്തിട്ടുള്ളതു്.

വാദം-൧-ഇരവികൊത്തൻ എന്ന പേരു ഒരു ക്രിസ്തീയപേരല്ല.

മറുപടി. ക്രിസ്തീയമായ പേരെന്നും ക്രിസ്തീയമല്ലാത്തതെന്നും ഒരു വ്യത്യാസം കേരളത്തിൽ ഏതാനും ശതവഷങ്ങൾക്കിടയിൽ ഉണ്ടായതാണ്. ഇന്നും മററു പലരാജ്യങ്ങളിലും അങ്ങിനെ വ്യത്യാസമില്ല. ക്രിസ്തുവഷത്തിന്റെ ആദിമ ശതകങ്ങളിൽ ഒരിടത്തും ഇല്ലായിരുന്നു. ക്രിസ്തുമതത്തിൽ ചേരുന്നവരുടെ പേരുമാററി ഇടുക എന്നൊരുകാര്യം ക്രിസ്തുവിന്റെ ശിഷ്യരായ അപ്പോസ്തലന്മാരോ ആദിമശതകങ്ങളിലെ ക്രിസ്തുസഭാനേതാക്കന്മാരൊ സ്വപ്നം കാണുകപോലും ഉണ്ടായിട്ടില്ലാത്ത താണെന്ന് വേദപുസ്തകമോ സഭാചരിത്രമോ പഠിച്ചിട്ടുള്ളവക്കു അറിയാം. മേല്പട്ടക്കാൎക്കുമാത്രം ഇന്നുപയോഗിക്കുന്ന അതിപവിത്രനാമങ്ങളായ ദീപന്നാസ്യോസും അത്താനാസ്യോസ്സും എല്ലാം കൃഷ്ണനോ, രാമനോ പോലെ വേദപുസ്തകത്തോടുയാതൊരു ബന്ധവുമില്ലാഞ്ഞവരാണ്. അവ യവനന്മാരുടെ പേരുകളാണ്. യവനന്മാരും ഹിന്ദുക്കളും ക്രിസ്ത്യാനിക്കും യഹൂദന്നും ഒരു പോലെയാണ്. അത്താനാസ്യോസു എന്നുപേരുള്ള യവനന്മാർ ക്രിസ്ത്യാനികളായപ്പോൾ അവരുടെ പേരു മാററിയില്ല. അതിലൊരാൾ ഒരു വലിയ സിദ്ധന്മാ പാത്രിയക്കീസും ആയിത്തീൎന്നതിനാൽ ആ പേരുഇന്നു പരിശുദ്ധമായി ഗണിക്കപ്പെട്ടുവരുന്നു.

വാദം--2-ഇരവികൊത്തൻ ഒരു ചെട്ടിയാണെന്നു പറഞ്ഞിരിക്കുന്നു.

മറുപടി- ചെട്ടു (കച്ചവടം) എന്ന പദത്തിൽനിന്നുത്ഭവിച്ച ചെട്ടി എന്ന ശബ്ദത്തിനു വ്യാപാരി എന്നാണൎത്ഥം. അതു മതത്തെ നിൎദ്ദേശിക്കുന്നില്ല. കേരളത്തിലെ പഴയ ക്രിസ്ത്യാനികളെ ഇപ്പോൾ ചെട്ടിഎന്നു സാധാരണ വിളിക്കാറില്ലെങ്കിലും അങ്ങിനെ മുമ്പു വിളിച്ചുവന്നിരുന്നു എന്നു വിചാരിപ്പാൻ വഴിഉണ്ട്. ഇരങ്ങാലക്കുട മുതലായ വടക്കൻപ്രദേശങ്ങളിൽ ഈഴവരുംമററും സാധാരണന്മാരായ മാപ്പിളമാരെ മത്തായിചെട്ടി, ചാക്കൊചെട്ടി* എന്നിങ്ങനെ ഇന്നും വിളിച്ചുവരുന്നുണ്ട്. ഇതിനേപ്പററി മി. അനന്തൻപിള്ള അന്വേഷിച്ചോ? ഇതിനു സമാധാനം ഒന്നുംതന്നെ പറയാഞ്ഞതു എന്തുകൊണ്ട്?

ഈയാൾ ക്രിസ്ത്യാനിആയിരുന്നു എന്നു സ്ഥാപിപ്പാൻ ഞാൻകൊടുത്തിട്ടുള്ള തെളിവുകൾ നോക്കണം.

1. ഇവിടെ പറയുന്നതരത്തിലുള്ള പദവികൾ ക്രിസ്ത്യാനികൾക്കും യഹൂദന്മാൎക്കുമല്ലാതെ മററാൎക്കുമുണ്ടായിരുന്നതായി അറിവില്ല. ഇതിനു മി: അനന്തൻപിള്ളപറയുന്ന മറുപടി:—"വിവാഹം മുതലായ ചടങ്ങുകളിൽ വെള്ളയും കരിമ്പടവും വിരിക്കുക, വഴിയിൽ വെള്ളവി

* ഇത്രയും പറഞ്ഞതുകൊണ്ടു വാദം തെളിഞ്ഞു എന്നാണൊ, ലേഖകൻ അഭിമാനിക്കുന്നതു്?—Ed.

* A Daniel come to judgment! ചെട്ടിക്കു കച്ചവടക്കാരനെന്നൎത്ഥമായിരിക്കുന്ന സ്ഥിതിയ്ക്കു് കച്ചവടം ചെയ്തിരുന്ന മററുവൎഗ്ഗക്കാൎക്കും ആ തൊഴിൽ നാമം ഉണ്ടായിരുന്നില്ലെന്നാണൊ ലേഖകൻ പറയുന്നതു് ? ഈ തൊഴിൽനാമനിൎദ്ദേശമുള്ള കരണങ്ങൾ കാണിച്ചുതരാം—Ed.

രിക്കുക, പഞ്ചവാദ്യം, ശംഖ ഇങ്ങിനെ ഈ ചെപ്പേടിൽ പറഞ്ഞിരിക്കുന്നതു മാത്രമല്ല കൂടാതെയും അനവധി അവകാശങ്ങൾ നായന്മാരിൽ ഉൽകൃഷ്ടവൎഗ്ഗക്കാർ അനുഭവിച്ചിരുന്നു." (പു. 269) ഇതുശരിഎന്നു ഞാൻ സമ്മതിച്ചേക്കാം. എന്നാൽ ഇതു ഒരു പ്രകാരത്തിലും മറുവടിഅല്ല. ഇതുപോലുള്ള പദവികൾ എന്നുഞാൻ പറഞ്ഞതു് അതിൽ ചിലതിനെമാത്രം ഉദ്ദേശിച്ചല്ല. എല്ലാററിനേയും ഉദ്ദേശിച്ചാണു്. *തരകും ചുങ്കവും പിരിക്കാനുള്ള അവകാശം നായന്മാരിലെ ഉൽകൃഷ്ടവൎഗ്ഗക്കാൎക്കു ഉണ്ടായിരുന്നോ? ഇല്ലെന്നു നിശ്ചയം. ഉണ്ടെന്നുവന്നാലും ഇരവികൊൎത്തൻ † ഉൽകൃഷ്ടവൎഗ്ഗത്തിൽ പെട്ടനായരല്ലെന്നു സമ്മതിക്കുന്ന സ്ഥിതിക്കു ഇതു മറുപടിഅല്ല. കേരളത്തിൽ ഹിന്ദുക്കളായ ഇന്നവൎഗ്ഗക്കാൎക്കു ഈ പദവികൾ ഉണ്ടായിരുന്നു എന്നു കാണിക്കുന്നപക്ഷം ഇരവികൊൎത്തൻ അവരുടെ പൂൎവികനായിരുന്നു എന്നു വാദിപ്പാൻ ന്യായമുണ്ടു്. ‡

2. മലബാർ ക്രിസ്ത്യാനികളുടെ മേല്പട്ടക്കാരനായിരുന്ന മാർയാക്കോബു എന്ന പരദേശി(മി. പി. കെ. നാരായണപിള്ള പറയുന്നതുപോലെ നാടൻ കത്തനാരല്ല) 16ാം നൂററാണ്ടിൽ ചില ചെമ്പുപട്ടയങ്ങൾ പണയം വച്ചു പറങ്കികളോടു പണം വാങ്ങിയതായി അന്നത്തെ പോൎട്ടുഗീസുറിക്കാൎട്ടുകളിൽ കാണുന്നുണ്ടു്. മററാരും അങ്ങനെ ചെമ്പുപട്ടയങ്ങൾ ഏല്പിച്ചതായി രേഖയില്ല. ഈ പട്ടയം നായരുടെതാണെങ്കിൽ ഇതു പോൎട്ടുഗീസുറിക്കാൎട്ടുപുരയിൽ എങ്ങിനെ വന്നു? പറങ്കികൾക്കു അതു വഴിയിൽ കിടന്നു കിട്ടിയതായിരിക്കുമെന്നോ മറേറാ പറഞ്ഞുകൂടെന്നില്ല. ക്രിസ്ത്യാനികളുടെ പട്ടയങ്ങൾ അവിടെ ഏല്പിച്ചെന്നു രേഖ ഉണ്ടെന്നും മററാരും അവിടെ പട്ടയം ഏല്പിച്ചതായി രേഖയോ ഐതിഹ്യമൊ ഇല്ലെന്നും $ കാണുമ്പോൾ അവിടെ കണ്ട പട്ടയങ്ങൾ അവരുടേതാണെന്നു സത്യാന്വേഷണ ബുദ്ധിയുള്ളവർ തീരുമാനിക്കാതിരിക്കയില്ല. ഈ പട്ടയം പോൎട്ടുഗീസുകാരുടെ റിക്കാൎട്ടുപുരയിൽ നിന്നും എടുത്തിട്ടുള്ളതാണു്. ഇതിനും നമ്മുടെ പ്രാസംഗികൻ ഒരു സമാധാനവും പറയുന്നില്ല.

3. ഇരവികൊൎത്തൻ ഒരു മക്കത്തായി ആയിരുന്നു. നായന്മാർ മക്കത്തായികളല്ല. ഇതനു പറയുന്ന സമാധാനം മക്കത്തായികളായ ഒരു വൎഗ്ഗം നായന്മാർ അക്കാലത്തു ഉണ്ടായിരിന്നിരിക്കണമെന്നുമാണു. താമ്രശാസനത്തിലെ അസാധാരണ പദവിക

* നാട്ടുവാഴികളായിരുന്ന നായന്മാർ രാജാധികാരം അവലംബിച്ചിരുന്ന സ്ഥിതിക്കു് ഈ ചോദ്യത്തിനവകാശമില്ല.

† അതുകൊണ്ടാണു് അയാൾക്കു ഈ അധികാരങ്ങൾ ചെപ്പേട്ടപ്രകാരം ചക്രവൎത്തി നൽകുന്നതു്.

‡ അങ്ങനെ ഹേത്വാഭാസമായി വാദിക്കാൻ ഒരുക്കമില്ല.

$ പരദേശിയ്ക്കു് ഒരു നായർ പണയംവച്ചതായി വരാൻ പാടില്ലേ?

ൾ അനുഭവിച്ചിരുന്ന *അതിപ്രബലന്മാരായ ഒരു വൎഗ്ഗക്കാർ അവരുടെ യാതൊരു സ്മരണയും രേഖയിലൊ ഐതിഹ്യത്തിലോ ശേഷിപ്പിക്കാതെ ആവി ആയി പോയെന്നു വിചാരിക്കണമെന്നു പറയുന്നതു കുറെ ക്രൂരതയല്ലെ എന്നു ചോദിച്ചിരുന്നതിനു ഒരു മറുപടിയും മി. അനന്തൻപിള്ള തന്നിട്ടില്ല. ഇരവികൊത്തൻ പതിന്നാലാം നൂററാണ്ടിലാണു ജീവിച്ചിരുന്നതെന്നുള്ള വാദം ഇതിനെ അശേഷം യുക്തിശൂന്യമാക്കിത്തീൎത്തിരിക്കുന്നു. പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ ഇവിടെ ഒട്ടുവളരെ സഞ്ചാരികൾ വരികയും ഇവിടുത്തെ നായന്മാരെപ്പററിയും മററും ധാരാളം വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മക്കത്തായികളായ നായന്മാർ ഉണ്ടായിരുന്നതായി ആരും പറയുന്നില്ല. അങ്ങിനെ ഒരു വെറും കേട്ടുകേൾവിപോലുമില്ല. അതുകൊണ്ടു ഇരവികൊത്തന്റെ വൎഗ്ഗക്കാർ ഒരുനൂററാണ്ടിനിടയിൽ ആവിയായിപ്പോയെന്നു വിശ്വസിപ്പാനാണ് മാന്യപ്രാസംഗികൻ ആവശ്യപ്പെടുന്നതു്.

4. ഇരവികൊത്തൻ മകോതേവർ പട്ടണത്തിന്റെ കൎത്താവാണെന്നു പറഞ്ഞിരിക്കുന്നു. ഈ പട്ടണത്തോടു ക്രിസ്ത്യാനികൾക്കു ഒരു പ്രത്യേക ബന്ധമുണ്ട്. വടക്കുള്ള നസ്രാണികളുടെ പഴയ ആധാരങ്ങളിൽ മകോതേവർ പട്ടണം പറകപതിവായിരുന്നു എന്നു ഗുണ്ടർട്ടു പ്രസ്താവിക്കയും വാചകം ഉദ്ധരിക്കയും ചെയ്യുന്നുണ്ട്.

ഇവരൊഴിച്ചു കേരളത്തിലെ ഏതെങ്കിലും ഒരു ജാതിക്കു ‡മകോതേവർ പട്ടണത്തോടു പ്രത്യേകം ബന്ധമുള്ളതായി പറയുന്നുണ്ടോ? ഇതിനും ഒരു സമാധാനവും പ്രസംഗകൎത്താവു പറയുന്നില്ല.

5. മണിഗ്രാമപ്പട്ടം സമ്പാദിച്ച ഇരവികൊത്തനും കൊല്ലം ചെപ്പേടിലെ മണിഗ്രാമക്കാരും കച്ചവടക്കാരായിരുന്നു എന്നു കാണുന്നു. ക്രിസ്ത്യാനികൾക്കു കച്ചവടം പ്രധാന തൊഴിലായിരുന്നു എന്നു 17-ാം നൂററാണ്ടിന്റെ പ്രാരംഭത്തിൽ ഇവിടെ ഉദ്യോഗമായിരുന്ന ബാറേറായും മററു പലരും പറഞ്ഞിട്ടുണ്ടു. കൊല്ലത്തെ മണിഗ്രാമക്കാർ സൎക്കാരിന്റെ കച്ചവടശാഖയുടെ നായകത്വം വഹിച്ചിരുന്നതായി കൊല്ലം ചെപ്പേടിൽ കാണുന്നു. പതിനാലാം നൂററാണ്ടിൽ കൊല്ലത്തു വന്നു സാമാന്യം ദീൎഘ ദിവസങ്ങൾ അവിടെ ചെലവു ചെയ്തു മാറിഗ്നോളി എന്ന മെത്രാൻ സ്ഥലത്തെ ക്രിസ്ത്യാനികൾ ഗവണ്മെന്റുവക കച്ചവടശാഖയുടെ അധിപന്മാരാണെന്നു (The master of the Public Weighing Office) പറഞ്ഞിരിക്കുന്നു. (Cathay and the Way Thither Vol. III, p. 216) 1504-ൽ ആൽബുക്കർക്കു ഇവിടെ

* പിന്നെയും ഈ മറിപ്പെന്തിന്? ഇരവിക്കൊത്തൻ ചെട്ടിനായരായിരുന്നു എന്നു പ്രസംഗത്തിൽ തെളിയിച്ചിട്ടില്ലെ? ഇന്നും അവർമക്കത്തായക്കാർ തന്നെ.

‡ *മാകോതയാർ പട്ടണം ഏതാണെന്നും അവിടെ പ്രാചീനകാലത്തു് ആരെല്ലാം വസിച്ചിരുന്നു എന്നും ലേഖകന് രൂപമില്ലെന്ന് ആപട്ടണത്തിന്റെ പേരെഴുതിയിരിക്കുന്നതിൽനിന്നും മനസ്സിലാക്കാം.

വന്നപ്പോൾ മേൽ പറഞ്ഞ അധികാരം തങ്ങൾക്കുണ്ടായിരുന്നതു തങ്ങളിൽ ഒരുത്തൻെറ കുററത്തെപ്രതി സർക്കാർ എടുത്തു കളഞ്ഞിരിക്കുന്നു എന്നും അതു തിരിച്ചു തരുവാൻ സർക്കാരിനോടു പറയണമെന്നും ക്രിസ്ത്യാനികൾ പറഞ്ഞതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. (Commentaries of the great Alfonso D, Albuquerque Vol. I p. 15.)

* മണിഗ്രാമക്കാർക്രിസ്ത്യാനികളല്ലെന്നു വാദിക്കുന്നവർ മണിഗ്രാമക്കാക്കു കൊടുത്തതായി പറയുന്ന ഈ അധികാരം ക്രിസ്ത്യാനികൾക്കു എങ്ങിനെ കിട്ടി എന്നു പറയേണ്ടതാണ്. പ്രാസംഗികൻ ഈ വാദത്തേയും വിസ്മരിച്ചിരിക്കുന്നു.

6. മകോതേവർ പട്ടണത്തു ഇരവികൊത്തനു മണിക്കിരാമപട്ടണത്തോടുകൂടെ സകല സാധനങ്ങൾക്കും തരകും ചുങ്കവും പിരിക്കാൻ അധികാരം കൊടുത്തപ്രകാരംതന്നെ കൊല്ലത്തെ മണിഗ്രാമക്കാക്കും ഈ അവകാശം കൊടുത്തതായി കൊല്ലം ചെപ്പേടിൽ കാണുന്നു. പതിനാറാം നൂററാണ്ടിൻെറ പ്രാരംഭത്തിൽ കൊല്ലം സന്ദശിച്ച ബാർബോസ പറയുന്നതു "ഈ പള്ളിക്കു കുരുമുളകിൽനിന്നുമുള്ള വരുമാനം കൊല്ലം രാജാവു കൊടുത്തതാണ് അതു ഇന്നും പള്ളിക്കു കിട്ടിക്കൊണ്ടിരിക്കുന്നു". (A Description of the coast of East Africa and Malabar in the Beginning of the 16th century p. 192) മണിഗ്രാമക്കാർ ക്രിസ്ത്യാനികളല്ലെങ്കിൽ ഇങ്ങിനെ ഒരു അധികാരം കൊല്ലം രാജാവു് ക്രിസ്ത്യാനികൾക്കു എന്തു കൊടുത്തു? ഈ വാദവും പ്രാസംഗികൻ വിസ്മരിക്കതന്നെ ചെയ്തിരിക്കുന്നു.

7. മണിഗ്രാമക്കാരിൽ ആരെങ്കിലും കുററം ചെയ്താൽ അവർതന്നെ ആ കേയിസു തീരുമാനിക്കണമെന്നു കൊല്ലം ചെപ്പേടിൽ പറഞ്ഞിട്ടുണ്ടു്. പതിനാറാംശതവഷത്തിൻെറ ആരംഭത്തിൽ ആൽബുക്കക്കു് കൊല്ലംരാജാവുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ പണ്ടേ നടന്നുവരുന്നപ്രകാരം സിവിലായും ക്രിമിനലായും ഉള്ള അധികാരങ്ങൾ † സ്ഥലത്തെ ക്രിസ്ത്യാനികൾക്കു ¶ ഇരിക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു് (Commentaries of the Great Aponso D'Albuquerque Vol. I p. 14) മണിഗ്രാമക്കാർ ക്രിസ്ത്യാനികളല്ലെങ്കിൽ ക്രിസ്ത്യാനികൾക്കു ഈ പദവി എന്തു കിട്ടി. വിസ്മൃതിതന്നെ ഇവിടെയും പ്രാസംഗികൻെറ ബലം.

സക്കാർ കച്ചവട ഡിപ്പാർട്ടുമെൻറിൻെറ നായകത്വവും ചുങ്കം പിരിക്കാനുള്ള അവകാശവും സിവിലായും ക്രിമിനലായും ഉള്ള അധികാരങ്ങളും മണിഗ്രാമക്കാക്കു നൽകപ്പെട്ടതായും അതെല്ലാം പുരാതന കാലത്തു ക്രിസ്ത്യാനികൾ അനുഭവിച്ചിരുന്നതായി അവിതക്കിത രേഖകൾ ഉള്ളതായും ഈ അവകാശങ്ങൾ അനുഭവിച്ചിരുന്ന ഒരു വക ഹിന്തുക്കളെക്കുറിച്ചും രേഖ പോയിട്ടു പാരമ്പര്യ വത്ത

* മണിഗ്രാമത്തിൽ ക്രിസ്ത്യാനികളില്ലായിരുന്നു എന്നു് ആർ പറഞ്ഞു? ചെട്ടികൾ (കച്ചവടക്കാർ) പല വഗ്ഗത്തിലും ഉൾപ്പെട്ടവരായിരുന്നു എന്നു പ്രസംഗത്തിൽ വ്യക്തമാക്കീട്ടുണ്ടല്ലൊ—Ed.

† മണിക്കിരാമ പട്ടമൊ പട്ടണമൊ കൊടുത്തതു്?—Ed.

¶ എതുവരെ ഇരുന്നു? എപ്പോൾ നിന്നു?—Ed.

മാനം പോലും ഇല്ലാത്തതായും കണ്ടിട്ടും * മണിഗ്രാമക്കാർ ഏതോ ഒരു വക നായന്മാരാണെന്നും ക്രിസ്ത്യാനികളല്ലെന്നും വാദിപ്പാൻ ചില പണ്ഡിതന്മാർ ഈ മലയാളക്കരയിൽ ഉണ്ടെന്നു അറിഞ്ഞാൽ അഭിജ്ഞന്മാർ അവരുടെ അതിധൈര്യത്തെ ശ്ലാഘിക്കുമോ? ആവോ! ഇരവികൊത്തൻ ക്രിസ്ത്യാനി ആയിരുന്നു എന്നു സ്ഥാപിക്കുന്നതിനായി ഞാൻ ഏഴു തെളിവു കൊടുത്തിരുന്നതിൽ രണ്ടിനേപ്പററി മാത്രം അതിശിഥിലമായ സമാധാനങ്ങൾ പറകയും പിന്ന അതിനെപ്പററി മിണ്ടാതെ കടന്നു കളകയുമാണ് മി. അനന്തൻ പിള്ള ചെയ്തതു്. അദ്ദേഹവും ശേഷം പ്രാസംഗികന്മാരും എൻെറ തെളിവുകളെ മുറക്കു നിരൂപണം ചെയ്തിരുന്നെങ്കിൽ അവരുടെ പ്രസംഗങ്ങൾ ശ്രദ്ധേയമായിരുന്നേനെ. എൻെറ ന്യായങ്ങൾക്കു ഒരു സമാധാനവും പറയാതെ എൻെറ നിഗമനം അനാസ്പദമാണെന്നു പ്രസംഗിക്കാൻ നാലു ആളുകൾ ഒത്തുകൂടിയതു ദയനീയമെന്നല്ലാതെ എന്തു പറയട്ടേ.

പ്രസ്തുത പട്ടയത്തിൻെറ കാലത്തെപ്പററിയുള്ള വാദം അതി ദീർഘമായ ഒന്നായതു കൊണ്ടു ഇപ്പോൾ ഇവിടെ ഞാൻ ഒന്നും എഴുതുന്നില്ല. അതിനേപ്പററി ഞാൻ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതാണല്ലോ. വേണമെങ്കിൽ മലയാളത്തിലും എഴുതാം. ഇതിനു മി. അനന്തൻപിള്ളക്കു പറവാനുള്ള സമാധാനം ഒന്നു കേൾക്കട്ടെ.

---

എം. ആർ. ബാലകൃഷ്ണവാര്യർ. എം. ഏ

ഈ ചെപ്പേടിനെപ്പററി ഏതാനും സംഗതികൾ ചുരുക്കമായി പ്രസ്താവിക്കുവാനേ തല്ക്കാലം സൌകര്യമുള്ളു. ശ്രീ വീരരാഘവചക്രവത്തി ഈ പട്ടയം ആരുടെ പേക്കു ദാനം ചെയ്തതാണെന്നുള്ളതിനെപ്പററി ആദ്യമായിനോക്കാം. മാകോതൈയർ പട്ടണത്ത് നഗരത്തിനു കത്താവായ ചേരമാൻ ലോകപ്പെരുഞ്ചെട്ടി ഇരവിക്കൊത്തനു് മണിഗ്രാമവും മററുചില സ്ഥാനമാനങ്ങളും കേരളചക്രവത്തി അനുവദിച്ചു കൊടുത്തതായിട്ടാണ് പട്ടയത്തിൽ കാണുന്നത്. 'ഇരവിക്കൊത്തൻ' എന്നത് 'റബികൊത്തൻ' എന്നതിൻെറ വികാരമായിരിക്കാമെന്നു ചിലരും, 'രവിക്കത്തനാർ' എന്നതിൻെറ പരിണാമമാണെന്നു മററുചിലരും, 'രവിഗോവദ്ധന്‍' എന്നതിൻെറ തദ്ഭവമാണെന്നു ചില പുതിയ ഗവേഷകന്മാരും അഭിപ്രായപ്പെട്ടുകണ്ടു. അവരവരുടെ മനോധമ്മവിലാസമനുസരിച്ച് ആക്കും വ്യാഖ്യാനിക്കുവാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും, അത് യുക്തിയുക്തവും സന്ദർഭത്തിനും മററു സംഗതികൾക്കും അനുയോജ്യവുമായിരിക്കണമെന്നുള്ള കാര്യം വിസ്മരിക്കുന്നത് പരിതാപകരമാണ്. ആദ്യത്തെ രണ്ടഭിപ്രായങ്ങളും വേണ്ട അടിസ്ഥാനമില്ലാതെ

---

* മണിഗ്രാമനായന്മാർ ഇന്നും ജീവിച്ചിരിപ്പുണ്ടു്. പണ്ഡിതന്മാരുടെ ധൈര്യവും അഭിജ്ഞന്മാരുടെ ശ്ലാഘയും അസ്ഥാനത്താണൊ എന്നു മിസ്റ്റർ ടി. കെ. ജോസപ്പിനോടുലേഖകൻ ചോദിച്ചറിഞ്ഞാൽ കൊള്ളാം—Ed.

'ഇരവികൊത്തൻ' ക്രിസ്ത്യാനിയാണെന്നു സിദ്ധവൽകരിച്ചതിന്റെ ഫലമാണ് ഈ സിദ്ധാന്തത്തിന് ചെപ്പേടിൽ ഒന്നും ഉൽബലകമായി കാണുന്നില്ല. 'രവിഗോവർദ്ധനൻ' എന്നതിന്റെ തത്ഭവമാണെന്നുള്ള അഭിപ്രായവും അടിസ്ഥാനരഹിതമാണ്. പട്ടയത്തിൽ മൂന്നു പ്രാവശ്യം ലോകപ്പെരുഞ്ചെട്ടിയുടെ പേരു പ്രസ്താവിക്കുന്നുണ്ടു്. ഒരിക്കൽ 'ഇരവികൊത്തനൻ' എന്നും രണ്ടു പ്രാവശ്യം 'ഇരവികൊത്തൻ' എന്നുമാണ് കാണുന്നത്. ഇതിൽ രണ്ടു പ്രാവശ്യം എഴുതികാണുന്ന 'ഇരവികൊത്തൻ' എന്നതാണ് ശരിയായതെന്നു അനുമാനിക്കുന്നതാണ് സംഗതമായിട്ടുള്ളത്. എന്നുതന്നേയുമല്ല, 'ഗോവർദ്ധനൻ' എന്നതിന്റെ തദ്ഭവരൂപം കോവത്തനൻ എന്നുതന്നെയാണ് ആ പേരിലുള്ള ശാസനങ്ങളിൽ കാണുന്നതും. (ഗോവർദ്ധനമാർത്താണ്ഡന്റെ ശാസനങ്ങൾ നോക്കുക). ഗോവർദ്ധനൻ എന്നത് വൈശ്യരുടെയിടയിൽ സാധാരണമായി ഉപയോഗിച്ചുവരുന്ന പേരാണെന്നുള്ളതിനെപ്പററി രണ്ടുപക്ഷമില്ല. എന്നാൽ 'ഗോവർദ്ധനൻ' 'കൊത്തനാ'യി രൂപാന്തരപ്പെടുന്നതിന് വിഷമമാണ്; ഇതിനും പുറമേ, കൊച്ചിയിൽ താഴക്കാട്ടുള്ള രാജസിംഹശാസനത്തിൽ 'ഇരവികൊത്തൻ' എന്നു തന്നെ കാണുന്നുണ്ടു്. (I. Antiquary 1928 P. 25-31). എന്നുതന്നേയുമല്ല, 'കൊററൻ പുറൈയൻ' 'കൊററൻ കോതൈ' എന്നൊക്കെ മററു ശാസനങ്ങളിലും ധാരാളമായി നാം കാണുന്നുണ്ടെന്നുള്ളതും ഓർക്കേണ്ടതാണ്. (Trav Arch. Vol III. P. 167). 'ഇരവികൊത്തൻ'എന്നത് 'ഇരവികൊററൻ' എന്നതിന്റെ വികാരമായിരിക്കണം. 'കൊററൻ' എന്നതിന് നായകൻ, പ്രഭുവെന്നൊല്ലാം ചെന്തമിഴിൽ അർത്ഥകല്പന ചെയ്തുകാണുന്നുണ്ടു്. (പുറനാനൂർ. 168, 171 എന്നീ പാട്ടുകൾ). ഇതിനും പുറമേ, കർണ്ണാടക ശാസനങ്ങളിൽ വ്യാപാരികളായ വീരബണിഗന്മാരുടെ കൂട്ടത്തിൽ 'ചെട്ടിഗുത്ത'ന്മാരെപ്പററി പ്രസ്താവം കാണുന്നതും ചിന്താർഹമാണ്. (Epi Carnatica. VII V. P 131. Page 100. Text 242; E. C. Kl 170. P. 56). വീരരാഘവപട്ടയത്തിൽ കാണു 'ഇരവികൊത്തൻ' ഏതായാലും 'രവിഗോവർദ്ധനൻ' എന്നതിന്റെ പരിണാമമാണെന്നു വിചാരിക്കുന്നതിന് നിവൃത്തിയില്ല.

രണ്ടാമതായി 'അഞ്ചുവണ്ണം,' 'മണിഗ്രാമം' എന്നീപദങ്ങളുടെ നിഷ്പത്തിയെപ്പററി ചിന്തിച്ചുനോക്കാം. പല ശാസനങ്ങളിലും ഇവയെ ഒന്നിച്ചാണ് പ്രസ്താവിച്ചിട്ടുള്ളതു്. 'അഞ്ചുവണ്ണം' എന്നത് 'ആൻജുമൻ' എന്ന അറബിവാക്കിൽ നിന്നും വന്നതായിരിക്കണമെന്നു ഒരു കൂട്ടരും, അത് അഞ്ചുവണ്ണക്കാരായ ആളുകളുടെ സംഘമാണെന്നു മററു ചിലരും വ്യാഖ്യാനിച്ചു കണ്ടിട്ടുണ്ടു്. (Trav. Archvol II.p 74). മഹമ്മദീയരുടെ സംഘമാണ് അഞ്ചുവണ്ണമെന്നു കരുതുന്നതിന് യാതൊരു നിവൃത്തിയുമില്ല. തീത്തണ്ടദാനപുരത്തുള്ള വീരപാണ്ഡ്യശാസനത്തിൽ 'അഞ്ചുവണ്ണം' ഒരു ഹിന്ദുക്ഷേത്രം പണിയിക്കുന്നതിന് ശ്രമിച്ചതായി പ്രസ്താവിച്ചിരിക്കുന്നതു് ശ്രദ്ധേയമാണ്. (No 598of 1926 from Ramnad). ഇവർ തീർച്ചയായും ഒരു ഹൈന്ദവവ്യാപാരി സംഘമായിരിക്കണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. (Pandyan Kingdom by K. A. Neelacanta Sastry. P 179). തച്ചൻ,

വെള്ളാളൻ, വണ്ണാൻ മുതലായ അഞ്ചുജാതിക്കാരിൽ നിന്നാണ് ധാരാളമാളുകൾ ക്രിസ്തുമാർഗ്ഗത്തിൽ ചേർന്നതെന്നും അവരുടെ സംഘത്തിനാണ് 'അഞ്ചുവണ്ണത്താർ' എന്നുപറയുന്നതെന്നും അഭ്യൂഹിക്കുന്നത് സംഗതമായിരിക്കുന്നില്ല. വ്യാപാരികളുടെ ഗണങ്ങളിൽ ഒന്നായിരുന്നു 'അഞ്ചുവണ്ണ'മെന്നുകരുതുന്നതിനേ കഴിവുള്ളു. 'മണിഗ്രാമം' എന്നതു് രത്നവ്യാപാരികളുടെ ശ്രേണിയായിരുന്നുവെന്നു് കരുതേണ്ടതുണ്ടു്. അതു് 'വണിഗ്രാമം' എന്നതിന്റെ തദ്ഭവമാണെന്നു് ചിലപുതിയ ഗവേഷകന്മാരുടെ അഭിപ്രായം സ്വീകാര്യമായിത്തോന്നുന്നില്ല. നച്ചിനിയർ കിനിയർ 'വണിഗ്രാമ'ത്തിന്റെ തദ്ഭവരൂപമായ 'വണികക്കിരാമം' എന്നത് ഒരു 'കുഴിവിൻപേയരാ'ണെന്നു് പ്രസ്താവിക്കുന്നുണ്ടു്. 'വണിക്' എന്ന സംസ്കൃതപദം പ്രാചീനചെന്തമിഴിൽ 'വണികൻ' 'വാണികൻ' 'വാണിയൻ' എന്ന രൂപങ്ങളിലാണ് പ്രയോഗിച്ചുകാണുന്നതു്. വണിഗ്രാമത്തിന്റെ തദ്ഭവരൂപം 'വണികക്കിരാമം' എന്നായിരിക്കാനാണ് സാംഗത്യമുള്ളത്. 'മണിക്കിരാമം' എന്നത് താഴെകുറിക്കുന്ന ശാസനങ്ങളിലും കൃതികളിലും പ്രയോഗിച്ചുകാണുന്നു.

(1) താണുരവിയുടെ ശാസനം. (Trav. Arch. Vol. II P. 67) 'അധികാരരും പ്രകൃതിയും മണിക്കിരാമവും അഞ്ചുവണ്ണവും പുന്നൈത്തലൈപ്പതിയും;

(2) താണുരവിയുടെ രണ്ടാം ശാസനം (Ibid. P. 80-82) 'അറുനൂറുവരും അഞ്ചുവണ്ണവും മണിക്കിരാമവും ഇരക്ഷിക്കക്കടവർ'

(3) പാസ്കരരവിയുടെ ശാസനം. (Ep. Ind. Vol. III, P. 68)

'അഞ്ചുവണ്ണവും ...... അഞ്ചുവണ്ണപ്പേറും ...വിടുപേറും കുടുത്തോം. അഞ്ചുവണ്ണമുടൈയ ഇസുപ്പു ഇറപ്പാനുക്കു;

(4) രാജസിംഹശാസനം. (No.358of 1927).

'ഇവ്വുമൈഞ്ചുവാണിയരിൽ മണിക്കിരാമത്താരാന ചാത്തം വടുകനും ഇരവിക്കൊത്തനും ഇവർകളിരുവക്കുമിരണ്ടുമുറിപ്പീടികൈയാലും നൈയ്യിലൈ'

(5) രാമൻ തളിശാസനം. കലി ൪൦൨൯ (No474of 1926)

'നരചിംഗ... വിന്നകർ തേവർക്കു അമൈച്ച പരിയാവിതു.... ഇതുകണ്ടു ഇളങ്കോപ്പട്ടണത്തു മണിക്കിരാമത്താർ'

(6) കൊല്ലം ജമാദ് പള്ളിശാസനം. (No 4of 1901)

''വലഞ്ചിപ്പറൈയർ .....മണിക്കിരാമവും......റൈപ്രകാരം...ത്തു കൊടുത്തതു്?

7) കുററാലനാഥ ക്ഷേത്രത്തിലുള്ള കുററാലം ശാസനം (No 439 of 1917).

'പരകേസരിവമ്മക്കു യാണ്ടു ൨൧, കുററാലത്തു പെരുമാനടികളുക്കു തെൻവാരിനാട്ടു നല്ലൂർ മണിക്കിരാമത്തു ധമ്മച്ചെട്ടിആയിന ചടൈയൻ കവൈയൻ വൈച്ച വിളക്കൊൻറു.'

(8) തീത്തണ്ടദാനപുരം വീരപാണ്ഡ്യശാസനം (No 598 of 1926).

'ഇവ്വൂരിൽ ഇരുക്കിറ അഞ്ചുവണ്ണം മണിക്കിരാമത്തോമും ആരിയരിൽ സാമന്തപണ്ടശാലിയും ഐശരും പട്ടാരിയരും തോയാവാത്തിരച്ചെട്ടികളും തെന്നില

ഞ്ചെ വലഞ്ചിയരും കൈക്കോളരും തുശ്ശുവരും വാണിയരും നീണ്ടകരൈയാരും കൂടി...കോയിൽ തിരുമുമ്പേ നിറൈവരാകുടിയിരുന്തു'

(9) തിരുവാനൈക്കൽ ക്ഷേത്രത്തിലുള്ള തിരുവെല്ലൈറൈ ശാസനം (No 519 of 1905).

'ഉറൈയൂർ മണിക്കിരാമത്തു നാരായണൻ അച്ചൻ ഇവ്വൂർക്കല്ലാൽവെച്ച പൊൻ അൻപതിൻ കഴഞ്ചു.'

(10) സേലം ശുകവാണിശ്വരക്ഷേത്രത്തിലുള്ള ശാസനം (S.I. Insc. VolIV, p 15).

'രാജകേസരിവമ്മക്കുയാണ്ടു മൂൻറാവതു കൊടുമ്പാലൂർ മണിക്കിരാമത്തു വ്യാപാരി മഞ്ചൻ മണിയമാത്താണ്ഡൻ ശ്രീകോയിലിൽ വൈച്ച കഴഞ്ചു.'

(11) സയാമിൽ തകോപശാസനം (E. Ind. Vol XVIII P. 11).

'കുലം പേർ ശ്രീനാരാണം മണിഗ്രാമത്താർക്കും സേനാമുകത്താർക്കും കുലത്താക്കും അടൈക്കലം.'

(12) നേമിനാഥം. (Tamil Sangam edition 1923. P. 69)

'അവൈയകത്താർ, അത്തിക്കോശത്താർ, മണിക്കിരാമത്താർ' as examples of കൂടിയാർ പ്പേയാർ.

(13) പയ്യന്നൂർ പട്ടോല (Madras journal. 1844. P. 2. P. 15)

'ചാവാളരെപ്പോലെ നീ അകലെപ്പോവൂ
ചങ്ങാതം വേണം പെരികയിപ്പോൾ
കോവാതലച്ചെട്ടി, അഞ്ചുവണ്ണം,
കൂട്ടം മണിക്കിരാമത്താർ മക്കൾ,
നമ്മളാൽ നാലു നകരത്തിലും
നാലരെക്കൊൾക കുടിക്കു ചേന്നോർ
നാലർകുടിക്കു ചേന്നോരെക്കൊണ്ടാർ
അന്നാട്ടിൽ പട്ടിണസ്വാമിമക്കൾ'

(14) ഹയ്യക്ഷമാസഹയ്യക്ഷ സമരോത്സവം. (Triv. Palace Library Mss)

'വേറെവേറെ ചമഞ്ഞൊക്കെ
വന്നെത്തിനാർ
നരർ പെരുകിയിട്ടും നത്താണിയും
ചോനകർ
നഗർമരുവും മണിഗ്രാമവും
ബ്രഹ്മരും
തുളുവർ പരദേശി സന്യാസിയും
ദൂതന്മാർ'

ഇവയിൽനിന്നു് മണിഗ്രാമക്കാർ വണിക്കുകളുടെ ഒരു പ്രത്യേകസംഘമായ രത്നവ്യാപാരികളായിരുന്നു വെന്നു് അനുമാനിക്കേണ്ടതുണ്ടു്. 'മണിഗ്രാമം' 'വണിഗ്രാമം' രൂപാന്തരപ്പെട്ടതല്ലെന്നു് രാജസിംഹശാസനത്തിലെ ഉദ്ധൃതഭാഗത്തിൽ നിന്നു് വ്യക്തമാകുന്നതാണു്. വാണിയരിൽ മണിഗ്രാമത്താരായ രണ്ടുപേരെപ്പറ്റി പ്രത്യേകം പ്രസ്താവിക്കുന്നതു് ശ്രദ്ധേയമാണു്. വാസ്തവത്തിൽ ആദ്യകാലത്തു് ഈ വ്യാപരസംഘങ്ങളിലെ അംഗങ്ങൾ ഹിന്ദുക്കളായിരുന്ന വെന്നു് കരുതേണ്ടതുണ്ടു്. പിൽക്കാലത്തു് കേരളത്തിന്റെ പശ്ചിമതീരത്തിലുണ്ടായിരുന്ന മണിഗ്രാമസംഘങ്ങളിൽ മതവ്യത്യാസം പരിഗണിക്കാതെ എല്ലാവരേയും അംഗങ്ങളായി അംഗീകരിച്ചിരിക്കണം. കൌടില്യന്റെ കാലത്തുതന്നെയും കേരളത്തിൽ നിന്നു് ഉത്തരേന്ത്യയിലേക്കയച്ച വിക്രയസാധനങ്ങളിൽ ചൂർണ്ണിനദിയിൽ നിന്നു ലഭിക്കുന്ന മുത്തുകൾക്കു പ്രാധാന്യമുണ്ടായിരുന്നതായി കാണുന്നു. മണിഗ്രാമക്കാർ രത്നവ്യാപാരികളുടെ സംഘമായിരുന്നതായിട്ടാണു് എല്ലാംകൊണ്ടും അനുമാനിക്കേണ്ടതു്.

ഇരവിക്കൊത്തനു് നൽകിയ സ്ഥാനമാനങ്ങളെപ്പററിയും ചിന്തിച്ചു നോക്കേണ്ട

താണ്. അവയിൽ 'വിളാവാടൈ' എന്നതു് വിഴ+ആടൈ എന്ന് പദച്ഛേദം ചെയ്തു് 'festive cloth' എന്ന അൎത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ചില ശാസനപരിശോധകന്മാരും ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. 'വിഴവ്' എന്നതിനും ചെന്തമിഴിൽ 'ആഘോഷം' 'ഉത്സവം' എന്നൎത്ഥം കല്പിച്ചു കാണുന്നുണ്ട്. എന്നാൽ 'വിളാവാടൈ' എന്നതു് വിലാ (തോളിനു താഴെ അരയ്ക്കു മേലുള്ള ഭാഗം) + ആടൈ എന്നതിൽ നിന്നും ആണെന്നു വിചാരിക്കുന്നതായാൽ മേൽമുണ്ടു് ധരിക്കുന്നതിനുള്ള അവകാശമെന്ന് കരുതേണ്ടിയിരിക്കുന്നു. 'പവനത്താങ്കു' എന്നത് 'പവനം'+'താങ്കു' എന്നവ ചേൎന്നതാണെന്നും ഭവനത്തിനു ചുററുമുള്ള മതിൽ, ഭവനത്തിനു താങ്ങായത് (തൂണ്), അകമ്പടിക്കാർ എന്നൊക്കെ അൎത്ഥമുണ്ടെന്നും പലരും പ്രസ്താവിച്ചിട്ടുണ്ട്. പവനിത്താങ്കു എന്ന പാഠം സ്വീകരിക്കുന്നതായാൽ പവനിക്ക് (ഘോഷയാത്ര) വേണ്ടതാണ് (അകമ്പടിക്കാർ) എന്നൎത്ഥം വരും. 'വലഞ്ചിയമും' വലഞ്ചിയത്തിൽ തനിച്ചെട്ടും' എന്നതിന് a curved sword & soverign merchantship' എന്ന് ഡാക്ടർ ഗുണ്ടെട്ട് അൎത്ഥം കല്പിച്ചുകാണുന്നു. ഇതിനു 'കടല്ത്തുവാണിജ്യമെന്നും അതിനുള്ള തനിക്കുത്തുക' എന്നുമാണ് അൎത്ഥമെന്നു തോന്നുന്നു, 'വലഞ്ചിയർ' എന്ന് പല ശാസനങ്ങളിലും കാണാനുണ്ട്. രാമവൎമ്മയുടെ വെള്ളായണിശാസനത്തിൽ 'ആറുനൂററുവരും പണിചെയ്യിൻറവരും പതിനെട്ടി രാജ്യത്തിൽ വലഞ്ചിയരും ആരക്ഷപണ്ണി ആചന്ദ്രതാരവൽ മുട്ടാതെ ചെലുത്തുവിതു' എന്നും (Trav. Arch Vol III P 34-35 ചാലപ്പുറം ശാസനത്തിൽ No. 523 of 1929) വലഞ്ചിയർ, നാനാതേയികൾ, പാണികൾ എന്നിവരെപ്പററിയും പ്രസ്താവങ്ങളും കാണുന്നുണ്ട്. 'വീരവലഞ്ചിയർ' എന്നൊരു വ്യാപാരസംഘത്തെപ്പററി കൎണ്ണാടകത്തിലും മൈസൂരിലും സിലോണിലും മററും പല ശാസനങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. ക്രിസ്തു ൧൨, ൧൩ നൂററാണ്ടുകളിൽ തെക്കെ ഇന്ത്യായിൽ പല സ്ഥലങ്ങളിലും ഇവൎക്കു വാണിജ്യത്തിൽ പ്രാധാന്യമുണ്ടായിരുന്നു. (There was a vast organisation of associated traders which about the 12th & 13th centuries had spread a network over the greater part of South India and Ceylon & perhaps even further and which beginning with mere commerce and thence devoloping an elaborate social and semi-military system strikingly recalls our East India Company. These are the Vira Banigas as they were called in Canarese or വീരവലഞ്ചിയർ in Tamil. The name signifies valiant merchants. Bananju is connected with the Skt വണിജ; വലഞ്ചു in Tamil and വെണ്ണന്ത or വെളന്ത in Singhalese. Dr Barnett Ancient Tamil Township and Village P. 41). വലഞ്ചിയർ എന്നതു് സംസ്കൃതത്തിലെ 'വണിജ' എന്നതിൻെറ വികാരമായിരിക്കണം. ഇവർ ചേരനാട്ടിലും ധാരാളമുണ്ടായിരുന്നുവെന്ന് ക്രി 1150 ലെ ഒരു ശാസനത്തിൽ നിന്നും തെളിയുന്നുണ്ട്. Epi. Carn XII. P 86-87; Mysore Inscriptions P. 122-23). വീരബനിഗന്മാരെപ്പററി പല കൎണ്ണാടകശ

സനങ്ങളിൽ പ്രസ്താവങ്ങളുണ്ട് Epi. Car. Bl 177. P 103; E. C. No 241; No 197; No 235; No 335; Ec. VII. Skt 118;). ദക്ഷിണേന്ത്യായിലെ പല വ്യാപാരകേന്ദ്രങ്ങളിലും വലഞ്ചിയർക്കു പ്രത്യേക മാന്യസ്ഥാനം ഉണ്ടായിരുന്നുവെന്നതിനെപ്പററി യാതൊരു സംശയവുമില്ല. (Social and Political Life in the Vijayanagara Empire, Saletore. Vol II P. 98). 'തനിച്ചെട്ടു' എന്നതിനു 'തനിക്കുത്തക' എന്നു തന്നെയാണ് അത്ഥമെന്നു കരുതേണ്ടിയിരിക്കുന്നു. 'ചെട്ടു' എന്നതിന്ന് വ്യാപാരം എന്ന് പ്രാചീന ചെന്തമിഴിൽ അത്ഥം കാണുന്നു. അതിൽ നിന്നാണ് 'ചെട്ടി' എന്ന പദം വന്നിട്ടുള്ളത്. ചെട്ടികളുടെ ആധാരങ്ങളിൽ അടുത്ത കാലംവരെ 'ശ്രീപണ്ടാരച്ചെട്ടു' എന്ന പേരിൻെറ മുമ്പിൽ ചേൎത്തുവന്നിരുന്നതായി കാണുന്നുണ്ട്. 'എതിർച്ചെട്ടു' 'ചുക്കച്ചെട്ടു' എന്നൊക്കെയും ചെന്തമിഴിൽ ധാരാളം പ്രയോഗങ്ങളുമുണ്ട്. കേരളത്തിൽ ചെട്ടികൾക്കുണ്ടായിരുന്ന പ്രാബല്യത്തെപ്പററി പോൎത്തുഗീസു ഗ്രന്ഥകാരനായ ബാർബോസാ പറയുന്നതു ശ്രദ്ധേയമാണ്. ('First of these races whom I call foreigners who dwell in Malabar is a caste called Chetties, natives of the Province of Coromondel. The more part of them are great merchants and they deal in precious stones, pearls, corals and other valuable goods. This is their principal trade. They lead a clean life and have spacious houses in their own appointed streets. They speak a tongue which differs from that of Malabar. They manage their own affairs and the Kings may not enquire into their crimes' Barbosa Vol. II, P. 71). 'ചെട്ടു' എന്ന പദം സംസ്കൃതത്തിലെ 'ശ്രേഷ്ഠി' എന്നതിൽ നിന്ന് വന്നതാണൊ എന്ന് സംശയമാണ്: 'ഇടപ്പടി തോരണം' എന്നത് ഒന്നിച്ചെടുക്കണമെങ്കിൽ തോരണത്തിലെ 'ത'കാരത്തിനു ദിത്വം വരേണ്ടതാണ്. ചില പ്രാചീനരേഖകളിൽ കാണുന്ന 'പടിയും പടിപ്പുരയും' തന്നെയാണ് ഇതുകൊണ്ട് നിർദ്ദേശിച്ചിരിക്കുന്നത്. പാക്കര ഇരവിവമ്മരുടെ ശാസനത്തിൽ ഇടപ്പടിയും, തോരണവും' എന്നാണല്ലോ കാണുന്നതും, ഇടപ്പടിയ്ക്ക്, a seat at the gate, a carved plank to sit upon and placed on the southern side of the portico of the house എന്നും മററും അത്ഥം വിവരിച്ചു കാണുന്നു. (Madras Journal Vol IX New Series Page 31). 'തോരണ'ത്തിനു ബഹിർദ്വാരത്തിലുള്ള അലങ്കാരം എന്നത്ഥം വരാവുന്നതാണ്. (Trav. Arch. Vol V. Nos. 16 & 17): ഇരവിക്കൊത്തനു ലഭിച്ച മററു പദവികളെപ്പററിയും, ഈ ശാസനത്തിൻെറ കാലം, ശ്രീവീരരാഘവചക്രവത്തി എന്നിവയെപ്പററിയും പിന്നൊരവസരത്തിൽ പ്രതിപാദിച്ചു കൊള്ളാം.

# ഗ്രന്ഥനിരൂപണം.

## കൈപ്പററി

1. ക്ഷേത്രമാഹാത്മ്യം:

ചെങ്ങന്നൂർ ക്ഷേത്രത്തിൻെറ ചരിത്രവും മാഹാത്മ്യവും പ്രതിപാദിക്കുന്ന ഗദ്യഗ്രന്ഥം; കല്ലൂർ നാരായണപിള്ള, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം; വില അണ 8.

2. ആതുരശുശ്രൂഷണം:

ഡാക്ടർ എസ്സ്. ലക്ഷ്മിനാരായിൻ; പ്രകാശകൻ, എസ്സ്. ഷൺമുഖം പിള്ള, പുത്തൻചന്ത, തിരുവനന്തപുരം; വില അണ 8.

3. മലയാളപണ്ഡിതർ:

സാഹിത്യസൌഗന്ധികം ഒന്നാം ദളം; ഇരണിയൽ വിദ്വാൻ ആർ. വി. നായർ; ബി. വി. പ്രിൻറിങ് വർക്കസ്, തിരുവനന്തപുരം, അദ്ധ്യാപക വിദ്യാർത്ഥികൾക്ക വില അണ 8.

4. അപ്രമേയപ്രകൃതി കഥാപുസ്തകം:

പേരൂർക്കട, എസ്സ്. കൃഷ്ണപിള്ള. തിരുവനന്തപുരം; വില അണ 6.

5. ദശോപനിഷത്തു്:

(പ്രഥമസമ്പുടം;) ഈശാവാസ്യം: ഡാക്ടർ എൽ. ഏ. രവിവർമ്മ; ബി. വി. ബുക്ഡിപ്പോ, തിരുവനന്തപുരം; വില അണ 4.

6. മാനവസംസ്കാരം:

എൻ. ഗോപാലപിള്ള. എം. ഏ; ആർ. ടി. പിള്ള, ചാല, തിരുവനന്തപുരം, വില അണ 8.

7. സാഹിത്യപ്രവേശിക.

(ഒന്നാംഭാഗം): ശൂരനാട്ട കുഞ്ഞൻപിള്ള അവർകൾ എം. ഏ. വിദ്യാവിലാസിനി ബുക് ഡിപ്പോ, ചാല, വില അണ 12.

8. രാജലക്ഷ്മി

ഖണ്ഡകാവ്യം, ഭാർഗ്ഗവിഅമ്മ ബി. ഏ.

9. വടക്കൻപാട്ടുകൾ,

(ഒന്നാം ഭാഗം); സി. അച്യുതമേനോൻ ബി. ഏ; മദിരാശി സർവ്വകലാശാലാ പ്രസിദ്ധീകരണം: വില രൂ 3.

10. ജീവചരിത്രസഞ്ചിക.

(മൂന്നാംഭാഗം), പ്രസാധകൻ വെങ്ങളം ജി. പരമേശ്വരൻ പിള്ള, ചിത്രാപബ്ളിഷിംഗ് ഹൌസ്, ഏ. ആർ. വി. പ്രസ്സ്, തിരുവനന്തപുരം; വില അണ 5.

സാഹിത്യപരിഷത്തു ത്രൈമാസികം, ഹംസ, രാജർഷി, തൊഴിലഭിമാനി, പ്രേഷിതൻ, ലാററിൻ ക്രസ്ത്യൻ, ജന്മനി, കേരളസേവകൻ, പ്രകാശം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, എം. എൻ. നായർ മാസിക, ചന്ദ്രിക, ഭാഷാപോഷിണി, ആര്യൻ, വിജയഭാനു.

## അഭിപ്രായങ്ങൾ.

ജീവചരിത്രസഞ്ചിക.

ഒന്നുമുതൽ മൂന്നുവരെയുള്ള പുസ്തകങ്ങളിൽ 29 മഹൽച്ചരിതങ്ങൾ ചുരുക്കമായി പ്രതിപാദിച്ച് പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പുസ്തകസഞ്ചിക മലയാളഭാഷാ സാഹിത്യത്തിൽ സംക്ഷിപ്തങ്ങളായിട്ടെങ്കിലും ജീവചരിത്രങ്ങൾ ഉണ്ടെന്നു കാണിക്കാൻ വളരെ പ്രയോജനപ്പെടുന്ന ഒന്നാണ്. 'സർവാൾട്ടർ റാലി' 'അലക്സാൻഡർ' മുതലായി ഈ മൂന്നാം ലക്കത്തിൽ ചേൎത്തിരിക്കുന്ന ചരിത്രങ്ങൾ അവ്യാപ്തികൊണ്ടുണ്ടായ ശുഷ്കതയുള്ള പാത്രങ്ങളായിത്തീൎന്നിട്ടുണ്ടെങ്കിലും, ജീവിതകാലത്തിലെ പ്രധാന അംശങ്ങളെല്ലാം വൎത്തമാന പത്രപ്രകടിതങ്ങളെന്നപോലെ വായനക്കാരെ ഹഠാദാകർഷിക്കത്തക്ക സൂത്രവാക്യങ്ങളാൽ നിൎദ്ദിഷ്ടങ്ങളായി പ്രകാശിക്കുന്നതു ഒരു മെച്ചമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സ്വകീയമായ ഔദാൎയ്യത്താൽ കേരളീയ മഹാജനങ്ങൾക്കു വിജ്ഞാനവും വിനോദവും നൽകുന്നതിന് കൈരളീബന്ധുവായ ശ്രീമാൻ ജ്ഞാനസ്കന്ദയ്യർ ചെയ്യുന്ന ഈ പരിശ്രമം സകല സജ്ജനങ്ങളുടേയും ശ്ലാഘയ്ക്കു പാത്രമായിത്തീരുമെന്നുള്ളതിനു സംശയമില്ല.

Ed.

---


# രാജൎഷി.

## (സൎവ്വഗുണസമ്പന്നനായിരുന്ന വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയതമ്പുരാൻതിരുമനസ്സിലെ സ്മാരകം)

കേരളത്തിലെ സുപ്രസിദ്ധന്മാരായ സാഹിത്യരസികന്മാരുടെ വിവിധ വിഷയങ്ങളിലുള്ള വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ വായിച്ചു രസിക്കുന്നതിന് രാജൎഷി വരുത്തി വായിക്കുവിൻ!!

(വാൎഷിക വരിസംഖ്യ മുൻകൂർ അഞ്ചലിൽ 2-ം തപാലിൽ 2½ ം മാത്രം).

മാനേജർ—രാജൎഷി,

തൃശ്ശിവപേരൂർ—Cochin State.

# പത്രാധിപക്കുറിപ്പുകൾ.

## ചക്രവത്തി തിരുമനസ്സിലെ ചരമം.

ബ്രിട്ടീഷ് സാമ്രാജ്യം മുഴുവൻ കണ്ണീരൊലിപ്പിക്കത്തക്ക ഒരു ദുഃഖവത്തമാനമാണ് ഈ ലക്കത്തിൽ രേഖപ്പെടുത്തേണ്ടിവന്നിട്ടുള്ളതു്. ഇക്കഴിഞ്ഞ ജനുവരി മാസം ൨൦-ാം തിയതി ഇംഗ്ലണ്ടിലെ 'ചന്ദ്രികാരംഗം' കൊട്ടാരത്തിൽ വച്ചു് ഇൻഡ്യാചക്രവത്തി ജാർജ്ജ പഞ്ചമൻ തിരുമനസ്സുകൊണ്ടു ദിവംഗതനായിരിക്കുന്നു. ഈ ചരമം നിമിത്തം സാമ്രാജ്യത്തിന് മഹാനുഭാവനായ ഒരു ഭരണാധിപതിയും, ആതുരന്മാക്ക് ദയാലുവായ ഒരു രക്ഷിതാവും, സുജനങ്ങൾക്ക് ഒരു ഉത്തമബന്ധുവും നഷ്ടപ്പെട്ടിരിക്കുന്നു എന്നുനിസ്സംശയം പറയാം. ഈ തിരുമനസ്സിലെ വിശിഷ്ടരാജ്യഭാരകാലത്തു് യൂറോപ്പിലും ഇതരഭൂഖണ്ഡങ്ങളിലും സംഭവിച്ചിട്ടുള്ള രാഷ്ട്രീയ വിപ്ളവങ്ങളും, രാജസിംഹാസന ഭ്രംശങ്ങളും അസംഖ്യങ്ങളാണെങ്കിലും, ബ്രിട്ടീഷ് സാമ്രാജ്യലക്ഷ്മി അചഞ്ചലയായിത്തന്നെ വത്തിച്ചിരുന്നു എന്നുള്ളതു സ്മരണീയമാണ്. സ്വസുഖം പുലത്തുന്നതിനു മാത്രമായി രാജസിംഹാസനം അലംകരിക്കയല്ല ജാർജ്ജ തിരുമേനി ചെയ്തിട്ടുള്ളതു്. സ്വരക്ഷാധികാരത്തിൽ നിയുക്തരായ ലക്ഷോപലക്ഷം പ്രജകളെ പക്ഷപാതമെന്യേ പരിപാലിക്കുകയത്രേ അദ്ദേഹം ജീവിതധമ്മവും, നൃപധമ്മവും ആയിക്കരുതിവന്നതു്. അങ്ങനെയുള്ള ഒരു മഹാത്മാവു് ഇഹലോകവാസം വെടിഞ്ഞു എന്നു കേൾക്കുമ്പോൾ നിമ്മത്സരബുദ്ധികളായ സകല ജനങ്ങൾക്കും ഹൃദയംഗമമായ സങ്കടം തോന്നാതിരിക്കുന്നതല്ല. സഹൃദയരുടെ സന്താപം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

## എഡ്വെഡ് അഷ്ടമനുമംഗളം

പരേതനായ ജാർജ്ജചക്രവത്തി തിരുമനസ്സിലെ സീമന്തപുത്രൻ എഡ്വെഡ് അഷ്ടമൻ എന്ന സുഗൃഹീതനാമം ധരിച്ചു് സിംഹാസനാരൂഢനായിരിക്കുന്നു എന്നുള്ള വത്തമാനം ഈ വിഷമഘട്ടത്തിൽ നമുക്ക് അത്യന്തം ആശ്വാസപ്രദമാണെന്നുള്ളതിനു സംശയമില്ല. ബ്രി. സാമ്രാജ്യത്തിലെ നാനാജാതിമതസ്ഥരായ ജനങ്ങളെ സന്ദശിച്ചു് അവരുടെ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി ആ വിധത്തിൽ ശ്രേഷ്ഠമായഭരണം കൊണ്ടുലോകരെ അനുഗ്രഹിക്കുവാൻ പൎയ്യാപ്തനായ തിരുമനസ്സിലേക്കു സഹൃദയ സകല മംഗളങ്ങളും ആശംസിച്ചു കൊള്ളുന്നു.

## സാഹിത്യവും സന്മാഗ്ഗവും.

കൃഷ്ണഗാഥയും ചമ്പുകളും മറ്റും വിദ്യാത്ഥികളെ പഠിപ്പിച്ചാൽ അവരുടെ സന്മാഗ്ഗത്തിനു വലുതായ ദോഷമുണ്ടാകുമെന്നും മറ്റും ചിലർ മുറവിളികൂട്ടാറുണ്ടല്ലോ. എന്നാൽ സ്വന്തം കാൎയ്യം വരുമ്പോൾ ഇക്കൂട്ടർ തന്നെ മൌനമവലംബിക്കുന്നതു വളരെ വിചിത്രമായിരിക്കുന്നു. ബീ. ഏ. ക്ലാസിലേയ്ക്കു പാഠ്യപുസ്തകമായി നിശ്ചയിച്ചിരിക്കുന്ന 'വേദവിഹാര' ഭാഗം വിദ്യാത്ഥികളുടെ സന്മാഗ്ഗത്തെ

എത്രമാത്രം ദൂഷിപ്പിക്കുന്നു എന്നു് അതിലെ കേന്ദ്രീഭൂതമായ കഥാസാരം തന്നെ വെളിപ്പെടുത്തുന്നു. വേദവിഹാരത്തിൽ നിന്നും ഇത്ര അസഭ്യമല്ലാത്ത ഒരു ഭാഗം തെരഞ്ഞെടുക്കുവാൻ സാധിക്കയില്ലെ? ഗ്രന്ഥകത്താവിനു തന്നെ "അശ്ലീലം" തോന്നീട്ടു് നായകന്റെ തത്വചിന്താപരമായ ഒരു പ്രതിപാദനത്താൽ വലുതായ വ്യതിയാനം വരുത്തേണ്ടിവന്നു. പക്ഷെ കഥയിലേയ്ക്കു കടന്നപ്പോൾ ദേവദൂതന്മാരെ "പും മൈഥുനത്തിനു" ആവശ്യപ്പെടുന്ന സോദോം നിവാസികളെയാണു് കവി വീണ്ടും അഭിമുഖീകരിക്കുന്നതു്. നായകൻ പ്രക്ഷുബ്ധരായ പുരവാസികളെ സമാധാനപ്പെടുത്താൻ

"പ്രചുരമദശോധനത്തിന്നു
കന്യാദ്വയം
തരുവനതിനാൽ നിങ്ങൾ
തൃപ്തരായീടണം."

എന്നിങ്ങനെ ഉദീരണം ചെയ്യുന്നതു് എത്ര നീചമായിരിക്കുന്നു! ഈ കന്യാദ്വയത്തെ കളയാതെ സൂക്ഷിച്ചതാണു് കറെക്കൂടി ആഭാസമായി വായനക്കാൎക്കു തോന്നുന്നതു്. ഭാവിവരന്മാരെ പിരിഞ്ഞു ലോത്തിന്റെ കൂടെ പൎവ്വത പാൎശ്വത്തിലേയ്ക്കു പോയ ഈ 'സതീമണികൾ'ക്കെന്താണു് ഒടുവിൽ സംഭവിക്കുന്നതു്?

"അവിടെ നിജസുതകളൊട്ടു
മൊന്നിച്ചു പാൎത്തപോ
താപതിച്ചാനഘക്കുണ്ടിൽ
മദിരയാൽ
പ്രഥമസുത ജനിയരുളി
തത്രമേവാബിനു
പെററിതുമററവൾ ബെന്നമ്മി
യേയുമേ."

കൊള്ളരുതെ ചാരിത്ര്യം? ഉള്ള പരമാൎത്ഥം എഴുതിവച്ച ബൈബിൾകാരനേയൊ പരിഭാഷപ്പെടുത്തിയ കവിയേയൊ കുററം പറഞ്ഞിട്ടു് ഒരു കാൎയ്യവുമില്ല. പാഠ്യപുസ്തകമാക്കിയ വിദ്വച്ഛിരോമണികളെ സ്തുതിക്കതന്നെ വേണം!

### കേരളവൎമ്മകാലം.

തിരുവനന്തപുരം ആർട്ട്സ് കാളേജ് മലയാളം ആണേഴ്സ് സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഒരു യോഗത്തിൽ രാജശ്രീ പി. കെ. നാരായണപിള്ള അവർകൾ ബീ. ഏ. ബി. എൽ. ആദ്ധ്യക്ഷ്യം വഹിക്കുകയും രാജശ്രീ എൻ. ഗോപാലപിള്ള അവർകൾ എം. ഏ., കേരളവൎമ്മ വലിയകോയിൽത്തമ്പുരാന്റെകാലത്തും അതിനെതുടൎന്നു പില്ക്കാലത്തും ഉണ്ടായിട്ടുള്ള സാഹിത്യാഭിവൃദ്ധിയെ പുരസ്കരിച്ചു് പ്രസംഗിക്കുകയും ചെയ്തു. വലിയകോയിൽത്തമ്പുരാന്റെ കവിതയെ സംബന്ധിച്ചിടത്തോളം പ്രസംഗകത്താവിനു് നല്ല ഒരു അഭിപ്രായമല്ല ഉള്ളതെന്നുള്ള പ്രസ്താവം ചില വാദങ്ങൾക്കു് ഇടയാക്കിത്തീൎത്തു. വലിയകോയിൽത്തമ്പുരാന്റെ പ്രിയ ഭാഗിനേയനും ശിഷ്യനുമായ പ്രൊ. രാജരാജവൎമ്മ കോയിൽത്തമ്പുരാന്റെ സാഹിത്യത്തിലുള്ള പ്രേരണ ഇപ്പോഴും ശക്തിമത്തായിത്തന്നെ ഇരിക്കുന്നുഎന്നും, തൽഫലമായി അദ്ദേഹത്തിന്റെ ശിഷ്യപ്രധാനികളിൽ ചിലർ മലയാളഭാഷയുടെ ഉന്നമനത്തിനായി അക്ഷീണപരിശ്രമം ചെയ്തുവരുന്നുണ്ടെന്നും, ആർട്ട്സ്കാളേജിൽ അഭിനവമായി ഏൎപ്പെടുത്തിയിരിക്കുന്ന മലയാളം ആണേഴ്സ് പദ്ധതി

അതിലേയ്ക്കു ഒരു പ്രത്യക്ഷലക്ഷ്യമാണെന്നും മററും പ്രസംഗകൎത്താവു് സരസമായി പ്രതിപാദിച്ചു.

രാജശ്രീ പി. അനന്തൻപിള്ള എം. ഏ. അവർകൾ വലിയകോയിൽത്തമ്പുരാന്റെ കവിതയുടെ പ്രത്യേക ലക്ഷണങ്ങൾ അപഗ്രഥിച്ചു്, അതിനേപ്പററി ചിലൎക്കുണ്ടായേക്കാവുന്ന വിപരീതാഭിപ്രായങ്ങൾക്കു എങ്ങനെയാണു് സമാധാനം പറയേണ്ടതെന്നു വ്യക്തമാക്കി. ശാകുന്തളം തൎജ്ജമയിലും, അക്ബർ എന്ന ആഖ്യായികയിലും, വിജ്ഞാനമഞ്ജരി മുതലായ ലഘു ഗദ്യഗ്രന്ഥങ്ങളിലും കാണുന്ന ഭാഷാരീതി കാലോചിതമായി അദ്ദേഹം ഓരോപൂൎവ്വ മാതൃകകളെ അവലംബിച്ചു സ്വീകരിച്ചിട്ടുള്ളതാണെന്നും, മയൂരസന്ദേശം എന്ന സന്ദേശകാവ്യ നിൎമ്മാണത്തിൽ സ്വാതന്ത്ര്യത്തെ ഹനിക്കത്തക്കവിധത്തിലുള്ള ചില വൈഷമ്യങ്ങൾ അദ്ദേഹത്തിനു് അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടെന്നും, ഇതെല്ലാം ആലോചിച്ചുനോക്കുമ്പോൾ അക്കാലത്തു് അദ്ദേഹത്തോടു കെടനില്ക്കത്തക്ക മററു കവികളുണ്ടായിരുന്നില്ലെന്നു സധൈൎയ്യം പറയാവുന്നതാണെന്നും മററും പ്രസംഗമദ്ധ്യേ പ്രസ്താവിക്കയുണ്ടായി.

ഈ പ്രസംഗത്തെ തുടൎന്നു് ശ്രീമാന്മാരായ സി. ഐ. ഗോപാലപിള്ള അവർകൾ എം. ഏ., ഇളംകുളം കുഞ്ഞൻപിള്ള അവർകൾ എം. ഏ., സി. നാരായണപിള്ള അവർകൾ, മുതലായ മാന്യന്മാരും പ്രസംഗകോടികളിൽ ചിലതു് ആസ്പദമാക്കി പല അഭിപ്രായങ്ങളും പുറപ്പെടുവിക്കയുണ്ടായി. ഒടുവിൽ അദ്ധ്യക്ഷൻ, ഉപസംഹാരരൂപത്തിൽ പ്രൌഢമായ ഒരു പ്രസംഗം ചെയ്തു് പൂൎവ്വപ്രസംഗങ്ങളിൽ നിൎദ്ദിഷ്ടങ്ങളായിരുന്ന വാദമുഖങ്ങൾക്കു തൃപ്തികരമായ സമാധാനങ്ങൾ നൽകി. ആതിഥേയനായ പ്രിൻസിപ്പാൽ രാജശ്രീ എ. ഗോപാലമേനോൻ എം. ഏ. ബി. കാം അവർകളുടെ വകയായി ബഹുവിധ വിഭവങ്ങളോടുകൂടിയ ലഘുഭക്ഷണം ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവ്യമാണു്.

### സാഹിത്യകാരന്റെ ചരമം

റഡ്യഡ് കിപ്ളിങ്ങിന്റെ ചരമം മൂലം സാഹിത്യ സാമ്രാജ്യത്തിനു് ഒരു അപരിഹരണീയമായ നഷ്ടമാണു സംഭവിച്ചിരിക്കുന്നതു്. നമ്മുടെ ചക്രവൎത്തി തിരുമനസ്സുകൊണ്ടു മരിക്കുന്നതിനു രണ്ടു ദിവസംമുമ്പു് ഈ മഹാകവിയും ലോകയവനികക്കുള്ളിൽ മറഞ്ഞു. ഒരു സാമ്രാജ്യകവിയുടേയും ഉത്തമ സ്നേഹിതന്റേയും നിലയ്ക്കു് കിപ്ളിങ്ങിന്റെ ദേഹവിയോഗം തനിക്കു ദുസ്സഹമായ ദുഃഖത്തിനിടയാക്കിയിരിക്കുന്നു എന്നു് ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ആ വൎത്തമാനം കേട്ടപ്പോൾ പറകയുണ്ടായി. രാജകീയ കവിയായ മേസ്ഫീൽഡ് ഈ അവസരത്തിൽ പറഞ്ഞതു്, ബ്രിട്ടീഷ് സാമ്രാജ്യകവികളിൽ അത്യുൽകൃഷ്ടമായ ഒരു സ്ഥാനം കിപ്ളിങ്ങിനു നൽകണം എന്നാണു്; ഇത്ര മനോധൎമ്മ വിശിഷ്ടനായ ഒരു കഥാകൃത്തുണ്ടായിട്ടില്ലത്രേ! സഹൃദയയ്ക്കു് ഈ പ്രസിദ്ധ സാഹിത്യകാരന്റെ നഷ്ടം മൂലമുണ്ടായിട്ടുള്ള ദുഃഖവും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

* ഉപക്രമം പ്രസംഗം ഒടുവിൽ ചേൎത്തിരിക്കുന്നു.

## കവിതാമത്സരപ്പരീക്ഷ

ഇക്കഴിഞ്ഞ കാൺഗ്രസ് സുവർണ്ണജൂബിലി സംബന്ധിച്ചു നടത്തിയ അഖില കേരള കവിതാമത്സരപ്പരീക്ഷയിൽ വിജയികളായ ശ്രീമാൻ കേ. പി. രാമൻപിള്ള ബി. ഏ. യും ശ്രീമാൻ തുണ്ടത്തിൽ എം. കെ. ഗോപാലൻ നായരും യഥാക്രമം ഒന്നാം സമ്മാനവും രണ്ടാം സമ്മാനവും ലഭിച്ചിരിക്കുന്നു എന്നറിഞ്ഞു് സഹൃദയ സന്തോഷിക്കുകയും ഈ യുവകവികളെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു.

## രക്ഷാധികാരിയുടെ വിജയം.

സഹൃദയയുടെ രക്ഷാധികാരിമാരിലൊരാളായ സാഹിത്യപഞ്ചാനനൻ രാജശ്രീ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ അവർകളെ മദിരാശി സർവ്വകലാശാലാഭരണ സമിതി (Senate) യിലെ ഒരു അംഗമായി തെരഞ്ഞെടുത്തിരിക്കുന്നു എന്നുള്ള വർത്തമാനം സന്തോഷസമേതം വായനക്കാരെ അറിയിച്ചുകൊള്ളുന്നു. നമ്മുടെ നാട്ടുഭാഷയെസംബന്ധിച്ചിടത്തോളം ഈ വിജയത്തിനു് പ്രത്യേകമൊരു മാഹാത്മ്യമുണ്ടു്. എന്തെന്നാൽ നാട്ടുഭാഷകളുടെ ഉന്നമനത്തിനു് വേണ്ടതുചെയ്തുകൊള്ളാമെന്നു സർവ്വകലാശാല പല പ്രതിജ്ഞകളും അപ്പഴപ്പോൾ ചെയ്യാറുണ്ടെങ്കിലും, അവയെ നിറവേററുന്നകാര്യത്തിൽ മന്ദോത്സാഹയായിട്ടാണു് വർത്തിച്ചുവരുന്നതു്. അതിനുള്ള കാരണവും ദൂരെത്തേടേണ്ടതില്ല. സെനെററു മുതലായ അധികൃതസഭകളിൽ നാട്ടുഭാഷകളുടെ കാര്യം ശക്തിയോടുകൂടിയും ഫലപ്രാപ്തമായും വാദിക്കുന്നതിനു് പ്രാപ്തിയുള്ളവരുടെ അഭാവം ഒരു വലിയ ന്യൂനതയായിട്ടാണു കണ്ടുവരാറു്. രാജശ്രീ പി. കെ. നാരായണപിള്ളയെപ്പോലുള്ള ഭാഷാപണ്ഡിതന്മാരും സരസവാഗ്മികളും പ്രസ്തുതന്യൂനതയെ പരിഹരിക്കുമെന്നു നമുക്കൊക്കെ ആശിക്കാവുന്നതാകുന്നു.

## ഇൻഡ്യയിലെ പ്രാചീനപരിഷ്കാരം.

ഡൽഹിനഗരത്തിൽ നിന്നും ആകാശവാണിയായി പ്രചരിപ്പിച്ച ഒരു പ്രസംഗത്തിൽ മി. കെ. എൻ. ദീക്ഷിത് അയ്യായിരം സംവത്സരങ്ങൾക്കു മുമ്പുള്ള ഭാരതീയപരിഷ്കാരത്തെപ്പററി ഈയിടെ ചുരുക്കമായി പ്രതിപാദിച്ചിരുന്നു. പഞ്ചാബിലേയും സിന്ധുദേശങ്ങളിലേയും ഭൂഗർഭനിരീക്ഷണത്താൽ പല അത്ഭുതാവഹങ്ങളായ നഗരാവശിഷ്ടങ്ങളും കണ്ടുപിടിക്കുന്നതിനിടയായി. സൂക്ഷ്മാന്വേഷണഫലമായി ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ നഷ്ടശിഷ്ടങ്ങൾ ക്രിസ്തുവിനു് അയ്യായിരം സംവത്സരങ്ങൾക്കുമുമ്പുള്ള ഭാരതീയപരിഷ്കാരവും, അന്നത്തെ ജനങ്ങൾക്കുണ്ടായിരുന്ന ആത്മസംസ്കാരവും യാതൊരു അതിശയോക്തിയും കൂടാതെ നമ്മെ ഗ്രഹിപ്പിക്കുന്നു എന്നത്രെ അദ്ദേഹം പ്രഖ്യാപനം ചെയ്തതു്. ഈ പരിഷ്കാരത്തിൻെറ ഒരു പ്രധാന ലക്ഷണമായി നഗരപരിപാലനത്തിൽ പ്രാചീനഭാരതീയർ പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധ അദ്ദേഹം പ്രത്യേകമെടുത്തു പറയുന്നു. വക്രഗതി എന്തെന്നറിയാത്ത രാജപാതകൾ, ആധുനിക ശില്പിവര്യന്മാരെക്കൂടി തോല്പിക്കത്തക്ക ജലസംഭരണപദ്ധതി, വളരെ മനോഹരമായി പണികഴിപ്പിച്ചിട്ടുള്ള സ്നാനഘട്ടങ്ങൾ, വിശ്രമസ്ഥലങ്ങൾ, എന്നിങ്ങനെ നാനാപ്രകാരത്തിലും പൊതുജനങ്ങളുടെ സുഖസൌകര്യങ്ങളെ ലക്ഷ്യീ

കരിച്ചുള്ള അനവധി സ്ഥാപനങ്ങൾ പ്രാചീന രാജധാനികളിൽ ഉണ്ടായിരുന്നതായിട്ടാണ് ദീക്ഷിതർ അഭിപ്രായപ്പെടുന്നതു്. വർഗ്ഗീയ വ്യത്യാസങ്ങൾ നിമിത്തമായി സൈ്വരം സഹവസിക്കുന്നതിനു് പിൽക്കാലത്തുണ്ടായ പ്രതിബന്ധങ്ങൾ അന്നില്ലായിരുന്നു എന്നു് ഈ സ്ഥാപനങ്ങൾ സാക്ഷ്യം വഹിക്കുന്നുവത്രെ! മേല്പറഞ്ഞ അവശിഷ്ടങ്ങൾ പരിശോധിച്ചകൂട്ടത്തിൽ സ്ത്രീകൾ അണിഞ്ഞിരുന്ന അനവധി ആഭരണങ്ങൾ കണ്ടുകിട്ടുകയുണ്ടായി. ആധുനികകാലങ്ങളിലെ സ്ത്രീകളുടെ ആഭരണഭ്രമം അത്ര പഴക്കമുള്ളതായിട്ടാണ് പരിശോധകൻ അഭിപ്രായപ്പെടുന്നതു്. വേറൊരു വിശേഷം കണ്ടതു് നാമമുദ്രകളുള്ള മോതിരങ്ങളും മററുമായിരുന്നു. വർണ്ണങ്ങൾ കൊത്തിയിരിക്കുന്നതിന്റെ മനോഹരമായ വടിവു് ആരേയും ആകർഷിക്കുന്നതാണ്. മുദ്രമോതിരങ്ങളെപ്പററിയും മററും നമ്മുടെ പുരാണങ്ങളിലുള്ള പ്രസ്താവങ്ങൾ വെറുതെയല്ലെന്നു് ഇതുകൊണ്ടു വിശദമാകുന്നുണ്ടല്ലോ. നാലയ്യായിരം സംവത്സരമായി നിർബാധമായി മണ്ണിനടിയിൽ അകപ്പെട്ടു കിടന്നിരുന്ന ഈ അവശിഷ്ടങ്ങൾ പ്രാചീനപരിഷ്കാരാന്വേഷണത്തിൽ അത്യന്തം ഫലപ്രദങ്ങളായിട്ടാണ് തനിക്കു തോന്നീട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

---

[അച്ചുക്കൂടത്തിലെന്നതുപോലെതന്നെ പ്രസാധകസംഘത്തെ സംബന്ധിച്ചും ഇത്തവണ താമസത്തിനു പല കാരണങ്ങളും നേരിട്ടതു നിമിത്തം മകരലക്കം കുംഭമൊടുവിലെ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചുള്ളു.]

---

# ഉപക്രമം.

(സാഹിത്യ പഞ്ചാനനൻ രാജശ്രീ പി. കെ. നാരായണപിള്ള ബി. എ., ബി. എൽ.)

ഇന്നുവിചാര വിഷയമായി സ്വീകരിച്ചിരിക്കുന്ന "കേരളവർമ്മകാലം" എന്ന സംജ്ഞകൊണ്ടു ശ്രീമൽ കേരളവർമ്മവലിയകോയിത്തമ്പുരാൻ ജീവിച്ചിരുന്ന കാലം നിർണ്ണയിക്കുന്നതിനല്ല ഉദ്യമം. അവിടത്തെ ജീവിതകാലം വ്യക്തമാകയാൽ അതിനെപ്പററി ശ്രമപ്പെടേണ്ടതിനു സംഗതിയില്ല. ഗമ്യമായിട്ടുള്ളതു അവിടുന്നുജീവിച്ചിരുന്നപ്പോൾ ഭാഷക്കും സാഹിത്യത്തിനുമുണ്ടായിട്ടുള്ള ഭാവഭേദങ്ങളാകുന്നു. ഉഭയഥാ ഞാൻ അവിടത്തെ പ്രശിഷ്യനാണ്. അവിടത്തെ ശിഷ്യന്മാരിൽ ഒരാളായിരുന്ന ഹരിഹരസുബ്രഹ്മണ്യശാസ്ത്രികൾ ആലപ്പുഴെ ഹൈസ്കൂളിൽ എന്റെ ഉപാദ്ധ്യായനായിരുന്നു. തിരുമനസ്സിലെ ശിഷ്യാഗ്രഗണ്യനായിരുന്ന ശ്രീമദ്രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുവനന്തപുരത്തു കാളേജിൽ എന്റെ അധ്യാപകനായിരുന്നു. കേരളവർമ്മവലിയകോയിത്തമ്പുരാനെ എനിക്കു നേരിട്ടു പരിചയവുമുണ്ടായിരുന്നു. പിതാവിനു പൌത്രനോടെന്നതുപോലെ അവിടെയ്ക്കു എന്നോടുണ്ടായിരുന്ന വാത്സല്യവും വിസ്മരണീയമല്ല. ഇതിൽക്കൂടുതിലായി ആത്മീയങ്ങളായ സംഗതികൾ ഒന്നും ഇവിടെ പ്രതിപാദിക്കേണ്ടതില്ല.

കേരളവൎമ്മകാലത്തെ പ്രത്യേകമെടുത്തു നിരൂപണം ചെയ്യുന്നതിനു, അതിനു മുമ്പുണ്ടായിരുന്ന സാഹിത്യസ്ഥിതി ഒരു പൂൎവ്വപീഠികയായി പ്രതിപാദിക്കപ്പെടേതാകുന്നു. എഴുത്തച്ഛൻ, നമ്പ്യാർ, ആട്ടക്കഥക്കാർ മുതൽ പേരുടെ കൃതികൾ സാഹിത്യത്തിൽ പ്രമാണ്യം വഹിച്ചിരുന്നു. നൂതനമായി കാവ്യരചനയ്ക്കുള്ള കൌതുകം മന്ദീഭവിച്ചിരുന്നു. സാഹിത്യാഭിവൃദ്ധിക്ക് അവശ്യം വേണ്ടിയിരുന്ന ശബ്ദസമ്പത്തു തന്നെ സമൃദ്ധമായിരുന്നില്ല. ആകപ്പാടെ നോക്കുമ്പോൾ ഭാഷ ക്ഷയോന്മുഖമോ ക്ഷീണമോ ആയിരുന്ന ദശയിലാണു കേരളവൎമ്മ കോയിൽതമ്പുരാന്റെ ഉദയമുണ്ടായതു്. അക്കാലത്തു സിംഹാസനസ്ഥനായിരുന്ന ആയില്യം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു അംഗീകരിച്ച വിദ്യാഭ്യാസ പദ്ധതി കേരളവൎമ്മ ദേവന്റെ പാണ്ഡിത്യത്തെ മഥനം ചെയ്യുന്നതിനു പ്രയോജനപ്പെട്ടു എന്നും പറയേണ്ടിയിരിക്കുന്നു. ആ മഹാരാജാവു തിരുമനസ്സുകൊണ്ടു മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നാട്ടുഭാഷവഴി വിദ്യാഭ്യാസത്തിനു പ്രചാരമുണ്ടാക്കുന്നതിൽ ജാഗരൂകനായിരുന്നു. അവിടുന്നു മീനകേതനചരിതമെന്നൊരു കഥാഗ്രന്ഥവും അഭിജ്ഞാനശാകുന്തളത്തിനു ഭാഷയിൽ ഒരു ഗദ്യവിവൎത്തവും നിൎമ്മിച്ചു ഗദ്യസാഹിത്യത്തിനു ഉപദൎശകനായി പുറപ്പെട്ടു. നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ആവശ്യത്തിലേക്കു വേണ്ട പുസ്തകങ്ങൾ ഉണ്ടാക്കുവാൻ ഒരു ബുക്കു കമ്മിററി ഏൎപ്പെടുത്തി. സന്മാൎഗ്ഗപ്രദീപം, വിജ്ഞാനമഞ്ജരി മുതലായി പല ഗദ്യഗ്രന്ഥങ്ങളും കമ്മിററിക്കാർ പ്രസിദ്ധീകരിച്ചു. അതെല്ലാം കേരളവൎമ്മ കോയിത്തമ്പുരാനാൽ സമ്പാദിതങ്ങളാണു്. പക്ഷേ വൈദുഷ്യവിഷയമായ സാധൎമ്മ്യം നിയമലംഘനാപരാധത്തിന്റെ മൎഷണത്തിനു മതിയാകാതെ വലിയകോയിത്തമ്പുരാൻ രാജബന്ധനം അനുഭവിക്കേണ്ടിവന്നു. ആദ്യമാലപ്പുഴെയും പിന്നെ ഹരിപ്പാട്ടും അദ്ദേഹം ബന്ധനസ്ഥനായിരുന്നു. ഈ ദുൎദ്ദശാസന്ധിയിൽ അവിടുത്തെ പാണ്ഡിത്യം തുരുമ്പുപിടിച്ചു പോകാതെ അദ്ധ്യാപനം കൊണ്ടു ഉത്തേജിതമായിത്തീൎന്നു. വിശാഖം തിരുനാൾ മഹാരാജാവിന്റെ രാജ്യഭാരാരംഭത്തിൽ വലിയകോയിത്തമ്പുരാൻ മോചിതനായി. അക്ബർ നോവൽ, അഭിജ്ഞാനശാകുന്തളം തൎജ്ജിമ, മയൂരസന്ദേശം, അമരുകശതകം, അന്യാപദേശം, മുതലായതെല്ലാം അദ്ദേഹത്തിന്റെ പിന്നീടുള്ള കൃതികളാണു്. ഇതെല്ലാം സംസ്കൃതസാഹിത്യത്തെ അവലംബിച്ചു നിൎമ്മിച്ചിട്ടുള്ളതാണെന്നു പറയേണ്ടിയിരിക്കുന്നു. അക്ബർ നോവലിന്റെ മൂലം ഒരു പാശ്ചാത്യ ഗ്രന്ഥമാണെങ്കിലും തൎജ്ജിമയുടെ ആരംഭഭാഗത്തു കാണുന്ന ശബ്ദഢക്കാരം ഭട്ടബാണാദികളുടെ ഛായതന്നെയാകുന്നു.

വലിയകോയിത്തമ്പുരാന്റെ കൃതികളുടെ അഭിനിൎണ്ണയത്തെക്കാൾ അവിടുത്തെ വിദ്യാപ്രതാപവും സാഹിത്യപ്രതിപത്തിയും ഭാഷാസാഹിത്യത്തെ എങ്ങനെ സ്പൎശിച്ചു എന്നുള്ള വിചാരമാണു പ്രതിപാദ്യവിഷയത്തിനു യോജിക്കുന്നതു്. അക്ബർനോവലിനെ തുടൎന്നു ഇന്ദുലേഖ, മാൎത്താണ്ഡവൎമ്മ, മുതലായി പല നോവലുകൾ മലയാളത്തിലുണ്ടായി. അഭിജ്ഞാനശാകുന്തളത്തെത്തുടൎന്നു, ജാനകീപരിണയം, ഉത്തരരാമചരിതം, വിക്രമോൎവ്വശീയം, ആശ്ചൎയ്യചൂഡാമണി, സുഭദ്രാധനഞ്ജയം, മാളവികാഗ്നിമിത്രം മുത

ലായി പല നാടകങ്ങളും ഭാഷയിലുണ്ടായി. ശലഭോത്ഥംപോലെ വർദ്ധിച്ചുവന്ന നാടകങ്ങളുടെ ബാധാശമനത്തിനു ചക്രീചങ്കരത്തിലെ പരിഹാസ വിഡംബനകൾ വേണ്ടിവന്നു. മയൂരസന്ദേശത്തിന്റെ പിന്തുടർച്ചക്കാരായി പല സന്ദേശകാവ്യങ്ങൾ ഉണ്ടായി. അന്യാപദേശം അമരുകശതകം ഇത്യാദികളെ അനുസരിച്ചു വളരെ ഖണ്ഡകാവ്യങ്ങളും നടപ്പിൽ വന്നു. ഇങ്ങനെ സാഹിത്യത്തിന്റെ വിവിധശാഖകളിൽ വലിയകോയിത്തമ്പുരാന്റെ ദൃഷ്ടാന്തം പലർക്കും ഉത്സാഹം ജനിപ്പിച്ചിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. സാഹിത്യരസവ്യാപ്തിക്ക് അവിടത്തെയ്ക്കു ലഭിച്ച പ്രധാനകർമ്മസചിവൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള അവർകളായിരുന്നു. സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ വർഗ്ഗീസുമാപ്പിള അവർകൾക്കു പ്രത്യേക താൽപര്യമുണ്ടായിരുന്നു. അദ്ദേഹം പ്രസാധനം ചെയ്തിരുന്ന മലയാളമനോരമ വഴി അന്യഥാ അജ്ഞാതന്മാരായിരിക്കുമായിരുന്ന പലരും പ്രകാശിതന്മാരായിത്തീർന്നു. കവികളെയും സാഹിത്യപ്രണയികളെയും ഏകത്ര സമ്മേളിപ്പിക്കുന്നതിനു പല സദസ്സുകളും പരിഷത്തുകളും പരീക്ഷാസമിതികളും കോയിത്തമ്പുരാൻ ഏർപ്പെടുത്തി. ഭാഷാപോഷിണിസഭ അങ്ങനെ ഉണ്ടായതാണ്. ആ സഭയുടെ ശബ്ദസൃഷ്ടിയമായിട്ടാണു ഭാഷാപോഷിണീ മാസികഗ്രന്ഥം ആരംഭിച്ചത്.

സാഹിത്യപോഷണത്തിനുവേണ്ടി ഏതു തുച്ഛമായ കൃതിയേയും അനുഗ്രഹിക്കണമെന്നൊരു നയം അവിടുന്നു അംഗീകരിച്ചിരുന്നു. "അരിപ്പാട്ടുകാരൻ വേലുപ്പിള്ളയുടെ ശാപ്പാട്ടുക്ലബ്ബ്.'' എന്നു പലക എഴുതിവച്ചിരുന്ന ഒരു ക്ലബ്ബ് കച്ചവടക്കാരന്റെ പദയോജനാരസികതകണ്ടു സന്തോഷിച്ച് അവിടുന്നു ഒരു പവൻ സമ്മാനം കൊടുത്തതായി കേട്ടിട്ടുണ്ട്. പാശ്ചാത്യസാഹിത്യത്തിൽ സ്കാട്ടും ഗേട്ടയും ഇതുപോലെ "ഗുണകണികാശ്ലാഘി''കളായിരുന്നു. ഇപ്രകാരം സാഹിത്യപ്രോത്സാഹനത്തിൽ അവിടുത്തേയ്ക്കുണ്ടായിരുന്ന താല്പര്യം സവിശേഷം സ്മരണീയമാകുന്നു.

ഇനി നോക്കുവാനുള്ളതു മലയാളഭാഷയേയും സാഹിത്യത്തെയും വലിയ കോയിത്തമ്പുരാൻ ഏതുവിധത്തിൽ ചായ്ക്കുവാൻ ശ്രമിച്ചു എന്നുള്ളതാകുന്നു. മലയാളം, ഇംഗ്ലീഷു, സംസ്കൃതം ഈ ഭാഷകളിൽ അവിടുന്നു പണ്ഡിതനായിരുന്നു. എങ്കിലും അവിടുന്നു സംസ്കൃതത്തിൽ പ്രത്യക്ഷപക്ഷപാതിയായിരുന്നു. തന്നിമിത്തം ഭാഷയുടെ ദാരിദ്ര്യം പരിഹരിക്കുവാൻ അവിടുന്നു സംസ്കൃതത്തെയാണ് ശരണീകരിച്ചതു്. സംസ്കൃതസാഹിത്യപ്രസ്ഥാനങ്ങളെ ആദരിച്ചു കേരളീയ സാഹിത്യത്തെ പരിപോഷിപ്പിക്കുവാനായിരുന്നു അവിടത്തെ യത്നം. അതുപോലെ ഭാഷയിലേക്കു സംസ്കൃതവാക്കുകൾ സക്രമിപ്പിക്കുന്നതിനും അവിടുന്നു മടിച്ചില്ല. പക്ഷെ വെൺമണിനമ്പൂരിപ്പാട്ട് ആ വിഷയത്തിൽ അവിടത്തെ അനുകരിച്ചില്ല—അദ്ദേഹം നാടോടിപ്രിയനായിരുന്നു. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ മാദ്ധ്യമികമായ ഒരു രീതിയെ സ്വീകരിച്ചു. ഇങ്ങനെ ഭാഷാവിഷയത്തിൽ വൈവിധ്യം ഉണ്ടായെങ്കിലും വലിയകോയിത്തമ്പുരാന്റെ മാതൃക തിരുവിതാംകൂറിൽ പലരെയും വശീ

കരിച്ചിട്ടുള്ളതായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വത്തമാനപ്പത്രങ്ങളുടെ ഭാഷതന്നെ നോക്കുക. സംസ്കൃതംകൊണ്ടു ഭാഷയ്ക്കു ചെയ്യാമെന്നിരുന്ന ഉപബൃംഹണം ക്ഷീണമായപ്പോൾ സാഹിത്യത്തിൽ പാശ്ചാത്യസാഹിത്യത്തിൻെറയും ഭാരതീയസാഹിത്യത്തിൻെറയും ദ്രാവിഡവൃത്തങ്ങളുടെയും പദങ്ങളുടെയും പ്രവേശം ദുന്നിവാരമായിപ്രവത്തിക്കുവാൻ തുടങ്ങി. അഭിനവത്വം ആക്കും ആകഷകമാണല്ലോ—പ്രസ്തുത നവീന രുചികൾ എത്ര കാലത്തേക്കു നീണ്ടുനിൽക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

“കേരളവമ്മകാലം” എന്ന ഇന്നത്തെ പ്രസംഗവിഷയം മേൽപറഞ്ഞതുപോലെ വിവിധശാഖകളായി വിഭജിച്ചു നിരൂപണാർഹമാകുന്നു. ഈ വിചാരത്തിൽ ഭാഗഭാക്കുകൾക്കു ഉപദർശകമായി ഇത്രമാത്രം ദിങ്മാത്രമായി പറഞ്ഞാൽ മതിയാകുമെന്നുതോന്നുന്നതുകൊണ്ടു ഈ ഉപക്രമം ഇവിടെ വിരമിപ്പിക്കുന്നു.

# യുവകവി പങ്ക്തി.

[യുവകവികളുടെ (പ്രായംകൊണ്ടല്ല) പല കവിതകളും ഇവിടെ കിട്ടീട്ടുണ്ട്. സഹൃദയ, കവി ശിക്ഷയുള്ള ഒരു കളരി ആക്കിത്തീർക്കണമെന്നു ഞങ്ങൾക്കുദ്ദേശ്യമില്ലായ്കയാൽ അവയൊക്കെ വേണ്ട തിരുത്തലുകളോടുകൂടി പ്രസിദ്ധപ്പെടുത്തുവാൻ സമയവും സൌകര്യവുമില്ലെന്നു ഖേദിക്കുന്നു. എങ്കിലും അപ്പപ്പോൾ ചില പരാമർശങ്ങൾ ചെയ്‌വാൻ ശ്രമിക്കുന്നതാണ്.]

## ജീവിതലക്ഷ്യം

കെ. വി. പിള്ള എഴുതിയ ഏതാനും വരികളാണ് ഈ കവിത.

"വളരെ കൃത്രിമ വസ്തുക്കളുണ്ടിന്നീ
യിളയിൽ മാനുഷർ സംഭരിച്ചീടുന്നു
ലളിത ജീവിത മാനസ ശാന്തത
കളവാനാണിക്കളിക്കോപ്പുകൾ വൃഥാ"

ഞങ്ങളും ഈ അഭിപ്രായത്തോടു യോജിച്ച് ഈ കവിതയും ഒരു കൃത്രിമ കളിക്കോപ്പായി വിചാരിച്ചു തള്ളുന്നു.

## പൈതലിൻ പുഞ്ചിരിച്ചന്ദ്രികതാൻ

എ. ചക്രപാണി ബി. എ. എഴുതിയതാണ്; നല്ലവാസനയുള്ള ഒരു യുവകവിയാണെന്ന് ഇതിനു മുമ്പു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു ഖണ്ഡകാവ്യം തെളിയിച്ചിരിക്കുന്നു. എങ്കിലും ഈ കവിത

"കണ്ണുകൾ പൊത്തി മറിഞ്ഞ സവിത്രിയ
വ്വണ്ണും കിടക്കയാമിപ്പൊഴുതും"

എന്നു പറഞ്ഞിരിക്കുന്നതു പോലെ പത്രാധിപരുടെ വ്യർത്ഥപത്രമഞ്ജൂഷികയിൽ കിടക്കയേയുള്ളൂ.

## കാഴ്ചദ്രവ്യം.

ഉത്തിഷ്ഠമാന കവിനക്ഷത്രമായ തൈക്കാട്ടുചന്ദ്രശേഖരപിള്ളയുടെ ഈ കവിതപ്രസിദ്ധപ്പെടുത്തുവാൻ നിവൃത്തിയില്ലാതെ വന്നതിൽ വ്യസനമുണ്ട്.

"ഊക്കുകൂടി യമുന നിർമ്മല
താഴ്‌വരയിലൊഴുകുന്നു.
ഉറവുനോക്കുന്ന കുന്നുകൾകര
യ്ക്കുന്തിനിന്നു കാർ വർണ്ണനെയ
കാനനങ്ങളിരുണ്ടുപോയ്, തോഴി
തൽക്ഷണമേററ വീപ്പിനാൽ"

ആവർത്തിയിലിത്രയുമായ സ്ഥിതിയ്ക്ക് അവസാനമാകുമ്പോഴേയ്ക്കും വായനക്കാർ വീർപ്പുമുട്ടി കഷ്ടപ്പെട്ടുമെന്ന് വിചാരിച്ചു വേണ്ടെന്നു വയ്ക്കുന്നു.

## മായാത്ത മറിവ്.

മുഴിക്കുളം രാമൻപിള്ള എഴുതിയ ഈ കവിത

"ഏകാന്തകുഞ്ജത്തിലൊത്തണഞ്ഞാ
ലേകയായെന്തുനിനക്കു കിട്ടും"

എന്നാരംഭിക്കുന്നു. ഉടനെകാണുന്നതു് ഒരു വെട്ടും ഏതാനും കുത്തുകളും ആണ്. അതുകൊണ്ടു് വേണ്ടെന്നുവച്ചു.

## കേരളപാണിനി.

മാവേലിക്കര കൊച്ചുകടക്കേത്തു കൃഷ്ണൻനായർ പ്രൊ. രാജരാജവർമ്മ കോയിത്തമ്പുരന്റെ ജീവചരിത്രം വിഷയമാക്കി എഴുതുന്ന ഒരു കാവ്യമാണിതു്. കവിത തരക്കേടില്ല.

"ഉടനെടി ഗൃഹമല്ല നാടുപൊലും
വെടിയുവതിന്നിട വന്നതിൽ തരിമ്പും
വ്യഥയവരിലുദിച്ചതില്ല മാന്യ
ക്കെവിടെയുമെപ്പൊഴുമൊക്കയും സുഖം
താൻ"]

ഇങ്ങനെയൊക്കെയാണെങ്കിലും ഉപേക്ഷിക്കാതെ തരമില്ല.

# മുദ്രമോതിരം.

(ചെറുകഥ)

ആയാംകുടി പി. ആർ. ശംകരപ്പിള്ള.

"തിരുമേനീ! ഒളിച്ചോടാൻ തുടങ്ങിയ അടിയൻ ഒടുവിൽ അവിടുത്തെ തിരുമുമ്പിൽ തന്നെ വന്നുചേർന്നു. അതു ദൈവകല്പിതമാണു്. അവിടുന്നു ദയവുചെയ്തു തൃക്കൈയിലിരിക്കുന്ന ഖഡ്ഗംകൊണ്ടുതന്നെ ഈ ഘാതകന്റെ ശിരശ്ഛേദം ചെയ്യണേ! തിരുമേനീ! അങ്ങനെയെങ്കിലും ഈ പാപിയുടെ ഹൃദയത്തിനു സമാധാനമുണ്ടാകട്ടെ"

"നീ ചെയ്തതു് അതി സാഹസമാണു്. അതു മനപ്പൂർവമല്ലെന്നും മററുള്ളവരുടെ പ്രേരണകൊണ്ടാണെന്നും നാം അറിയുന്നു. പ്രതികാരം ചെയ്യരുതെന്നു് അള്ളാ ഉപദേശിച്ചിട്ടുണ്ടു്. എന്നാൽ നിന്നെ നാം ശിക്ഷിയ്ക്കാതിരുന്നാൽ രാജ്യത്തിൽ നീതിനടക്കുകയില്ല. ജനങ്ങൾക്കു രാജസ്ഥാനത്തോടു വൈരം വർദ്ധിക്കുന്നതു് ആപല്ക്കരമാണു്. പക്ഷേ എന്തുചെയ്യാം അകാരണമായി ജനങ്ങൾ ക്ഷോഭിയ്ക്കുന്നതിനെന്താണുപരിഹാരം. യഥാർത്ഥം ഗ്രഹിയ്ക്കുമ്പോൾ അവരുടെ ക്ഷോഭം ശമിയ്ക്കുമെന്നാണു നമ്മുടെ വിശ്വാസം".

"പൊന്നുതിരുമേനീ! അവിടുന്നു കല്പിച്ചതെത്രയൊ വാസ്തവമാണു്. തിരുമേനിയുടെ ഗുണഗണങ്ങളെ ജനങ്ങൾ ഇനിയും ഗ്രഹിച്ചിട്ടില്ല. അതിനു് അടിയൻ തന്നെ അനുഭവസ്ഥനാണു്. തിരുമേനി നിർദ്ദയനും മാമൂലുകളെ ഭഞ്ജിയ്ക്കുന്നതിൽ തല്പരനുമാണെന്നാണു് ജനങ്ങളുടെധാരണ. ചിലർ ആ ധാരണയെ വർദ്ധിപ്പിക്കുന്നതിനു ശ്രമിയ്ക്കുന്നുമുണ്ടു്. ഹാ! കഷ്ടം! ആ പാപികളുടെ പ്രേരണകൊണ്ടു ഓമനയായ ആ കുമാരനെ, തിരുമനസ്സിലെ വാത്സല്യഭാജനമായ സന്തതിയെ ഈ പാതകി നിഗ്രഹിച്ചുവല്ലൊ. തിരുമേനീ! അടിയൻ വളരെ പശ്ചാത്തപിച്ചു. അതുകൊണ്ടും ഈ ഘാതകനു പാപവിമോചനമുണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. തിരുമനസ്സിലെ ഖഡ്ഗം തന്നെയാണതിനു പ്രതിവിധി ചെയ്യേണ്ടതു്. അങ്ങനെയെങ്കിലും അടിയൻ പരിശുദ്ധനായി അള്ളാവിന്റെ സന്നിധിയിൽ എത്തട്ടെ. ഈ പാപി അത്ര കഠോരകർമ്മമാണു ചെയ്തതു്. അതിന്റെ ഗൗരവം ഇപ്പോഴെ രാജദ്രോഹിയായ ഈ കൊലപാതകി അറിയുന്നുള്ളു. പക്ഷേ അജ്ഞനും മൂഢനുമായ അടിയൻ വഴിതെററിയതു പരപ്രേരണകൊണ്ടാണെന്നുള്ളതു തിരുമനസ്സറിയണം. തന്മൂലം അടിയന്റെ അപരാധത്തെ അവിടുന്നു ക്ഷമിയ്ക്കണമെന്നല്ല, അടിയൻ അപേക്ഷിയ്ക്കുന്നതു്."

"നാം വളരെ ആലോചിച്ചു. ഇല്ല. നാം നിന്നെ ശിക്ഷിയ്ക്കുന്നില്ല. നിനക്കുമാപ്പുതരുവാൻ വേണ്ടിയാണു സർവശക്തനായ അള്ളാ നിന്നെ ഇങ്ങോട്ടയച്ചതു്. പക്ഷേ നീ ഒരുകാര്യംചെയ്യണം. ഒരുരാജദ്രോഹിയെ രാജ്യത്തുവച്ചുകൊണ്ടിരിക്കുന്നതു നീതിരക്ഷയ്ക്കു ചേർന്നതല്ല. മാപ്പുകൊടുക്കാൻ അർഹതയില്ലാത്ത അപരാധം ഒന്നുമാത്രമേയുള്ളു. അതു രാജദ്രോഹവുമാണു്.

അതിനാൽ നീ ഇന്നുതന്നെ നാടുവിട്ടു പോവുക. നിനക്കാവശ്യമുള്ള പണവും നാം തന്നയക്കാം. നമ്മുടെ സമാഗമം വെളിയിൽ വിടേണ്ട. അതു് ഒരുയാദൃച്ഛികസംഭവമായിരുന്നുകൊള്ളട്ടെ. നിന്റെ അവിവേകത്തേയും അജ്ഞതയേയും നാം ക്ഷമിച്ചിരിക്കുന്നു. നിന്റെ ആയുശ്ശേഷം നീ സല്ക്കർമ്മങ്ങൾക്ക വിനിയോഗിക്കുക. ചെയ്തതെററിനെക്കുറിച്ചു പശ്ചാത്തപിക്കുക. അള്ളാ നിനക്കുമാപ്പുതരാതിരിക്കയില്ല. അദ്ദേഹം പാപങ്ങളുടെ തെററിനെ പൊറുക്കുകതന്നെ ചെയ്യും. നീ വേഗം പോവുക: ഒട്ടും താമസിക്കേണ്ട. നേരം പുലരുന്നു. ഇതാനിനക്കാവശ്യമുള്ള പണം.''

ധീരനായ ആ പുരുഷരത്നത്തിന്റെ നയനങ്ങളിൽ നിന്നു രണ്ടുമൂന്നു മുത്തുമണികൾ താഴെവീണു. ഓമനയായ തന്റെ പിഞ്ചുപൈതലിന്റെ വിയോഗത്തിൽ അദ്ദേഹത്തിന് അതിരററ കുണ്ഠിതമുണ്ടായിരുന്നു. ധീരോദാത്തനായ ആ പുരുഷസിംഹം അതു വെളിയിൽ കാണിയ്ക്കാതെ ഒതുക്കിക്കളഞ്ഞു. സ്വസ്വാമിയുടെ കുണ്ഠിതം കണ്ടു മനസ്സലിഞ്ഞു ഘാതകനും വാവിട്ടു വിലപിച്ചു. ആ ഘാതകന്റെ ഹൃദയത്തിൽ സദ്വിചാരങ്ങൾക്കുകൂടി സ്ഥാനമുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് അല്പം ആശ്വാസം തോന്നി. അനുകമ്പ അധികമായി.

അവൻ കരഞ്ഞുകൊണ്ടു പിന്നെയും പറഞ്ഞു. "തിരുമേനീ! അവിടുന്ന് അടിയനെ ശിക്ഷിയ്ക്കണം. പോരാ. വധിയ്ക്കണം. അടിയനു ജീവിതം തന്നെ ആവശ്യമില്ല. പിന്നെ പണമെന്തിന്? അവിടുന്നു നിർബന്ധിക്കരുതു്. അടിയന്റെ പാതക പൂർണ്ണമായ ഈ മാംസപിണ്ഡം കാകനും കഴുകനും ഭക്ഷിച്ചിട്ടെങ്കിലും അടിയന്റെ ആത്മാവിനു ശാന്തിലഭിയ്ക്കട്ടെ''

"ഇല്ല. നിന്നെ നാം ശിക്ഷിയ്ക്കുന്നില്ല. അള്ളാവിന്റെ അരുളപ്പാടു് അങ്ങനെയല്ല. നേരം പുലരുന്നതിനു മുമ്പു നീ എവിടെ എങ്കിലും ഓടി ഒളിക്കുക. പണം എടുത്തുകൊള്ളുക, നാം ഉറച്ചുകഴിഞ്ഞു''.

അവൻ അദ്ദേഹത്തിന്റെ പാദങ്ങളെ അശ്രുവിൽ കുളുപ്പിച്ചു. അവനെ നിഗ്രഹിയ്ക്കുന്നതിനു താണുകേണപേക്ഷിച്ചു. പക്ഷേ അദ്ദേഹം സ്വനിശ്ചയത്തിനു് ഇളക്കം വരുത്തുന്ന ആളായിരുന്നില്ല.

"തിരുമേനീ! ഇവനിൽ കരുണതോന്നണെ! തൃക്കൈകൊണ്ടുതന്നെ അടിയനെ നിഗ്രഹിക്കണേ. ഇനി ഈ പാതകി ജീവിച്ചിരിക്കണമെന്നു് ഇച്ഛിക്കുന്നില്ല. ആത്മഹത്യയെക്കാൾ ആശ്വാസം, തൃക്കൈയ്കൊണ്ടുള്ള മരണമാണു്''

"നീ എന്തിനു നിർബന്ധിക്കുന്നു? നാം ഉറച്ചുകഴിഞ്ഞു. അള്ളാവിന്റെ അരുളപ്പാട്. അതിനു നീക്കമില്ല. ഇതാ പണസ്സഞ്ചി-വാങ്ങിക്കൊള്ളുക. വേഗം നാടുവിട്ടുകൊള്ളണം. ആത്മഹത്യ മനുഷ്യനു വിധിച്ചിട്ടുള്ളതല്ല. അള്ളാ നിനക്കു മാപ്പുതരും. നിന്റെ ആത്മാവിനു ഗതികിട്ടും. പോവുക''

വൈമനസ്യത്തോടുകൂടിയാണെങ്കിലും ഭൃത്യൻ ഈ രാജശാസനയെ അനുസരിക്കതന്നെ ചെയ്തു. അശ്രുപൂർണ്ണമിഴിയോടുകൂടി അവൻ പണസ്സഞ്ചിവാങ്ങി. അദ്ദേഹത്തെ പലവുരു നമസ്കരിച്ചു. വ്യസനപൂർവ്വം അവിടെ നിന്നു പോയി.

ഒരുകാലത്തു ഗുണവാനായ ഒരു സുൽത്താൻ അറബിരാജ്യം വാണിരുന്നു. സുൽത്താൻ മഹമ്മദു പ്രജാക്ഷേമതല്പരനും ദയാലുവുമായിരുന്നുവെങ്കിലും ദാക്ഷിണ്യവാനായിരുന്നതിനാൽ ചില കുബുദ്ധികൾ രാജ്യത്തിൽ അവിടവിടെ അദ്ദേഹത്തിനു വിപരീതമായി പ്രവൎത്തിച്ചിരുന്നു. അദ്ദേഹം ഈ വിവരം ഗ്രഹിച്ചിരുന്നുവെങ്കിലു ദാക്ഷിണ്യാധിക്യത്താൽ അതു ഗൗരവമുള്ളതായി ഗണിച്ചിരുന്നില്ല. ഭരണനീതിയിൽ കാണപ്പെട്ട ദാക്ഷിണ്യാതിരേകം രാജസ്ഥാനത്തിലെ അശക്തിയാണെന്നു ധരിച്ച് ഉപജാപവൃത്തികൾ വൎദ്ധിയ്ക്കുവാനും തുടങ്ങി. അള്ളാവിൽ പരിപൂൎണ്ണഭക്തിയോടുകൂടി വൎത്തിച്ചിരുന്ന സുൽത്താന് അധഃപതനവും അപജയവും സംഭവിയ്ക്കയില്ലെന്നു ദൃഢമായ വിശ്വാസവുമുണ്ടായിരുന്നു. സുൽത്താൻെറ ഗുണഗണങ്ങളെ ഗ്രഹിക്കാത്ത വൈരികൾ കിരീടാവകാശിയായ ഏകസന്താനത്തെ നിൎദ്ദയം വധിച്ചുകളഞ്ഞു. തൻെറ ഓമനപ്പിഞ്ചുപൈതൽ ഘാതകന്മാരുടെ കരാളകരവാളത്തിനിരയായ വിവരം ഗ്രഹിച്ച് അദ്ദേഹം വളരെ വ്യസനിച്ചു. ഒടുവിൽ അതും അള്ളാവിൻെറ തിരുവുള്ളമെന്നു വിചാരിച്ചു സമാധാനപ്പെട്ടു. ശത്രുക്കളുടെ പ്രേരണയ്ക്കു വിധേയനായി ആ കുമാരനെ നിഷ്ക്കരുണം നിഗ്രഹിച്ച ഘാതകൻ രാജശിക്ഷയെ ഭയന്ന് ഏതുവിധവും ഓടിഒളിക്കണമെന്നു വിചാരിച്ചു പുറപ്പെട്ടു. അറേബ്യയുടെ അതൃത്തി കടന്നാൽ രക്ഷലഭിയ്ക്കുമെന്നായിരുന്നു അവൻെറ വിശ്വാസം. തൻെറ പ്രവൃത്തിയുടെ ഉഗ്രതയും ശിക്ഷയുടെ കാഠിന്യവും ഓൎത്തു ഭയവിഹ്വലനായ ആ ഘാതകൻ പ്രാണഭീതിയോടുകൂടി പാഞ്ഞു ചെന്നു കയറിയതു സുൽത്താൻെറ അരമനയിലായിരുന്നു. അത്ഭുതം! അവനു വഴിതെററിപ്പോയി. പ്രഭാതത്തിനുമുമ്പ് അറേബ്യാ വെടിയണമെന്നു വിചാരിച്ചാണ് അവൻ യഥാൎത്ഥമറിയാതെ അവിടെ ചെന്നുകയറിയതു്. തിരുമുമ്പിലകപ്പെട്ട ഭയചകിതനായ ഘാതകനെ സുൽത്താൻ പെട്ടെന്നു തിരിച്ചറിഞ്ഞു. അദ്ദേഹം യാതൊരു ഭാവഭേദവും കാണിച്ചില്ല. അവനു യഥോചിതം അഭയം നൽകി. താമസമെന്യേ തനിയ്ക്കു പററിയ അപകടം ഘാതകനും മനസ്സിലാക്കി. കൎമ്മത്തിൻെറ ഗഹനമായ ഗതിയെക്കുറിച്ച് അവൻ അത്ഭുതപ്പെട്ടു. അവൻെറ ഹൃദയത്തിൽ പശ്ചാത്താപവും പാപബോധവും അങ്കുരിച്ചു. അവൻ സൎവ്വാപരാധങ്ങളും സുൽത്താൻെറ അടുക്കൽ ഏററുപറഞ്ഞു. പിന്നീട് അവർ തമ്മിലുണ്ടായ സംഭാഷണമാണു മുകളിൽ കാണിച്ചിരിക്കുന്നതു്.

റാഷിഡ്,—അതായിരുന്നു ഘാതകൻെറ പേർ—സുൽത്താൻെറ സന്നിധിയിൽനിന്നുപോയ സന്ദൎഭത്തിൽ അദ്ദേഹം അവനെ സൂക്ഷിച്ചുനോക്കി. പശ്ചാത്താപപാരവശ്യം അപ്പോഴും അവനിൽ പ്രകാശിച്ചു കാണപ്പെട്ടു. ഘാതകനു മാപ്പുകൊടുത്തതുകൊണ്ട് എന്തോ ഒരു ഭാരം അദ്ദേഹത്തിന് ഒഴിഞ്ഞതുപോലെ തോന്നി. എങ്കിലും "പുത്രദുഃഖം ദിനേദിനേ" എന്ന തത്വത്തിനു മാററം വന്നിരുന്നില്ല. സുൽത്താൻെറ പ്രവൃത്തിയുടെ മാഹാത്മ്യം ഘാതകൻെറ മനഃസ്ഥിതിക്കു പാടേ ഒരു മാററം വരുത്തി. പ്രതികാരത്തേക്കാൾ ദാക്ഷിണ്യമാണു പ്രയോജനപ്രദമെന്നു റാഷിഡിൻെറ സ്ഥിതി വ്യക്തമാക്കി, യഥാൎത്ഥത്തിൽ ശിക്ഷ,

കാഠിന്യത്തെ വദ്ധിപ്പിക്കുകയും ദാക്ഷിണ്യം, ആർദ്രതയെ അങ്കുരിപ്പിക്കയുമാണു ചെയ്യുന്നതു്. അറേബ്യയുടെ അതിർത്തികടന്നാൽ തനിയ്ക്കു രക്ഷ ലഭിക്കുമെന്നു റാഷിദ്ദിനു വിശ്വാസമുണ്ടായിരുന്നു വെങ്കിലും, ശത്രുക്കളിൽനിന്നു തൻെറ ആത്മദാതാവിനു സംഭവിച്ചേക്കാവുന്ന ആപത്തിനെക്കുറിച്ചു സ്മരിച്ചപ്പോൾ അവൻെറ ഉള്ളുരുകി. സുൽത്താനെ ആപത്തിൽനിന്നു രക്ഷിക്കേണ്ടതു തൻെറ കടമയാണെന്നവനുതോന്നി. തനിയ്ക്കു സംഭവിച്ചേയ്ക്കാവുന്ന വിപത്തിനെ അവൻ സ്മരിച്ചില്ല.

റാഷിദ്ദ് സുൽത്താൻെറ നിർദ്ദേശപ്രകാരം പ്രവർത്തിക്കാതെ അദ്ദേഹത്തിൻെറ ശത്രുസംഘത്തിൽതന്നെ ചെന്നുചേൻ. ഒളിച്ചോടിയ റാഷിദ്ദ് തിരിച്ചുചെന്നപ്പോൾ അവക്കു വിസ്മയംതോന്നി. അവരിൽ ഒരാൾ ചോദിച്ചു "നീ അതൃത്തി കടന്നിരിക്കുമെന്നാണല്ലോ ഞങ്ങൾ വിചാരിച്ചതു്. നിൻെറ ഇവിടത്തെ ജീവിതം അത്ര പന്തിയല്ല. നമുക്കു നല്ല കാലംവരുമ്പോൾ നിന്നെ ഞങ്ങൾ തിരിച്ചു വിളിക്കാം. ഒരു നിമിഷമെങ്കിലും കളയാതെ ഇനിയെങ്കിലും വേഗം ഇവിടെനിന്നു പോവുക.

റാഷി—ഞാൻ അതു വിചാരിയ്ക്കുന്നില്ല. തിരുമേനി എനിയ്ക്കു മാപ്പു തന്നിരിക്കുന്നു. അദ്ദേഹം എത്ര കരുണയുള്ള ആൾ! ഹാ! അദ്ദേഹത്തിൻെറ പ്രജകളായ നാം എത്ര കൃതഘ്നന്മാരാണ്.

അക്ബർ—എന്തു്, ഇവൻെറ തലക്കല്ല് ഇളകിയെന്നു തോന്നുന്നുവല്ലോ? കരിങ്കല്ലു വെണ്ണനെയ്യാകുമൊ? അള്ളാവിൻെറ ആജ്ഞകളെ ലംഘിയ്ക്കുന്നവനൊ കരുണ. അസംബന്ധം.

റാഷി—അങ്ങനെയല്ല. അദ്ദേഹത്തെ നാം തെററിദ്ധരിച്ചിരിക്കുന്നു. പ്രജാക്ഷേമമാണു തിരുമേനിയുടെമുദ്രാവാക്യം. ഞാൻ ഇന്നലെ ഏതു വിധമോ ഇരുട്ടത്തു വഴി തെററി അരമനയിൽ ചെന്നുചേൻ. അദ്ദേഹം എനിയ്ക്കു ഭയംനൽകി. രാവിലെ എവിടെ എങ്കിലും ഓടി ഒളിച്ചുകൊള്ളുണമെന്നു് എന്നോടാജ്ഞാപിച്ചു. എൻെറ ആവശ്യത്തിനു് ഒരു പണസ്സഞ്ചിയും ആ പൊന്നുതിരുമേനി എന്നെ ഏല്പിച്ചു.

നൂർഡിൻ—ഭയംകൊണ്ടു് ഇവൻെറ മസ്തിഷ്കത്തിനു് എന്തോ തകരാറുപററി. സംശയമില്ല.

റാഷി—പലരും കൂടിയാൽ ഒരുത്തനെ ഭ്രാന്തനാക്കാനെന്താണു വിഷമം. നിങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു മാപ്പപേക്ഷിക്കുക. അദ്ദേഹം നിശ്ചയമായും അപരാധത്തെക്ഷമിച്ചു മാപ്പുതരും. തിരുമേനി അത്ര കാരുണ്യവാനാണു്.

അക്ബർ—കാരുണ്യം! കപടത്തിൻെറ കാതൽ. ദൈവനിന്ദയുടെ തികച്ചിൽ. നിശ്ചയമായും ദൈവദ്രോഹിയെ ശിക്ഷിക്കുകതന്നെ വേണം.

റാഷി—തിരുമേനി കുറാൻ നിയമങ്ങളിൽ വല്ല നിസ്സാരഭാഗങ്ങളേയും ലംഘിക്കുന്നുണ്ടെങ്കിൽ തന്നേയും അതു പ്രജകളുടെ ക്ഷേമത്തിനുവേണ്ടി മാത്രമാണു്. ദുഷിച്ച മാമൂലുകൾ എന്നും പുരോഗമനത്തിനു പ്രതിബന്ധമാണു്. അതിനെ കാലാനുസരണം പരിഷ്കരിക്കേണ്ടതു ഭരണാധികാരികളുടെ കടമയത്രെ.

നൂർ—നിൻെറ വേദാന്തവാദമൊന്നും ഇവിടെ ആവശ്യമില്ല. രക്ഷവേണമെങ്കിൽ വേഗം ഓടി മറയുക. നേരെനിന്നു പൊരു

താൻമാത്രം ബലം നമുക്കുണ്ടായിട്ടില്ല. ഉണ്ടാകുമ്പോൾ ഞങ്ങൾ അറിയിക്കാം.

റാഷി—ഞാൻ ഒന്നുകൂടി നിങ്ങളോടപേക്ഷിക്കുന്നു. തിരുമേനി ഗുണവാനും സത്യസന്ധനും കാരുണ്യമൂർത്തിയുമാണ്. നാം അദ്ദേഹത്തെ ഉപദ്രവിച്ചാൽ അള്ളാ അതു പൊറുക്കുകയില്ല. നമുക്കു മത്സരം നിറുത്തി ക്ഷമായാചനം ചെയ്യാം. ഞാൻ ജീവനിലുള്ള കൊതികൊണ്ടു പറയുന്നതല്ല. എനിക്കിപ്പോൾ മരണമാണു വേണ്ടതു്.

മഹമ്മദു—ഭ്രാന്തു പലതരത്തിലുണ്ടു്. അതിലൊരു വക ഭേദം. കിരീടാവകാശിയായ സ്വന്തംപുത്രനെ വധിച്ചവനെ സമ്മാനിച്ചയച്ചുപോലും! ഇതാരോടുപറയാം, കഷ്ടം!

അക്ബർ—മനസ്സിളകിയാൽ പലതും പറയും. അതിൽ കാര്യഭാഗവും കണ്ടുവെന്നുവരാം.

നൂർ— നീ ഓടിയൊളിക്കുന്നില്ലെങ്കിൽ വേണ്ടാ. ഞങ്ങളുടെ ആലോചനകൾ പരസ്യമാകാതിരുന്നാൽ മതി.

റാഷി – അള്ളാഹുഅക്ബർ.

റാഷിഡു് കുറെ നേരത്തേക്കു പിന്നെയാതൊന്നും സംസാരിച്ചില്ല. അവൻ എന്തോചിലസംഗതികൾ ആലോചിക്കുകയായിരുന്നു. കൂട്ടുകാർ അവനു ഭ്രാന്തുതന്നെ എന്നു നിശ്ചയിച്ചു. പക്ഷെ ഭ്രാന്തനായെങ്കിലും അവൻ ശത്രുപക്ഷത്തിൽ ചേരുമെന്നോ അവരെ ഉപദ്രവിക്കുമെന്നോ അവർക്കു വിശ്വാസമുണ്ടായിരുന്നില്ല.

റാഷി— ഞാൻ ഇന്നുമുതൽ ഗുണത്തിനും ദോഷത്തിനുമില്ല. യഥാർത്ഥമറിയുമ്പോൾ നിങ്ങൾ പശ്ചാത്തപിക്കും. അന്നു ഞാൻ ഭ്രാന്തനല്ലെന്നു നിങ്ങൾക്കു ബോധ്യമാകും.

അവൻ അവിടെ നിന്നുപോയി. ആശാഭംഗം കൊണ്ടു അവൻെറ മുഖം വാടിയിരുന്നു. റാഷിഡു് കൂട്ടത്തിൽ നിന്നുപോയതിൽ അവർക്കും തെല്ലു വല്ലായ്മയുണ്ടാകാതിരുന്നില്ല. സുൽത്താനെ ഏതുവിധവും നിഗ്രഹിച്ചു സിംഹാസനം അപഹരിക്കണമെന്നായിരുന്നു അവരുടെ ആലോചന. അതിനുള്ള പ്രതിബന്ധങ്ങളെ ഓരോന്നായി അവർ പരിഹരിച്ചുപോന്നു. പ്രജാക്ഷേമത്തിനുവേണ്ടി ചില ദുഷിച്ച മാമൂലുകളെ ലംഘിക്കുന്നതിൽ സുൽത്താൻ പ്രദർശിപ്പിച്ച താല്പര്യം യാഥാസ്ഥിതികന്മാരെയെല്ലാം ശല്യപ്പെടുത്തി. യാഥാസ്ഥിതികന്മാരായ ഒരു കൂട്ടർ തങ്ങൾക്കു പിൻതുണയുണ്ടാകുമെന്നു് ആ ഉപജാപകസംഘം ഉദ്ദേശിച്ചിരുന്നു. പക്ഷെ അവർക്കു സുൽത്താൻെറ മാമൂൽ ഭഞ്ജനത്തോടു മാത്രമെ വൈരസ്യമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ കാരുണ്യാദി സൽഗുണങ്ങളെ അവർ ആദരിച്ചിരുന്നു.

സുൽത്താനെ നിഗ്രഹിക്കുന്നതിനു ഘാതകന്മാർ പല മാർഗ്ഗങ്ങളും ആലോചിച്ചു. അതിൽ ഏതാണു പ്രായോഗികമാക്കേണ്ടതെന്നുള്ള സംശയം അവരെ കുഴക്കി.

രാജ്യത്തിൽ തനിക്കു ശത്രുക്കൾ വളരെയുണ്ടെന്നുള്ള യഥാർത്ഥം സുൽത്താൻ ഗ്രഹിച്ചിരുന്നു എങ്കിലും അദ്ദേഹം ആ വിഷയത്തിൽ വലിയ മുൻകരുതലുകളൊന്നും ചെയ്തിരുന്നില്ല. കാരണം അള്ളാവിൽ അദ്ദേഹത്തിനുള്ള വിശ്വാസം മാത്രമായിരുന്നു. സുൽത്താൻ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും സായന്തനസവാരിക്കു പോവുകപതിവായിരുന്നു. സാധാരണ അദ്ദേഹം അംഗരക്ഷകന്മാരെ കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നില്ല. ഈ സന്ദർഭം തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനു

ഉപയോഗിക്കാമെന്നാണു ഘാതകന്മാർ നിശ്ചയിച്ചതു്.

റാഷിഡു് സംഘത്തിൽ നിന്നു വിയോജിച്ചുവെങ്കിലും അവൻ അപ്പഴപ്പോൾ അവരുടെ ആലോചനകൾ അറിഞ്ഞുകൊണ്ടാണിരുന്നതു്. അവൻ സുൽത്താന്റെ കല്പനയനുസരിച്ചു നാടുവിട്ടുപോവുകയുണ്ടായില്ല. എന്നാൽ തെരുവീഥികളിൽ സ്വന്ത രൂപത്തിൽ പരസ്യമായി സഞ്ചരിക്കാറുമുണ്ടായിരുന്നില്ല. അവൻ നാടുവിട്ടു കടന്നു കളഞ്ഞുവെന്നാണു സുൽത്താനെപ്പോലെ പലരും വിശ്വസിച്ചിരുന്നതു്. ഭ്രാന്തൻ എവിടെയോ അലഞ്ഞു തിരിയുകയാണെന്നു മാത്രം റാഷിഡ്ഡിന്റെ കൂട്ടുകാർ വിചാരിച്ചു.

ഉദയാസ്തമയങ്ങൾ പലതും കഴിഞ്ഞു. പക്ഷെ അറേബ്യയിലെ ആഭ്യന്തരകലഹത്തിനു മാത്രം യാതൊരു കുറവും സംഭവിച്ചില്ല. കാലകസുമത്തിന്റെ ദലങ്ങൾ പൊഴിയുന്നതനുസരിച്ചു് അതു വളന്നുവന്നതേയുള്ളു. സുൽത്താന്റെ സ്വഭാവത്തിനു മാത്രം യാതൊരു മാററവും കാണപ്പെട്ടില്ല. അദ്ദേഹം അക്കാലത്തും തന്റെ പതിവനുസരിച്ചു സായന്തന സവാരിയ്ക്കു പൊയ്ക്കൊണ്ടേയിരുന്നു.

ഹാ കഷ്ടം! ഒരു ദിവസം അറേബ്യയിലെ അന്തരീക്ഷത്തിന്റെ സ്ഥിതി പാടേ ഒന്നുഭേദപ്പെട്ടു. സുൽത്താൻ സായന്തനസവാരികഴിഞ്ഞു പ്രത്യാഗമിച്ച ഘട്ടത്തിൽ ഘാതകന്മാർ അദ്ദേഹത്തേയും അശ്വത്തേയും വെടിവെച്ചു കൊന്നിരിക്കുന്നുവെന്നുള്ള വൃത്താന്തം കാട്ടുതീപോലെ നാടുമുഴവൻ പരന്നു. രാജഭക്തന്മാരായ പ്രജകൾ ദുഃഖിതരായി സംഭവസ്ഥലത്തേയ്ക്കു പാഞ്ഞെത്തി. അംഗരക്ഷകന്മാരാരുമില്ലാതെ പുറപ്പെട്ട സുൽത്താനും കുതിരയും മാർഗ്ഗമദ്ധ്യേമരിച്ചുകിടക്കുന്നു. പലരും വന്നു ചുററും കൂടി കണ്ണുനീർവാത്തു. ചിലർ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വാഴ്ത്തി. ഘാതകന്മാരുടെ കഠിനകർമ്മത്തെ ശപിച്ചു. രാജദ്രോഹദ്രുമത്തിന്റെ നാമ്പു കുരുന്നിലെ നുള്ളാതിരുന്നാൽ അതു ശാഖോപശാഖയായി വളന്നു പ്രകാണ്ഡപ്രൗഢിപ്രദശിപ്പിച്ചു് ഇങ്ങനേയുള്ള നാശങ്ങൾ വരുത്തുമെന്നു പലരും പിറുപിറുത്തു. അള്ളാവിൽ ദൃഢഭക്തനായിരുന്ന തിരുമേനിക്കു് ഇങ്ങനെയൊരു ദുരന്തം സംഭവിച്ചുവല്ലോ എന്നു പലരും വിസ്മയിച്ചു.

ജനങ്ങൾ ഇങ്ങനെ മാർഗ്ഗമദ്ധ്യേവന്നുകൂടി വിവിധാഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നതിനിടയ്ക്കു ദൂരെനിന്നും ഒരു കുളമ്പടികേൾക്കപ്പെട്ടു. തൽക്ഷണം എല്ലാവരുടേയും ശ്രദ്ധ അങ്ങോട്ടു പതിഞ്ഞു. അല്പംകഴിഞ്ഞപ്പോൾ ഒരാൾ അവിടെ ആഗതനായി. ഇരുട്ടായിരുന്നതിനാൽ എല്ലാവരും അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. ജനങ്ങൾ അത്ഭുത പരതന്ത്രരായി. അവർ ആനന്ദം കൊണ്ടു ആർത്തുവിളിച്ചു. അള്ളാഹു അക്ബർ എന്ന ശബ്ദം അവിടെ എങ്ങും മുഴങ്ങി. അവിടെ ആഗതനായതു സുൽത്താൻ മഹമ്മദ് ആയിരുന്നു.

സുൽ— അള്ളാവിന്റെ അനുഗ്രഹത്താൽ നമുക്കു് അനത്ഥം സംഭവിച്ചില്ല. ആരാണു മരിച്ചുകിടക്കുന്നതെന്നു നോക്കുക. നാം ഇന്നു സവാരിപുറപ്പെടാൻ സന്നദ്ധനായി ചെന്നുനോക്കിയപ്പോൾ നമ്മുടെ രോഹിതാശ്വനെ—അശ്വത്തെ-ക്കണ്ടില്ല. അതു് ഏതോ അനത്ഥത്തിന്റെ നാന്ദിയാണെന്നുവിചാരിച്ചു നാം സവാരിവേണ്ടന്നുവെച്ചു. പിന്നീട് ഈ വൃത്താന്തം ശ്രവിച്ചപ്പോൾ യാഥാത്ഥ്യ

റിവാനും നിങ്ങളുടെ പരിഭ്രമം തീൎക്കാനും ഇങ്ങോട്ടു പുറപ്പെട്ടതാണ്.

ചിലർ സുൽത്താൻെറ വേഷത്തിൽ മരിച്ചു കിടന്ന ആളിനെ സൂക്ഷിച്ചു നോക്കി. കഷ്ടം! അതു റാഷിദ്ദായിരുന്നു. കുതിര സുൽത്താൻെറ വകതന്നെ. ഇതെങ്ങനെ സംഭവിച്ചു വെന്നു പലരും ചിന്തിച്ചു.

സുൽ— അവൻ നമ്മുടെ ജീവനെ രക്ഷിച്ചു. കഷ്ടം ആ സാധു എനിക്കു വേണ്ടി ഘാതകന്മാരുടെ തോക്കിനിരയായി.

ഘാതകന്മാരുടെ ആലോചന ഗൂഢമായി ഗ്രഹിച്ച റാഷിദ്ദ് യഥാൎത്ഥത്തിൽ സുൽത്താനെ ആപത്തിൽ നിന്നു രക്ഷിക്കുകയാണു ചെയ്തതു്. സുൽത്താൻെറ വേഷത്തിൽ അദ്ദേഹത്തിൻെറ കുതിരപ്പുറത്തു സഞ്ചരിച്ച റാഷിദ്ദിനെ ഘാതകന്മാർ രാത്രിയിൽ തിരിച്ചറിയാതിരുന്നതു വിസ്മയമല്ല. സുൽത്താൻ സമ്മാനിച്ച പണസഞ്ചി അവൻെറ കീശയിലുണ്ടായിരുന്നതു ഘാതകന്മാർ അപഹരിച്ചിരുന്നു. അതിൽ നിന്നു സുൽത്താൻെറ ഡ്രസ്സ് നിൎമ്മിക്കുന്നതിനു വേണ്ടിവന്ന പണമേ അവൻ എടുത്തിരുന്നുള്ളു.

ഘാതകന്മാർ ആഹ്ലാദപൂൎവ്വം അന്നുതന്നെ പണസ്സഞ്ചി അഴിച്ചുനോക്കി. വിസ്മയം! വിസ്മയം. അതിൽ നാണയങ്ങൾക്കു പുറമെ സുൽത്താൻെറ മുദ്രമോതിരവും റാഷിദ്ദിനുള്ള ഒരു കുറിമാനവുമുണ്ടായിരുന്നു. കുറിമാനത്തിലെ വാചകം ഇങ്ങനെയായിരുന്നു. "നിന്നെ ആരെങ്കിലും രാജ്യത്തിൻെറ അതൃത്തി കടക്കുന്നതിനു മുമ്പു ബന്ധിയ്ക്കുന്നതിനോ ഉപദ്രവിയ്ക്കുന്നതിനൊ ഒരുങ്ങുന്ന പക്ഷം ഈ മുദ്രമോതിരം അവരെ കാണിക്കുക. എന്നാൽ നിനക്കു രക്ഷലഭിയ്ക്കും. വേണ്ടിവന്നാൽ ഇതും കാണിച്ചുകൊള്ളുക. നാം നിനക്കു മാപ്പുതന്നിരിക്കുന്നു. അള്ളാവിലുള്ള നിൻെറ വിശ്വാസത്തിനു നീ ഒരിക്കലും ഇളക്കം വരുത്തരുതു്. എന്നാൽ നിൻെറ ആത്മാവിനു രക്ഷലഭിയ്ക്കും. എന്നു റാഷിദ്ദിനു സുൽത്താൻ മഹമ്മദ്"

കുറിമാനം കണ്ടപ്പോൾ ഘാതകന്മാർ വിസ്മയംക്കുറി. റാഷിദ്ദിൻെറ വാക്കുകൾ കേവലം ഭ്രാന്തജല്പനങ്ങളായിരുന്നില്ലെന്നു് അവൎക്കു ബോധം ജനിച്ചു. തൻെറ ഏകസന്താനത്തെ നിഗ്രഹിച്ച ഘാതകനു മാപ്പുകൊടുത്ത സുൽത്താൻെറ കാരുണ്യാതിരേകത്തിൽ മതിമറന്നു് ആ ഘാതകന്മാരുടെ മനോഗതി ഭേദിച്ചു. റാഷിദ്ദാണു സുൽത്താനല്ല മരിച്ചതെന്നും അവർ തൽക്ഷണം മനസ്സിലാക്കി. അവർ വളരെ പശ്ചാത്തപിച്ചു. മരണശിക്ഷപോലും സന്തോഷപൂൎവ്വം അനുഭവിക്കത്തക്ക "മാനസാന്തരം" വന്നു് അടുത്തദിവസം തന്നെ അവർ ആയുധംവെച്ചു കീഴടങ്ങി മുദ്രമോതിരവും കുറിമാനവും സുൽത്താൻെറ പാദങ്ങളിൽ സമൎപ്പിച്ചു; സൎവ്വാപരാധങ്ങളും ഏററുപറഞ്ഞു.

കാരുണ്യവാനായ സുൽത്താൻ സന്തോഷപൂൎവ്വം അവരുടെ അപരാധങ്ങളെ ക്ഷമിച്ചു മാപ്പുകൊടുത്തു. കൂടാതെ അവരിൽ യോഗ്യന്മാൎക്കു തക്കതായ ഉദ്യോഗങ്ങൾ നൽകുകയും—ദൈവാധീനത്താൽ അവിടെ ജനസംഖ്യാനുപാതികമായ ഉദ്യോഗവഴക്കുണ്ടായിരുന്നില്ല—റാഷിദ്ദിൻെറ കുടുംബത്തിലേയ്ക്കു് ഒരു ചെറിയ പെൻഷൻ അനുവദിച്ചുകൊടുക്കുകയും ചെയ്തു.

# പ്രാചീനദേശ സംജ്ഞാകോശം.

(പി. അനന്തൻപിള്ള എം. ഏ.)

**അഭീരം**—ഗുജ്ജരദേശത്തിന്റെ തെക്കുകിഴക്കേഭാഗം; നമ്മദാനദിയുടെ പതനസ്ഥലത്തിനു സമീപം; ഗ്രീക്കുകാർ അബേരിയ എന്നു വിളിച്ചുവന്നു; അഭീരന്മാരുടെ ദിക്ക് സിന്ധുനദിയുടെ കിഴക്കാണെന്നു ടാളമി രേഖപ്പെടുത്തിട്ടുണ്ട്. ഈ പ്രദേശത്തുകൂടി സിന്ധുനദി പ്രവഹിച്ചിരുന്നതായിട്ടാണു ബ്രഹ്മാണ്ഡപുരാണത്തിൽ കാണുന്നത്. മഹാഭാരതത്തിലാകട്ടെ അഭീരന്മാർ സരസ്വതീനദിയുടെ തീരപ്രദേശങ്ങളിൽ വസിച്ചിരുന്നതായിപ്പറയുന്നു. തപതീനദിമുതൽ കുറെദൂരം തെക്കോട്ടുവ്യാപിച്ചുകിടന്നിരുന്നതായിട്ടാണ് Sir Henry Elliot, Mr. W. H; Schoss എന്നീ പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത്. ബൈബിൾഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ആഫീർ ഈ പ്രദേശമെന്നത്രേ ലാസൻ പ്രസ്താവിക്കുന്നത്. താരാതന്ത്രത്തിൽ കൊങ്കണദേശവും കൂടി ഇതിലുൾപ്പെട്ടിരിക്കുന്നതായി പറഞ്ഞുകാണുന്നു.

**അഭിസാരാ**—പെഷവാർ നഗരത്തിന്റെ വടക്കുപടിഞ്ഞാറുള്ള ഒരു പ്രദേശം; അർജ്ജുനൻ കീഴടക്കിയതായി മഹാഭാരതം. കാശ്മീരത്തിലെ രാജപുരി ആയിരുന്നിരിക്കണം എന്ന് Dr. Stein.

**അച്ഛോദം**—കാശ്മീരരാജ്യത്തുള്ള ഒരു തടാകം; ബാണഭട്ടൻ കാദംബരിയിൽ സരസമായി വർണ്ണിച്ചിട്ടുള്ളത്; ബിൽഹണന്റെ വിക്രമാങ്കദേവചരിതത്തിലുമുണ്ട്; പുരാണപ്രസിദ്ധമായ സിദ്ധാശ്രമം ഇതിന്റെ തീരത്താണു സ്ഥിതിചെയ്തിരുന്നത്.

**അചിന്തം**—(Ajanta) മദ്ധ്യഇൻഡ്യയിലെ എല്ലോറയ്ക്കു അമ്പതുമൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. യോഗാചാൎയ്യമതസ്ഥാപകനായ അസംഗൻ ഇവിടെയാണു വസിച്ചിരുന്നത്. ക്രിസ്ത്വാബ്ദം 5,6, എന്നീ ശതാബ്ദങ്ങളിൽ പണിതതായി വിചാരിച്ചുവരുന്ന ബുദ്ധവിഹാരങ്ങൾക്കു കീൎത്തിപ്പെട്ടസ്ഥലം.

**അധിരാജം**—മഥുരയിൽവച്ചു ശ്രീകൃഷ്ണൻ കൊന്നതായി പത്മപുരാണത്തിൽ പറഞ്ഞിരിക്കുന്ന ദന്തവക്ത്രന്റെ രാജ്യം; സഹദേവൻ ഈ രാജ്യം കീഴടക്കിയതായി മഹാഭാരതത്തിൽ കാണുന്നു.

**അഗസ്ത്യാശ്രമം**—1. നാസികയിൽനിന്നും ഇരുപത്തിനാലുമൈൽ തെക്കുകിഴക്കുള്ള അഗസ്ത്യപുരി; 2. ബാംബേപ്രവിശ്യയിലുള്ള കോലപുരം എന്നു ചിലർ പറയുന്നു. 3. തിരുവിതാംകൂറിലെ അഗസ്ത്യകൂടം എന്ന പൎവ്വതത്തിലായിരുന്നു അഗസ്ത്യൻ വസിച്ചിരുന്നതെന്നു കാൾഡ്വെൽ. 4. ഗാർവാളിലെ രുദ്രപ്രയാഗത്തിനടുത്ത് അഗസ്ത്യമുനി എന്നൊരു ഗ്രാമമുള്ളതു ചിലർ നിർദ്ദേശിക്കുന്നു 5 വൈഡൂര്യപൎവ്വതമെന്നു മഹാഭാരതം.

**അഗ്രവനം**—(Agra) വ്രജമണ്ഡലത്തിലുൾപ്പെട്ട ഒരുവനം; വൈഷ്ണവസിദ്ധാന്തപ്രകാരം ചൈതന്യന്റെ ശിഷ്യന്മാരായ രൂപസനാതനന്മാർ ആണത്രെ വൃന്ദാവനം ഇവിടെയാണെന്നു സ്ഥാപിച്ചത്. മുഹമ്മദിയ രാജാവായ ബുലോൽലോഡി ഇപ്പോഴത്തെ നഗരം ഇവിടെ സ്ഥാപിച്ചു. മുകിലന്മാരിൽ

ചിലരെല്ലാം ഇവിടെ തലസ്ഥാനം ഉറപ്പിച്ചിരുന്നു. ഷാജഹാൻ ചക്രവൎത്തി പണിയിച്ച താജ്മഹാൾ ലോകപ്രസിദ്ധമാണല്ലൊ.

**അഹിച്ഛത്രം**— ബെയരില്ലിയ്ക്കു 20 മൈൽ പടിഞ്ഞാറുള്ള രാമനഗരം; ഉത്തരപാഞ്ചാലന്മാരുടെ തലസ്ഥാനം; മഹാഭാരതപ്രകാരം ഛത്രവതി എന്നും; ശിലാശാസനങ്ങളിൽ അധിച്ഛത്രമെന്നും; മഹാഭാരതം വനപൎവ്വത്തിൽ അധിച്ഛത്രം; ജൈനഗ്രന്ഥങ്ങളിൽ ജംഗാലരാജ്യത്തിന്റെ തലസ്ഥാനമായി കല്പിച്ചുകാണുന്നു.

**അഹോബലനൃസിംഹം**— മദ്രാസ് പ്രവിശ്യയിലെ കർണ്ണൂൽ ജില്ലയിലുള്ള ഒരു പുണ്യസ്ഥലം; ഗരുഡാദ്രിഗുഹയിലാണു നരസിംഹപ്രതിഷ്ഠ; ശങ്കരാചാൎയ്യരും ചൈതന്യസ്വാമിയും ഈ സ്ഥലം സന്ദൎശിച്ചിട്ടുണ്ട്.

**അജമതി**— ബംഗാളിലെ അജയനദി; മെഗാസ്തനീസ് പ്രകാരം അമിസ്ററിസ്; ഗാലവതന്ത്രത്തിൽ അജയ; ജയദേവന്റെ ജന്മസ്ഥലം ഈ നദീത്തീരത്താണ്.

**അളകാനന്ദ**— ഗംഗാനദിയുടെ ഒരു പോഷകനദി; വിഷ്ണുഗംഗയും സരസ്വതീഗംഗയും കൂടിച്ചേൎന്നതു്. ബദരീനാഥം വരെ ഇതിന്റെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുന്നതിന് Captain Raper സഞ്ചരിച്ചു. ഒടുവിൽ സ്കാന്ദപുരാണത്തിലെ വസുധാരയെന്നു തീൎച്ചപ്പെടുത്തി.

**ആളവി**— ഒരു പഴയ ബുദ്ധനഗരം. ഫാഹിയാൻ പ്രകാരം 'അലെ'; ഇതു നീവാൽ ആണെന്ന് General Cunningham, Dr Hoernle എന്ന പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പക്ഷേ നീവാൽ നവദേവകുലം (കാന്യകുബ്ജത്തിന് തെക്കുകിഴക്കു ള്ളതു്) ആണെന്നു ഹയൺസാങ്ങ് പറഞ്ഞിട്ടുണ്ട്. Dr Kern ന്റെ അഭിപ്രായത്തിൽ കോസലമഗധങ്ങളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നു എന്ന്; അഗ്ഗലവം എന്ന ചൈത്യവും അവിടെയുണ്ടത്രേ! ജെയിൻകാർ ആലഭി എന്നു വിളിച്ചിരുന്നു. കല്പസൂത്രത്തിൽ സൂചിപ്പിച്ചിരിക്കുന്ന ആലംഭികയും ഇതു തന്നെയാണ്; ബുദ്ധൻ പതിനാറാമത്തെ വയസ്സിൽ ഇവിടെ വസിച്ചിരുന്നു.

**അലക്സാന്ത്രിയ**— 1. പഞ്ചാബിൽ അലക്സാൻഡർ സ്ഥാപിച്ച ഉച്ചനഗരം; 2മെനാൻഡർ ജനിച്ചതായിപ്പറഞ്ഞുവരുന്ന സിന്ധുനദിയിലെ ഒരു ദ്വീപ്.

**അമലകഗ്രാമം**— താമ്രപൎണ്ണിനദിയുടെ തീരത്തുള്ള ഒരു പുണ്യസ്ഥലം; ചൈതന്യൻ സന്ദൎശിച്ചിട്ടുള്ളതാണ്. നരസിംഹപുരാണത്തിലെ 66-ാം അദ്ധ്യായത്തിൽ വളരെ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്.

**ആമ്രകൂടം**— (അമരകണ്ടകം) ഇതു നാഗപൂരിലെ മേകലപൎവ്വത്തിലാണെന്നും, നൎമ്മദാനദിയുടെ ഉൽപ്പത്തിസ്ഥാനമാണെന്നും പറഞ്ഞു കാണുന്നു. നൎമ്മദയ്ക്കു മേകലകന്യകാ എന്നമരകോശത്തിൽ പേരുണ്ടല്ലോ. കാളിദാസൻ മേഘസന്ദേശത്തിൽ "ത്വാമാസാരപ്രശമിതവനോപപ്ലവം സാധുമൂൎദ്ധ്നാ വക്ഷ്യത്യദ്ധ്വശ്രമപരിഗതം സാനുമാനാമ്രകൂടഃ" എന്നു വൎണ്ണിച്ചിരിക്കുന്നു. അതിന്റെ മഹത്വം സ്കാന്ദപുരാണത്തിലെ രേവാഖണ്ഡത്തിൽ വൎണ്ണിച്ചിട്ടുണ്ട്.

**അമരനാഥം**— ഹിമാലയപൎവ്വതനിരയിലെ ഭൈരവഘാതി മലയിലുള്ള പ്രസിദ്ധ ശിവക്ഷേത്രം; കൈലാസം എന്ന് അപരനാമധേയമുണ്ട്; അമരഗംഗ എന്ന ചെറുനദി അരികിൽ പ്രവഹിക്കുന്നു; അതിന്റെ തീരത്തുകൂടി പോയാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന

ഗ്ഗുഹയിൽ കയറാം. ശിവലിംഗം മഞ്ഞുകട്ടിയും ശിലാദ്രാവകവും കൂടിച്ചേൎന്ന കട്ടിയായതാണെന്ന് Dr Stein അഭിപ്രായപ്പെടുന്നു. ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങളനുസരിച്ച് ബിംബം വലുതാകയും ചെറുതാകയും ചെയ്യുന്നതായി ചിലർ പറയുന്നു. കറുത്തവാവുനാൾ ബിംബം അദൃശ്യമായിത്തീരുന്നുവത്രേ! ശ്രാവണമാസത്തിൽ അനവധി തീൎത്ഥയാത്രക്കാർ അവിടെ ചെന്നു ചേരുന്നുണ്ട്. ഹരനും പാൎവ്വതിയും പ്രാവുപക്ഷികളായി അന്നവിടെ വസിക്കുന്നതു് ആൎക്കും അത്ഭുതകരമായ കാഴ്ചയാണ് പോലും!

**അമരാവതി**—1. ജല്ലാലബാദിനു രണ്ടുമൈൽ പടിഞ്ഞാറുള്ള നഗരഹാരം; നക എന്നു ഫ്ഹിയാൻ; 2. അമരാവതീസ്തൂപം കൃഷ്ണാനദീതീരത്താണെന്നു ചിലർ അഭിപ്രായിപ്പെടുന്നു. അമരാവതി ചൈത്യത്തിന് ഹിയൻ സാങ്ങ് നൽകിയിരിക്കുന്ന പേര് പൂൎവ്വശൈല സംഘാരാമം എന്നാണ്. അമരാവതിയിലെ ബൌദ്ധശവകുടീരം പണിയിച്ചതു് എ. ഡി. 370-ൽ ബുദ്ധമതാവലംബികളായിരുന്ന ആന്ധ്രഭൃത്യരാജാക്കന്മാരാണെന്നു Sewel അഭിപ്രായപ്പെടുന്നു.

**അമരേശപുരം**—നൎമ്മദാനദിയുടെ തെക്കെത്തീരത്തെന്നു ശിവസ്കാന്ദപുരാണങ്ങൾ; ശിവമഹാലിംഗ പ്രതിഷ്ഠകളിലൊന്ന് ഇവിടെയാണെന്നു ശിവപുരാണം.

**അംബരം**—ജയപുരംരാജ്യം; അംബരിഷൻ സ്ഥാപിച്ചതെന്നു പുരാണം. അക്ബറുടെ ഭരണകാലത്തു് മാനസിംഹൻ ഇവിടെ ഒരു കൊട്ടാരവും ഉദ്യാനവും ഉണ്ടാക്കി; ഒരു ഭദ്രകാളിക്ഷേത്രവും ഉണ്ടു്.

**അംബഷ്ഠം**—ടാളമിപറഞ്ഞിട്ടുള്ള 'അംബുട്ടെ' വൎഗ്ഗക്കാരുടെ രാജ്യമാണ്. അലക്സാൻഡർ ഇൻഡ്യയെ ആക്രമിച്ചകാലത്തു് അവർ സിന്ധുദേശത്തുതാമസിച്ചിരുന്നതായി Mc Crindile അഭിപ്രായപ്പെടുന്നു.

**അമി**—ചപ്രയിൽ നിന്നും പതിനൊന്നു നാഴിക കിഴക്ക്; ഭവാനിക്ഷേത്രത്താൽ പ്രസിദ്ധം. കാളികാപുരാണപ്രകാരം സതീദേവിയുടെ ശരീരഭാഗങ്ങൾ പതിച്ച 52 പീഠങ്ങളിൽ ഒന്ന്.

**അനഹിലപട്ടണം**—ഉത്തരബറോഡയിൽ എ. ഡി. 746-ൽ വനരാജൻ സ്ഥാപിച്ചതു്. ഇവിടത്തെ കുമാരപാലൻെറ രാജധാനിയിലാണു ജൈനവയ്യാകരണൻ ഹേമചന്ദ്രൻ വസിച്ചിരുന്നതു്.

**ആനന്ദപുരം**—ഗുജറാററിൽ സിദ്ധപുരത്തിന് എഴുപതുമൈൽ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു; നാഗരബ്രാഹ്മണരുടെ സങ്കേതമായിരുന്നു; രണ്ടാം ധ്രുവസേനരാജാവിൻെറ തലസ്ഥാനമായി; അക്കാലത്തു് അതായതു് A. D. 411-ൽ അവിടെ താമസിച്ചിരുന്ന ഭദ്രബാഹുവാണ് കല്പസൂത്രത്തിൻെറ കൎത്താവു്.

**അനന്തനാഗം**— (Islamabad) കാശ്മീരത്തിൻെറ പ്രാചീന രാജധാനി. ജലംനദിയുടെ ദക്ഷിണതീരത്തു സ്ഥിതിചെയ്യുന്നു.

**അനന്തശയനം**— തിരുവിതാംകൂറിൻെറ തലസ്ഥാനമായ തിരുവനന്തപുരം; ശ്രീ പത്മനാഭസ്വാമിയുടെ പ്രതിഷ്ഠയോടു കൂടിയ ക്ഷേത്രമുള്ളതുകൊണ്ടാണ് ഈ പേര്.

**ആനൎത്തം**—1. ഗുജറാററും മാളവരാജ്യത്തിൻെറ ഒരു ഭാഗവും കൂടിച്ചേൎന്ന പ്രദേശം; 2. ഉത്തരഗുജ്ജരം; സ്കാന്ദപുരാണപ്രകാരം ഇതിൻെറ തലസ്ഥാനം ആനൎത്തപുരമായിരുന്നു.

**ആന്ധ്രം**—ഗോദാവരീകൃഷ്ണാനദികൾക്കുമദ്ധ്യേയുള്ള രാജ്യം; കൃഷ്ണാനദിമുഖത്തുള്ള ധനകടകം അഥവാ അമരാവതിയായിരുന്ന തലസ്ഥാനം എന്ന് ഹ്യൻസാങ് രേഖപ്പെടുത്തിട്ടുണ്ട്.

**അംഗം**—ആധുനിക ഭഗൽപ്പൂരത്തിനു ചുററുമുള്ള രാജ്യം; തലസ്ഥാനം ചംപാപുരി ആയിരുന്നു. രാമായണകാലത്തു രോമപാദനും മഹാഭാരതകാലത്ത് കർണ്ണനും ഈ രാജ്യം ഭരിച്ചിരുന്നു. ഇതിൻെറ ഉൽപ്പത്തിയെപ്പററി രാമായണത്തിൽ "അറിയാതേ പുരവൈരിയെയനൊയ്ക്കതിനാൽ വെന്തിവിടേ വെണ്ണീറായ് തറമേൽ അംഗമനംഗനു വീണിതു സഹസാദേശവുമംഗമിതതിനാൽ" കണ്ണശ്ശൻ. എന്നു പറഞ്ഞിരിക്കുന്നു. ബി. സി. ആറാംശതകത്തിൽ ബിംബിസാരൻേറയും എ. ഡി. എട്ടാംശതകത്തിൽ പാലവംശത്തിൻേറയും അധീനതയിലായി. ഈ രാജ്യത്ത് അനവധി പുണ്യസ്ഥലങ്ങളുള്ളവയിൽ ഋശ്യശൃംഗാശ്രമം, കർണ്ണകോട്ട, ചംപാപുരി, ജഹ്നാശ്രമം, മോദഗിരി (Monghir), മന്ദരപർവ്വതം, എന്നിവ അതി വിശിഷ്ടങ്ങളാകുന്നു. അഥർവ്വസംഹിതയിലാണ് ഈ രാജ്യസംജ്ഞ ആദ്യമായിക്കാണുന്നത്.

**അംഗലൌകികം**—അലക്സാൻഡരുടെ ചരിത്രകാരന്മാർ അഗലാസിയന്മാർ എന്നു പറഞ്ഞുകാണുന്ന അംഗലൌകികന്മാർ വസിച്ചിരുന്ന രാജ്യം; ഈ രാജ്യത്തെപ്പററി ബ്രഹ്മാണ്ഡപുരാണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

**അഞ്ജനഗിരി**—പഞ്ചാബിലുള്ള സുലൈമൻ പർവ്വതനിര. (വരാഹപുരാണം. അ. 80)

**അനോമാ**—ഗോരക്ഷപുരത്തുള്ള ഔമീനദി (Cunningham) പിതൃഗൃഹം വിട്ടുപോയ ബുദ്ധഭഗവാൻ ചണ്ഡൌലി എന്ന സ്ഥലത്ത് ഈ നദിയെ തരണംചെയ്തു. അവിടെവച്ച് ഛന്ദകൻ ഭഗവാൻെറ കുതിരയേയുംകൊണ്ടു കപിലവസ്തുവിലേയ്ക്കു തിരികെപ്പോയി. (അശ്വഘോഷൻ); (Carlleyle എന്ന പണ്ഡിതൻ ഈ നദി അയോദ്ധ്യാരാജ്യത്താണെന്നു പറഞ്ഞിരിക്കുന്നു.

**അനോതത്ത**—(അനവതപ്ത) — ലങ്കയിലുള്ള 'രാവണഹ്രദ' സരസ്സ്; Spence Hardy എന്ന പണ്ഡിതൻ ഇതൊരു സങ്കല്പസൃഷ്ടിമാത്രമാണെന്നു പറയുന്നു (Legends of Buddhists)

**അന്തഗ്ഗിരി**—ബംഗാളിലെ സന്താൽ പർഗന എന്ന ജില്ലയിലുള്ള രാജമഹാൾ പർവ്വതനിര എന്ന് മത്സ്യ മാർക്കണ്ഡേയപുരാണങ്ങളിൽ കാണുന്നു.

**അന്തരവേദം**—ഗംഗാ യമുനകൾക്കുമദ്ധ്യേയുള്ള ഒരു പ്രദേശമെന്നു ഹേമകോശവും ഭവിഷ്യപുരാണവും.

**അനുമുകുന്ദപുരം**— തെലിംഗാനയുടെ പ്രാചീനതലസ്ഥാനമായിരുന്ന വാറംഗൽ (Mackenzie collection.) രുദ്രദേവരാജാവിൻെറ തലസ്ഥാനമായിരുന്ന ചോഴഗംഗയെന്നു ചിലർ; ടാളമിയുടെ Korunkola എന്നു Cunningham; അക്ഷലിംഗപുരമെന്നും ഈ പണ്ഡിതൻെറ അഭിപ്രായമുണ്ട്.

**അനൂപദേശം**—ദക്ഷിണമാളവം; ഹേഹയം, മാഹിഷകം എന്നും പേരുകളുണ്ടെന്നു ശിവപുരാണം. മാഹിഷ്മതിയായിരുന്നു തലസ്ഥാനം (രഘുവംശം).

**അനുരാധപുരം**— സിലോൺ ദ്വീപിൻെറ പണ്ടത്തെ തലസ്ഥാനം; ബുദ്ധഗയയിൽനിന്നും ബോധിവൃക്ഷശാഖ കൊണ്ടുവന്ന്

മഹിന്ദനും സഹോദരി സംഘമിത്രയും കൂടി നട്ടതു് ഇവിടെയാണു്. അവരെ ബുദ്ധമത പ്രചരണാൎത്ഥം ദ്വീപിലേയ്ക്കു് അശോക ചക്രവൎത്തി അയച്ചതായി ചരിത്രം ഘോഷിക്കുന്നു. മഹാവീരത്തു് ഈ മരം ഇന്നും നിൽക്കുന്നതു കാണാം. ബുദ്ധദേവന്റെ പല്ലും ഇവിടെ കൊണ്ടുവന്നു് ബി. സി. 250_ൽ ധാതുഗൎഭത്തിൽ സ്ഥാപിക്കയുണ്ടായി. മഹാവംശം എന്ന ബുദ്ധമതഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള പ്രസിദ്ധ വിഹാരങ്ങളെല്ലാം ഇവിടെയുള്ളതാണു്.

**അണ്ണം**—പെഷവാർ ജില്ലയിലുള്ള റാണിഘട്ടം എന്നു Cunningham; മഹാവനപൎവ്വതത്തിലെന്നു് Abbot; വരണം എന്നതിന്റെ തത്ഭവമായിരിക്കണം; ബെരണ എന്നൊരു സ്ഥലം സിന്ധുനദീതീരത്തു് ഇപ്പോഴുമുണ്ടു്.

**അപഗ**—Afghanistan.

**ആപഗ**—പഞ്ചാബിലെ രവിനദിക്കുപടിഞ്ഞാറു്; കുരുക്ഷേത്രത്തിനടുത്തുള്ള ഒരു നദിയെന്നു വാമനപുരാണം; ഋഗ്വേദത്തിലെ 'ആപയ' ആണെന്നു ചിലർ ഊഹിക്കുന്നു.

**അപരാന്തകം**—കൊങ്കണദേശവും മലബാറും കൂടിച്ചേൎന്നതെന്നു മാൎക്കണ്ഡേയപുരാണം; ടാളമിപ്രകാരം നൎമ്മദമുതൽ വ്യാപിച്ചിരുന്ന അരിയാക്കെ; മുരളാനദിക്കു തെക്കെന്നു രഘുവംശം; ശൂൎപ്പാരകം തലസ്ഥാനമായിരുന്ന ഉത്തരകൊങ്കണമെന്നു് R. G. Bhandarkar; സാമാന്യമായി ഇൻഡ്യയുടെ പശ്ചിമതീരത്തിനുള്ള പേരെന്നു് Bhagavanlal; കൌടില്യന്റെ അൎത്ഥശാസ്ത്രവ്യാഖ്യാതാവായ ഭട്ടസ്വാമി കൊങ്കണമെന്നു തീൎച്ചപ്പെടുത്തുന്നു; ശൂൎപ്പാരകം അപരാന്തകത്തിലെന്നു ബ്രഹ്മപുരാണം; സഹ്യനും സമുദ്രത്തിനും ഇടയ്ക്കുള്ള പ്രദേശമെന്നു കാളിദാസൻ. മാഹിമുതൽ ഗോവ വരെ എന്നു് ബാംബേഗസററു്.

**ആരാമനഗരം**—അരാഡമെന്നു് Dr. Hoey; ബുദ്ധഗുരുവായ അരാഡകാലാമൻ ജീവിച്ചിരുന്ന സ്ഥലം.